2022 NOVEMBER
VOL 21
ISSUE 11
PAGE 48
PRICE ₹50


# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക




**JESUS YOUTH**
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH


www.jykairosmedia.org



## എല്ലാ ആത്മാക്കളുടെയും ദിനം
**All Souls' Day** - November 2

സകല മരിച്ച വിശ്വാസികളുടെയും ദിനമാണ് നവംബർ 2. ലോകമെങ്ങുമുള്ള കത്തോലിക്കരും മറ്റു പല ക്രിസ്തീയ വിഭാഗങ്ങളും വർഷംതോറും നവംബർ 2-ന്റെ തലേന്ന് വൈകീട്ട് കുഴിമാടങ്ങൾ പൂക്കൾ കൊണ്ടലങ്കരിച്ചും മെഴുകുതിരികൾ കത്തിച്ചും ആചരിക്കുന്നു. 2ന് പ്രത്യേക കുർബാനകളും, പ്രാർഥനയും, മാധ്യസ്ഥവും, ദാനധർമങ്ങളും, സെമിത്തേരി സന്ദർശനങ്ങളും നടത്തിക്കൊണ്ട് ശുദ്ധീകരണാത്മാക്കളെ അനുസ്മരിക്കുകയും അവർക്ക് ആശ്വാസം നേടിക്കൊടുക്കുകയും ചെയ്യുന്നു.

*(ഒരു നവംബർ 2ന് ഇറ്റലിയിലെ സിസിലിറോം അമേരിക്കൻ സെമിത്തേരിയിൽ ഫ്രാൻസിസ് മാർപാപ്പ റോസാപ്പൂക്കൾ വയ്ക്കുന്നതാണ് ചിത്രം)*

## എഡിറ്റേഴ്സ് റൂം

അഡ്വ. കെ.ജെ. ജോൺസൺ

# തോൽവി അനുഗ്രഹമാക്കാം



"യാക്കോബ് മാത്രം ഇക്കരെ നിന്നു. അവിടെ വച്ച് ഒരാൾ നേരം പുലരുന്നതുവരെ അവനുമായി മൽപിടിത്തം നടത്തി. കീഴടക്കാൻ സാധ്യമല്ലെന്നു കണ്ടപ്പോൾ അവൻ യാക്കോബിന്റെ അരക്കെട്ടിൽ തട്ടി. മൽപിടിത്തത്തിനിടയിൽ യാക്കോബിന്റെ തുട അരക്കെട്ടിൽനിന്നും തെറ്റി. അവൻ പറഞ്ഞു: നേരം പുലരുകയാണ്, ഞാൻ പോകട്ടെ. യാക്കോബ് മറുപടി പറഞ്ഞു. എന്നെ അനുഗ്രഹിച്ചിട്ടല്ലാതെ അങ്ങയെ ഞാൻ വിടുകയില്ല." ബൈബിളിൽ ആദ്യഗ്രന്ഥമായ ഉത്പത്തിയിൽ മനോഹരമായി വരച്ചു കാട്ടുന്ന ഒരു കഥാപാത്രമാണ് യാക്കോബ്. തോൽപ്പിക്കപ്പെടുമെന്നും, നശിപ്പിക്കപ്പെട്ടുവെന്നും, ഒറ്റപ്പെട്ടുവെന്നും തോന്നുമ്പോൾ ചിന്തിക്കാവുന്ന വ്യക്തിത്വമാണ് യാക്കോബിന്റേത്. തോൽപ്പിക്കപ്പെടുമ്പോൾ അതിനു കാരണക്കാരായവരോട് എടുക്കേണ്ട മനോഭാവമാണ് യാക്കോബ് എന്ന വ്യക്തിയുടെ പേരുമാറ്റത്തിനുപോലും കാരണമായത്.

പിതാവിന്റെ മദ്യപാനം മൂലം സമ്പത്തും വീടും എല്ലാം നഷ്ടപ്പെട്ട ജാക്ക് താമസിച്ചിരുന്നത് അമ്മയുടെ അനുജത്തിയുടെ കൂടെയാണ്. അമ്മയുടെ അനുജത്തിയുടെ ഭർത്താവ് തോമസ്, കിട്ടാവുന്ന സന്ദർഭങ്ങളിൽ അവനെ കളിയാക്കുമായിരുന്നു. ഹൃദയത്തിൽ കഠിനമായ ദുഃഖത്തോടെയാണ് അവൻ അവിടെ കഴിഞ്ഞിരുന്നത്. ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ സമയം വിദേശത്തേക്ക് ജോലിക്ക് പോകാൻ ഒരവസരം ലഭിച്ചു. യാത്രയ്ക്കു പുറപ്പെടുന്ന സമയം അവൻ തോമസിന്റെ മുൻപിൽ മുട്ടുകുത്തി അനുഗ്രഹത്തിനായി യാചിച്ചു. കളിയാക്കുന്ന വിധത്തിലാണ് അയാൾ അവനെ അനുഗ്രഹിച്ചത്. വർഷങ്ങൾക്കു ശേഷമാണ് ജാക്ക് വിദേശത്തുനിന്ന് തിരിച്ചു വന്നത്. വലിയ സാമ്പത്തിക സ്ഥിതിയിൽ അവൻ എത്തപ്പെട്ടിരുന്നു. വിലയേറിയ സമ്മാനങ്ങൾ തോമസ് അങ്കിളിനായി അവൻ കൊണ്ടുവന്നു. അതു സ്വീകരിക്കുന്ന സമയം അയാളുടെ കണ്ണുകൾ നിറഞ്ഞു കവിയുകയായിരുന്നു.

നമ്മെ ശപിക്കുന്നവരും അവഹേളിക്കുന്നവരും നമ്മുടെ ശത്രുക്കളല്ല. ചില സാഹചര്യങ്ങളുടെ സൃഷ്ടികൾ മാത്രമാണവർ. അവരോട് വൈരാഗ്യം പുലർത്താതിരുന്നാൽ മാത്രമേ ദൈവത്തിന്റെ അനുഗ്രഹങ്ങൾ നമ്മിൽ എത്തിച്ചേരുകയുള്ളൂ.

I.S.R.O.-യിലെ ചില പരീക്ഷണങ്ങൾ പരാജയപ്പെട്ട് വ്രണിത ഹൃദയനായി ഹിമാലയത്തിലെ ഏകാന്തതയിലേക്കു യാത്ര തിരിച്ച അബ്ദുൾ കലാമിനോട് വഴിയിൽ കണ്ടുമുട്ടിയ ഒരു സന്യാസി പറഞ്ഞു. പഴയത് വിട്ടുകളയുക, പുതിയ പാത തിരഞ്ഞെടുക്കുക. അന്നുവരെ അനുഭവിച്ച കയ്പുനീരിന്റെ നോവുകളെ ഉപേക്ഷിച്ച് പുതിയ ചിന്തകളോടെ പ്രവർത്തനം തുടങ്ങിയ അബ്ദുൾ കലാമിന്റെ ജീവിതം പിന്നീട് ചരിത്രമാകുകയായിരുന്നു. ജീവിതത്തിലെ ദുരവസ്ഥകൾ ഒന്നും സ്ഥായിയായിട്ടുള്ളതല്ല. മറിച്ച് ജീവിതയാത്രയുടെ മാറ്റു കൂട്ടുന്ന സുന്ദരമായ സന്ദർഭങ്ങൾ മാത്രം.

ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ പീഡിപ്പിക്കുന്നവർക്ക് വേണ്ടി പ്രാർഥിക്കുവിൻ. ക്രിസ്തുവിന്റെ ഈ വചനം ഒരു ദുർബലതയല്ല മറിച്ച് ജീവിത യാത്രകളെ പ്രകാശപൂരിതമാക്കുന്ന, ആനന്ദഭരിതമാക്കുന്ന മന്ത്രണമാണ് ||

എഡിറ്റർ-ഇൻ-ചീഫ്
jjadvocatesjy@gmail.com

# ഉള്ളടക്കം




**06**
ദൈവത്തിന്റെ ചങ്ക്
മാർട്ടിൻ എൻ. ആന്റണി

**10**
**വെല്ലുവിളികൾ ഉയരുമ്പോഴാണ് നമ്മൾ ഒത്തുകൂടുന്നത്**
ഡോ. എഡ്‌വേർഡ് എടേഴത്ത്

**13**
**യുവകുടുംബങ്ങൾക്കു വേണം ഓക്സിജൻ പാക്കേജ്**
എൽസീന ജോസഫ്

**16**
**ദാമ്പത്യ 'രഹസ്യങ്ങൾ'**
ഷൈജൻ പോൾ

**20**
**കായൽക്കരയിലെ കോഫീ ഷോപ്പിൽ**

**26**
**ക്ഷണിച്ചു വരുത്തുന്ന അപകടങ്ങൾ**
സാജൻ സി. എ

**28**
**ന്യൂസ് ഹൈലൈറ്റ്സ്**
സണ്ണി കോക്കാപ്പിള്ളിൽ

**30**
**നമുക്കിടയിലെ വിശുദ്ധർ**
ജോബി ബേബി

**32**
**നാട്ടിലെ അപ്പനമ്മമാർ**
കുഞ്ഞുമോൻ ജേക്കബ്

**33**
**മൊകാമ**
ബ്ലെസ്സൻ തോമസ്

**34**
**All Go Rhythm**
റിനോയ് ശിവാനന്ദൻ

**36**
**ജീസസ് യൂത്ത് പ്രതിമാസ വിചിന്തനം**

**38**
**സിനി ടോക്സ് - ലൂനാന**
ശരത് വെൺപാല

**40**
**ടീൻസ്പിരിറ്റ്/ചർച്ച് & സയൻസ്**
ജൂഹി എൽസ് ജി. & സിന്റോ വി. വർഗീസ്

**41**
**വലിയൊരാഗ്രഹം**
ജോയിഷ് ജോർജ്

**42**
**വാർത്താവിചാരം**
സണ്ണി കോക്കാപ്പിള്ളിൽ

**44**
**സ്മാർട്ട് കിഡ്സ് - വ്യാധ മാലാഖ**
വെങ്കി & സി. ജിയ എം.എസ്.ജെ

**46**
**വഴുതന മാത്തൻ - കാർട്ടൂൺ**
സിനിൽ കെ.ജെ



## കെയ്റോസ് KAIROS • 2022 NOVEMBER • VOL 21 • ISSUE 11 • PAGE 48

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Shoji Vechoorkarottu *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Executive Director**
John Sunny 9400686781 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editor**
Sunny Kokkappillil 9446890744

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Joby Joseph Ontario +1 2899 686 074
***East Timor*** Sr. Julie Antony +670 77827618 +91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Jijomon T C, Doha +974 3045 2347
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org
**Office** Smitha Jose: smitha.jose@jykairosmedia.org

Kairos MEDIA

**Mailing Address**
*INDIA:* 8/174, Navodaya Studio Complex, Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org +91 484 2984327

*USA:* Kairos International Inc., 3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org +1 832 592 3675

www.jykairosmedia.org Facebook.com/Readkairos Twitter.com/kairosmalayalam

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com


കെയ്റോസ് മലയാളം / കെയ്റോസ് ഗ്ലോബൽ / ബഡ്സ് ലഭിക്കാൻ

| Online (Malayalam) | Online (English) | Print (Malayalam, English, Buds) |
|---|---|---|

ഉള്ളടക്കം



18

## തങ്ങൾക്ക് ചില പ്രശ്നങ്ങളുണ്ടെന്നു തുറന്നു പറയാൻ സ്വാതന്ത്ര്യം തോന്നുന്ന ഇടങ്ങൾ വേണം

ഡോ. ചാക്കോച്ചൻ ജെ. ഞാവള്ളിൽ

22

## ദയാ ദാനിലെ കുഞ്ഞു നക്ഷത്രങ്ങൾ

ബിനു മാത്യൂസ്




**കെയ്റോസിന് ബാങ്കുവഴി പണമടയ്ക്കുവാൻ:**

KAIROSE TRUST, A/c No. 14690200009621
IFSC- FDRL0001469 / FEDERAL BANK,
KAKKANAD, SEAPORT - AIRPORT ROAD



**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ
സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.
കാക്കനാട്, കൊച്ചി 682030
0484 2984327  94465 63335
kairosmag@jykairosmedia.org







മാർട്ടിൻ എൻ. ആന്റണി

# ദൈവത്തിന്റെ മൗനം

**നിറഞ്ഞ പ്രണയം ഉള്ളിൽ കൊണ്ടുനടക്കുന്ന ദൈവത്തെ കാണാതെ പോകുന്നതാണ് നമ്മുടെയൊക്കെ ദുരന്തം. ബൈബിളിലെ ഉപമകളിൽ ചിലത് പ്രണയാർദ്രമായ ദൈവത്തിന്റെ മുഖം നമുക്ക് മുന്നിൽ അനാവരണം ചെയ്യുന്നുണ്ട്.**

കരുണയുടെ ഉപമകൾ (ലൂക്കാ 15,1-33). മരുഭൂമിയിൽ അലഞ്ഞു നടക്കുന്ന ഒരിടയൻ. നഷ്ടപ്പെട്ട നാണയം കണ്ടെത്തുന്നതുവരെ വീട്ടിലുള്ള എല്ലാം തകിടം മറിക്കുന്ന ഒരു സ്ത്രീ. വഴിക്കണ്ണോടെ കാത്തിരിക്കുന്ന ഒരു പിതാവ്. കരുണയുടെ പരിമളം വിതറുന്ന മൂന്ന് ഉപമകളിലെ കഥാപാത്രങ്ങളാണിവർ. ഈ ഉപമകളെ വേണമെങ്കിൽ സുവിശേഷത്തിനുള്ളിലെ സുവിശേഷം എന്ന് വിളിക്കാം. ഈ ഉപമകളുടെ വശ്യമായ സൗന്ദര്യം ഇതിലെ ഓരോ പദങ്ങളിലും വരികളിലും വ്യാകരണത്തിലും പോലും നിറഞ്ഞു നിൽക്കുന്ന ദൈവത്തിന്റെ മുഖമാണ്.

സുവിശേഷം തുടങ്ങുന്നത് പാപികളോടും ചുങ്കക്കാരോടുമുള്ള യേശുവിന്റെ സൗഹൃദത്തിന്റെ ആൽക്കമി വർണിച്ചുകൊണ്ടാണ്. യേശുവിന് അവരോടൊപ്പമായിരിക്കുമ്പോഴുള്ള ഒരു ഭവനാത്മകത മറ്റ് ആരിൽ നിന്നും അനുഭവിക്കുന്നില്ല എന്നകാര്യം ലൂക്കായുടെ സുവിശേഷം മനോഹരമായി പലയിടങ്ങളിലും ചിത്രീകരിക്കുന്നുണ്ട്. ചില ബന്ധങ്ങളുടെ ഊഷ്മളത കാണുമ്പോൾ ഉള്ളിൽ തമസ്സുള്ളവർക്ക് അസ്വസ്ഥതയുണ്ടാകും. അങ്ങനെയുള്ളവർ പിറുപിറുക്കും. പിന്നീടത് കപട സദാചാരത്തിന്റെ നിയമങ്ങളായി തീരുകയും ചെയ്യും. അതുകൊണ്ടാണ് യേശു ഒന്നിനു പിറകെ ഒന്നായി ജീവിതത്തിന്റെ അർഥതലങ്ങൾ വ്യക്തമാക്കുന്ന മൂന്ന് ഉപമകൾ പറയുന്നത്: നഷ്ടപ്പെട്ട ആട്, നഷ്ടപ്പെട്ട നാണയം, വീടുവിട്ടിറങ്ങിയ ഒരു മകനും അവന്റെ സ്വയം നഷ്ടപ്പെടലും. നഷ്ടപ്പെടലിന്റെ കഥയാണ് ഉപമകൾ പറയുന്നത്. ഒപ്പം വേദനയനുഭവിക്കുന്ന ദൈവത്തിന്റെ ചിത്രവും അവന്റെ അന്വേഷണവും അവസാനം കണ്ടെത്തി കഴിയുമ്പോഴുള്ള സന്തോഷവുമെല്ലാം ഹൃദയസ്പർശിയായി സുവിശേഷകൻ ചിത്രീകരിക്കുന്നു.



A mural painting of Jesus Christ as the Good Shepherd

ആടിനോടുള്ള ഇടയന്റെ തീവ്രമായ സ്നേഹത്തിന്റെ ഉപമയാണ് ആദ്യത്തേത്. മരുഭൂമിയിലെ കല്ലുകളുടെയും മുള്ളുകളുടെയുമിടയിൽ അവൻ ആടിനെ അന്വേഷിച്ചു നടക്കുന്നു. വലിയൊരു സന്ദേശം ഈ ചിത്രം നൽകുന്നുണ്ട്. നമ്മൾ ദൈവത്തെ നഷ്ടപ്പെടുത്തിയാലും അവൻ ഒരിക്കലും നമ്മെ നഷ്ടപ്പെടുത്തുന്നില്ല. നഷ്ടപ്പെട്ട ആടല്ല ഇടയനെ കണ്ടെത്തുന്നത്. ഇടയനാണ് അതിനെ കണ്ടെത്തുന്നത്. അത് ആലയിലേക്ക് മടങ്ങുകയായിരുന്നില്ല, അകലുകയായിരുന്നു. ഇടയൻ അകന്നു പോയതിനെ ശാസിക്കുന്നില്ല. ശിക്ഷിക്കുന്നുമില്ല. ചുറ്റിനും പതിയിരിക്കുന്ന അപകടങ്ങളിൽനിന്നും ആടിനെ ജീവനോടെ കിട്ടിയല്ലോ, അതാണ് അവന്റെ ആശ്വാസം. പിന്നീടുള്ള ചിത്രം തീർത്തും തരളിതമാണ്. അവൻ ആ ആടിനെ തോളത്ത് ചുമന്നു കൊണ്ടു വരുന്നു. അകന്നുപോയ ആ ആട് തീർത്തും അവശയാണ് എന്നവനറിയാം. ആലയിലേക്കുള്ള മടങ്ങിവരവിൽ വഴിയിൽ അത് തളർന്നു വീഴരുത്. അതിനാൽ അവൻ അതിനെ തോളിലേറ്റുന്നു. എത്ര സുന്ദരമാണീ കാഴ്ച. നോക്കുക, അവനിൽ നിന്നും അകന്നു പോയി എന്ന തെറ്റിന് ദൈവം അത്ര വലിയ പ്രാധാന്യം കൊടുക്കുന്നില്ല. മറിച്ച്, അവന്റെ ഉത്കണ്ഠ നമ്മൾ തളർന്നു വീഴാതിരിക്കുകയെന്നതാണ്.

യേശു ഒത്തിരി പേർക്ക് സൗഖ്യം നൽകുന്നതായിട്ട് സുവിശേഷങ്ങൾ ചിത്രീകരിക്കുന്നുണ്ട്. പക്ഷേ, ആരെയും ഒരു സാമ്പ്രദായികമായ ഘടനയിലേക്ക് ചേർത്തുനിറുത്താനോ, ചില നിയമങ്ങൾ പാലിക്കുന്നവരാക്കാനോ അവൻ നിർബന്ധിക്കുന്നില്ല. അവരെ മാനവികതയുടെ പൂർണതയിലേക്ക് പിടിച്ചുയർത്തുകയാണവൻ. ദൈവികാനുഭവത്തിന്റെ സന്തോഷത്തിലേക്ക് നയിക്കുകയാണ്. ഓർക്കുക, ദൈവം നിന്നെ കണ്ടെത്തുന്നത് നിന്റെ കുറവുകളെയും ദൗർബല്യങ്ങളെയും പർവതീകരിച്ച് ഏതെങ്കിലും ഒരു സമ്പ്രദായത്തിന്റെ ചുറ്റളവിൽ നിറുത്തുന്നതിന് വേണ്ടിയല്ല. മറിച്ച് അതിരുകളില്ലാത്ത സ്വാതന്ത്ര്യത്തിന്റെ പൂർണതയനുഭവിക്കുന്നതിനാണ്.

ദൈവത്തിന്റെ ആകുലത നാണയം നഷ്ടപ്പെട്ട വീട്ടമ്മയുടെതുപോലെയാണ്. നഷ്ടപ്പെട്ടത് സാധാരണ ഒരു നാണയമല്ല. മൂല്യമുള്ളത് തന്നെയാണ്. അവൾ വിളക്കു തെളിക്കുന്നു. വീട് മുഴുവനും അടിച്ചു വാരുന്നു. പോട്ടെ സാരമില്ല, ഇനി എപ്പോഴെങ്കിലും മുറികൾ വൃത്തിയാക്കുമ്പോൾ കിട്ടുമെന്ന് വിചാരിച്ച് അവൾ അന്വേഷണത്തെ മാറ്റിവയ്ക്കുന്നില്ല. മറിച്ച് മുറിയുടെ ഏതോ ഒരു ഇരുൾ മൂലയിൽ നിന്നും അവൾ ആ നാണയത്തെ കണ്ടെത്തുന്നു. ഈയൊരവസ്ഥ നമ്മിലും സംഭവിക്കുന്നുണ്ട്. നമ്മിൽ ഉണ്ടായിരുന്ന ഒത്തിരി നന്മകൾ ഹൃദയമാകുന്ന ഭവനത്തിന്റെ ഏതോ കോണിൽ പൊടിപിടിച്ചു കിടക്കുന്നുണ്ട്. വീട്ടമ്മയാകുന്ന ദൈവം അതിനുള്ളിലേക്ക് ഒന്ന് പ്രവേശിക്കട്ടെ. മറഞ്ഞുകിടക്കുന്ന എല്ലാ നന്മകളും അവൾ പുറത്തെടുത്ത് ആഘോഷമാക്കും.

**ദൈവം നിന്നെ കണ്ടെത്തുന്നത് നിന്റെ കുറവുകളെയും ദൗർബല്യങ്ങളെയും പർവതീകരിച്ച് ഏതെങ്കിലുമൊരു സമ്പ്രദായത്തിന്റെ ചുറ്റളവിൽ നിറുത്തുന്നതിന് വേണ്ടിയല്ല. മറിച്ച് അതിരുകളില്ലാത്ത സ്വാതന്ത്ര്യത്തിന്റെ പൂർണത അനുഭവിക്കുന്നതിനാണ്.**

നഷ്ടപ്പെടാൻ ഇനി ഒന്നുമില്ലാത്ത ഒരു പിതാവ്. ഒരു പുത്രൻ ഭവനം ഉപേക്ഷിച്ചു നടന്നിറങ്ങിയതേയുള്ളൂ, അവന്റെ ഭവനം മൂകമായി കഴിഞ്ഞു. അകന്നുപോയ ആ മകന്റെ മേൽ ഒരു കുറ്റവും പിതാവ് ആരോപിക്കുന്നില്ല. മറിച്ച് അവനോടുള്ള സ്നേഹത്തിന്റെ വലിയൊരു നിധി ഹൃദയത്തിൽ സൂക്ഷിച്ച് അവനായി കാത്തിരിക്കുകയാണ്. അവൻ കുഞ്ഞല്ല, പക്വതയുള്ളവനാണ്, പ്രായപൂർത്തിയായവനാണ്. ഇന്നല്ലെങ്കിൽ നാളെ ഒരു തിരിച്ചറിവ് ഉണ്ടാകും. അന്നവൻ വരും. അങ്ങനെ ഒരു നാൾ അവൻ തിരിച്ചു വരുന്നു. അന്ന് ആ വൃദ്ധ പിതാവ് ഓടുന്നുണ്ട്. മകനെ ചേർത്തു നിറുത്താനും ആലിംഗനം ചെയ്യാനും. മകന്റെ ഒരു ക്ഷമാപണവും ആ പിതാവിന് വേണ്ട, അവനെ മാത്രം മതി. മകനുവേണ്ടി കാത്തിരുന്ന ആ പിതാവ് അവന്റെ സന്തോഷം മാത്രമാണ് ആഗ്രഹിക്കുന്നത്.

മൂന്നു ഉപമകളുടെയും ക്ലൈമാക്സ് ആനന്ദത്തിന്റെയും ആഘോഷത്തിന്റെയും ചിത്രമാണ്. സ്വർഗത്തിലെ സന്തോഷമാണ് അവിടെ ചിത്രീകരിക്കുന്നത്. എവിടെ നിന്നാണ് ഈ ആനന്ദം ഉത്ഭവിക്കുന്നത്? അത് ജനിക്കുന്നത് സ്നേഹത്തിൽ നിന്നാണ്. ഉത്തമഗീതത്തിലെ പ്രണയിനിയെ പോലെയാണ് ദൈവം. അവൻ അന്വേഷിക്കുകയാണ്, 'കണ്ടോ, നിങ്ങളെൻ പ്രാണപ്രിയനെ?'

ഞാനും നീയുമാണ് ദൈവത്തിൽ നിന്നും അകന്നുപോയ ആ പ്രണയി. അവൻ ഇന്നും അന്വേഷിച്ചു നടക്കുകയാണ്. ഇനി അവനിൽ നിന്നും ഓടിയൊളിക്കേണ്ടതില്ല. ആ ഭവനത്തിലേക്ക് നമുക്ക് തിരിച്ച് പോകാം ll




Subscribe!
to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds



ഡോ. എഡ്വേർഡ് എടേഴത്ത്

# വെല്ലുവിളികൾ ഉയരുമ്പോഴാണ് നമ്മൾ ഒത്തുകൂടുന്നത്

## ജീസസ് യൂത്തും സിനഡൽ പാതയും – 2

ഒരു സുപ്രധാന പ്രശ്നവുമായാണ് സുരേഷ് കാണാൻ വന്നത്. “നമ്മുടെ മുതിർന്ന യുവാക്കളിൽ പലരും ഈ നഗരത്തിൽ വരുന്നുണ്ട്; പക്ഷേ, മുന്നേറ്റവുമായി അവർ ബന്ധപ്പെടുന്നില്ല.” അവരൊക്കെ സ്വന്തം പ്രദേശങ്ങളിൽ സജീവ നേതാക്കളായിരുന്നു; എന്നാൽ, ജോലിക്കും പഠനത്തിനുമായി നഗരത്തിൽ എത്തിയപ്പോൾ തങ്ങളുടെ ‘ആദ്യ പ്രണയം‘ ഉപേക്ഷിക്കുകയും കൂട്ടായ്മകളിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്യുന്നു. “നമ്മൾ എന്തെങ്കിലും ചെയ്തില്ലെങ്കിൽ സാവധാനം അവരുടെ കത്തോലിക്കാ ചൈതന്യം തണുക്കും, അവരിൽ പലരും അവരുടെ വിശ്വാസം തന്നെ ഉപേക്ഷിക്കുകയും ചെയ്യും.” സുരേഷ് കുറേപ്പേരുടെ ഒരു ലിസ്റ്റും വച്ചുനീട്ടി. മുമ്പെല്ലാം ഏറെ സജീവ പ്രവർത്തകരായിരുന്ന എന്നാൽ, ഇപ്പോൾ നഗരത്തിലേക്ക് കുടിയേറി ‘ഒളിവിൽ’ കഴിയുന്ന യുവാക്കളുടെ ഒരു സാമാന്യം നീണ്ട പട്ടിക.



ഈ സന്ദർശനവും ചർച്ചയും നിരവധി ഒത്തുചേരലുകൾക്കും ചർച്ചകൾക്കും ചില പ്രായോഗിക പരിഹാരങ്ങൾ കണ്ടെത്തുന്നതിനും ഒക്കെയുള്ള ഒരു നല്ല തുടക്കമായി.

## ഉയർന്നുവരുന്ന വെല്ലുവിളികളെ നേരിടാനാണ് സിനഡാലിറ്റി

ഈ ദിവസങ്ങളിൽ സാർവത്രിക സഭ സിനഡാലിറ്റിയെ പറ്റി ചിന്തിക്കുന്നു. 'സിനഡ്' എന്ന വാക്ക് ഒരുമിച്ചുള്ള യാത്രയെ സൂചിപ്പിക്കുന്നു. ഈ സിനഡൽ സമീപനമാണ് ക്രിസ്തീയ സമൂഹങ്ങളെ കെട്ടിപ്പടുക്കുന്നതും അംഗങ്ങളെ ദൗത്യത്തിലേക്ക് നയിക്കുന്നതും. ഒരു പ്രധാന കാര്യം, ഒരു സമൂഹം ചില വെല്ലുവിളികളെ അഭിമുഖീകരിക്കുമ്പോൾ നാം ചർച്ചചെയ്യുന്ന സിനഡൽ സമീപനം ഏറെ പ്രസക്തമാകും.

സഭയുടെ ചരിത്രത്തിൽ നിന്നുള്ള ഒരു മികച്ച ഉദാഹരണം 'അപ്പസ്തോല പ്രവർത്തനങ്ങൾ' അധ്യായം 15-ൽ വിവരിച്ചിരിക്കുന്നു. അവിടെ നാം എന്താണ് കാണുന്നത്? ആദിമ സഭ വളരെ വേഗത്തിൽ വളർന്നുകൊണ്ടിരുന്നു, അതോടൊപ്പം യഹൂദരല്ലാത്തവരും സഭയിൽ ചേരുന്നുണ്ടായിരുന്നു. എന്നാൽ, ചില നേതാക്കൾ മറ്റുള്ളവരുടെ മേൽ യഹൂദ ആചാരങ്ങൾ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചു. 'മോശയുടെ നിയമമനുസരിച്ച് പരിച്ഛേദനം ചെയ്യപ്പെടാത്തപക്ഷം രക്ഷപ്രാപിക്കുവാൻ സാധ്യമല്ല.' (അപ്പ പ്രവ 15,1). ഈ പഠനം പൂർണമായും ബൈബിളിനെ അടിസ്ഥാനമാക്കിയായിരുന്നു. എന്നാൽ, മറ്റു നേതാക്കൾ അതിന്റെ പ്രസക്തിയെ ചോദ്യം ചെയ്തു. അഭിപ്രായ ഭിന്നത രൂക്ഷമായി. ഈ ഗുരുതര സംഘർഷത്തെ മറികടക്കാൻ സഭാനേതൃത്വം ഒത്തുകൂടാനും കർത്താവിന്റെ മാർഗനിർദേശം തേടാനും തീരുമാനമായി. അങ്ങനെ ആദ്യ ജറുസലേം കൗൺസിൽ ഒത്തുചേർന്നു. പ്രശ്നപരിഹാരം ഉണ്ടായി എന്നുമാത്രമല്ല ചില പ്രധാന ചർച്ചകൾക്കും തീരുമാനങ്ങൾക്കും വളർന്നുവരുന്ന സഭയിൽ മിഷണറി ആവേശം നവീകരിക്കുന്നതിനും ഒക്കെ ഇത് കാരണമാകുകയും ചെയ്തു.

## വെല്ലുവിളികൾ - നേരിടുക അല്ലെങ്കിൽ ഒളിച്ചോടുക

ഒരു സമൂഹമെന്ന നിലയിൽ നമ്മൾ മുന്നോട്ട് പോകുമ്പോൾ തീർച്ചയായും വെല്ലുവിളികൾ ഉയരും, മാറ്റങ്ങൾ ഉണ്ടാകും. ഇവയോട് ഒരു പ്രസ്ഥാനം, അല്ലെങ്കിൽ കൂട്ടായ്മ എങ്ങനെ പ്രതികരിക്കണം? 'സിനഡാലിറ്റി' എന്നാണ് ഒറ്റവാക്കാണ് അതിനുള്ള നല്ല ഉത്തരം. ജീസസ് യൂത്ത് മുന്നേറ്റത്തിന് ഈ മേഖലയിൽ ധാരാളം നല്ല ഓർമകളുണ്ട്. കഴിഞ്ഞകാലങ്ങളിൽ ഉയർന്നുവന്ന നിരവധി വെല്ലുവിളികൾ ഫലപ്രദമായി നേരിട്ട മുന്നേറ്റത്തിന്റെ അനുഭവ വൈഭവം ഈ കാലഘട്ടത്തിൽ സഭ സൂചിപ്പിക്കുന്ന സിനഡൽ ശൈലി അടുത്തറിയുന്നതിന് ഏറെ സഹായകമാകും.

എന്നാൽ, ഇതിന് ഒരു മറുവശവും ഉണ്ടല്ലോ. വെല്ലുവിളികളോട് പ്രതികരിക്കുന്നതിന് നാം ചിലപ്പോൾ സ്വീകരിക്കുന്ന അനുയോജ്യമല്ലാത്ത മറ്റു ചില രീതികളുണ്ട്. ആ വഴികൾ ഏതൊക്കെയാണെന്ന് ചോദിക്കേണ്ടതും സുപ്രധാനമല്ലേ?

**ഇവിടെ ഒരു പ്രശ്നവുമില്ല:** ഈ നിഷേധ മനോഭാവം പ്രശ്നം കാണുന്നതിൽനിന്നും അതിനെ മറികടക്കാനുള്ള വഴികൾ തേടുന്നതിൽ നിന്നും ഗ്രൂപ്പിനെ തടയുന്നു. ഉദാഹരണത്തിന്, മുൻപ് പ്രവർത്തന നിരതരായിരുന്ന പല യുവനേതാക്കളും കുടിയേറ്റം കാരണം സജീവമായ ശുശ്രൂഷയിൽ നിന്ന് പുറത്തായത് ഒരു സാധാരണ



**'നമ്മൾ എന്തെങ്കിലും ചെയ്തില്ലെങ്കിൽ സാവധാനം അവരുടെ കത്തോലിക്കാ ചൈതന്യം തണുക്കും, അവരിൽ പലരും അവരുടെ വിശ്വാസം തന്നെ ഉപേക്ഷിക്കുകയും ചെയ്യും.'**

Photo by Papaioannou Kostas Tysec on Unsplash

പ്രതിഭാസമായി മാത്രമേ പലരും കരുതിയുള്ളൂ. എന്നാൽ, സുരേഷ് മറിച്ചാണ് ചിന്തിച്ചത്. അത് ഒരു വെല്ലുവിളിയാണെന്നും അതിന് ഒരു പരിഹാരം തേടണമെന്നും അയാൾ ചിന്തിച്ചു.

**ഭയവും ഉത്കണ്ഠയും:** വലിയ വെല്ലുവിളികൾ ഉയരുമ്പോൾ നാം ഭയപ്പെടുന്നു. പലരും മാളങ്ങളിലേയ്ക്ക് പിൻവലിയുകയും ചെയ്യും. റോമൻ സാമ്രാജ്യവും യഹൂദ അധികാരികളും ലോകം മുഴുവനും ആദിമ ക്രിസ്ത്യാനികൾക്ക് എതിരായപ്പോൾ അവർ അസ്വസ്ഥരായിരുന്നു. എന്നാൽ, അപ്പോസ്തലന്മാർ അവരെ ഉദ്ബോധിപ്പിച്ചത് ഭയമകറ്റി ആത്മനിറവിൽ അതിനോട് പ്രതികരിക്കാനാണ്.

**തുടർന്ന് പല പ്രധാന നേതാക്കളെയും അവർതന്നെ പോയി കാണുകയും ഈ വെല്ലുവിളിയെ കുറിച്ച് സംസാരിക്കുകയും ചെയ്തു.**

**കുറ്റപ്പെടുത്തലും രോഷവും:** നഗരത്തിലേക്കുള്ള പുതിയ കുടിയേറ്റക്കാരെക്കുറിച്ച് എന്തെങ്കിലും ചെയ്യാൻ സുരേഷ് പ്രാദേശിക നേതാക്കളെ സമീപിച്ചപ്പോൾ ചിലരെങ്കിലും രോഷാകുലരായാണ് പ്രതികരിച്ചത്. "ഇപ്പോൾ അവർക്ക് ജോലിയായി, ജീവിതം സുഖകരമായി, അവർ കർത്താവിനെ മറന്നു". ഇതാണ് നമ്മുടെ സാധാരണ രീതി. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ, അതിന് ആരെ പഴിചാരണം എന്നാണ് നാം ആദ്യം നോക്കുക. ഇത് പൊതുവേ പ്രശ്ന പരിഹാരത്തിന്റെയും വളർച്ചയുടെയും വഴിയല്ല.

**പ്രശ്നം അഭിമുഖീകരിക്കാതെ ഒഴിഞ്ഞുമാറുക:** 'നാം ഒരുപാട് പ്രാർഥിക്കണം!' ഗുരുതരമായ ഏതെങ്കിലും വെല്ലുവിളിയെ കുറിച്ച് സംസാരം തുടങ്ങുമ്പോൾ പലർക്കുമുള്ള ഒരു ക്ലീഷേ പ്രതികരണമാണിത്. തീർച്ചയായും, ഒരു പ്രശ്നത്തെ അഭിമുഖീകരിക്കുന്നതിന്റെ അവിഭാജ്യ ഘടകമാണ് പ്രാർഥനയും ദൈവത്തിന്റെ മാർഗനിർദേശം തേടലും. എന്നാൽ, അമിതമായ ആത്മീയ പ്രതികരണം അതിനോട് പ്രതികരിക്കാതിരിക്കാനുള്ള ഒരു ഒഴിവുകഴിവായിത്തീരും. നമ്മൾ ഒന്നും ചെയ്യേണ്ട മറ്റാരെങ്കിലും ഇത് പരിഹരിക്കട്ടെ എന്ന രീതിയിലുള്ള ഉത്തരവാദിത്വം കയ്യാളാനുള്ള മടി ക്രിസ്തീയമല്ല.

**ഒറ്റയ്ക്ക് നേരിടാൻ ശ്രമിക്കുക:** സുരേഷ് തനിയെ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കാതിരുന്നത് നന്നായി. അതിനുപകരം, അത് കൈകാര്യം ചെയ്യേണ്ട നേതൃനിരയ്ക്ക് മുന്നിൽ പ്രശ്നം അവതരിപ്പിച്ച് പരിഹാരം തേടാൻ അയാൾ ശ്രമിച്ചു.

വെല്ലുവിളികൾ ഉയരുമ്പോൾ വ്യത്യസ്ത പ്രതികരണങ്ങൾ ഉണ്ടാകാം. ഒരറ്റത്ത്, അവബോധമില്ലായ്മയോ, അശ്രദ്ധയോ, ഭയമോ നിമിത്തം നേതാക്കൾ അതിനെ അഭിമുഖീകരിക്കാതെ മുന്നോട്ടുപോകും. മറുവശത്ത്, ഒരു നേതാവോ ചെറുസംഘമോ മറ്റുള്ളവരുടെ സഹകരണം തേടാതെ പരിഹാര മാർഗങ്ങളുമായി മുന്നോട്ട് പോയേക്കാം. എന്നാൽ, ഇവയൊന്നും ദീർഘകാലാടിസ്ഥാനത്തിൽ സമഗ്ര പരിഹാരമാകില്ല. അതിലുപരി ഈ വികല സമീപനങ്ങൾ കൂട്ടായ്മയുടെ പരിപോഷണത്തെയും ദൗത്യവളർച്ചയെയും ദുർബലപ്പെടുത്തുകയും ചെയ്യും.

## സിനഡാലിറ്റി, വെല്ലുവിളികളെ നേരിടാനുള്ള ആരോഗ്യകരമായ പാത

'അപ്രത്യക്ഷമാകുന്ന നേതൃത്വം' എന്ന പ്രശ്നം അന്ന് ഒരു പ്രധാന ചർച്ചാവിഷയമായി. പക്ഷേ, അത് അവിടെ അവസാനിച്ചില്ല. ചില ഫലപ്രദമായ പ്രായോഗിക നടപടികളിലേക്ക് നയിക്കുന്ന ചില പ്രശ്നപരിഹാരങ്ങൾ അവർ ഘട്ടം ഘട്ടമായി കണ്ടെത്തി. സ്വാഭാവികമായും ഒരു ചോദ്യമുയരും, ഒരു സമൂഹം എങ്ങനെയാണ് പ്രശ്നപരിഹാര പാതയിൽ മുന്നേറുന്നത്? മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനുള്ള സിനഡൽ സമീപനം എന്താണ്?

ഏതൊരു സമൂഹത്തിന്റെയും മുന്നിലുയരുന്ന വെല്ലുവിളികളെ നേരിടാനുള്ള സമഗ്ര ക്രിസ്തീയ പാതയാണ് സിനഡൽ സമീപനം. അത് സമ്യക്കായ ചില പടികൾ കടന്ന് പരിഹാരം തേടും.

1. **അവബോധം:** ഒരു ഗ്രൂപ്പ് തങ്ങളുടെ മുന്നിൽ ഉയരുന്ന പ്രത്യേക വെല്ലുവിളിയെ കുറിച്ച് ബോധവാന്മാരാകുന്നു.

2. **സ്നേഹപാത തെരഞ്ഞെടുക്കുന്നു:** കൂട്ടായ്മയുടെ സിനഡൽ പാത പിന്തുടരുന്ന ഒരു മാനസാന്തരത്തിന് അവർ വിധേയരാകുന്നു.

3. **അവർ ഒത്തുചേരുന്നു:** സിനഡൽ പാതയിലൂടെ പ്രശ്ന പരിഹാരം തേടാൻ അവർ ഒരിടത്ത് സമ്മേളിക്കുന്നു.

4. **കൂട്ടായ്മയിൽ ദൈവേഷ്ടം തേടുന്നു:** ക്രിസ്തുഗാത്രം ഒരുമിച്ചുവന്ന് ആദരവോടെ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കി നടത്തുന്ന വിവേചന പ്രക്രിയയിലൂടെ ആ സമൂഹം കർത്താവിന്റെ മാർഗനിർദേശങ്ങൾ സ്വീകരിക്കുന്നു.


5. **തുടർ പാതയെക്കുറിച്ച് വ്യക്തത:** ഗ്രൂപ്പ് മുന്നേറേണ്ട പടികളെ സംബന്ധിച്ച് വ്യക്തതയും സമവായവും ഉരുത്തിരിയുന്നു.

6. **പ്രായോഗിക പദ്ധതികൾ ഒരുങ്ങുന്നു:** ഗ്രൂപ്പ് പ്രായോഗിക നടപടികളെ അംഗീകരിക്കുന്നു.

7. **ദൗത്യവ്യക്തതയോടെ അയക്കപ്പെടുന്നു:** കർത്താവിൻെറ പദ്ധതിയോട് അനുരൂപപ്പെട്ട് ദൗത്യബോധത്തോടെ മുന്നേറുന്നു.

നേരത്തെ സൂചിപ്പിച്ചതുപോലെ, സുരേഷും സുഹൃത്തുക്കളും ഒരു വലിയ പ്രശ്നം തിരിച്ചറിഞ്ഞു. പുതിയ സ്ഥലത്തേക്ക് സ്ഥലം മാറി വരുമ്പോൾ പല യുവനേതാക്കളും ഒരു വലിയ വെല്ലുവിളി നേരിടുന്നതായി അവർ കണ്ടു. ഈ വിഷയം ശ്രദ്ധിക്കാതെ വിട്ടാൽ അത് പ്രതിബദ്ധതയുള്ള നിരവധി നേതാക്കളുടെ ജീവിതം നശിപ്പിക്കുമെന്നും അതോടൊപ്പം നഗരത്തിലെ ജീസസ് യൂത്ത് മുന്നേറ്റത്തെ അത് ക്രമേണ ദുർബലപ്പെടുത്തുമെന്നും അവർ മനസ്സിലാക്കി. തുടർന്ന് പല പ്രധാന നേതാക്കളെയും അവർതന്നെ പോയി കാണുകയും ഈ വെല്ലുവിളിയെ കുറിച്ച് സംസാരിക്കുകയും ചെയ്തു. ഒരു നല്ല കാര്യം സംഭവിച്ചത്, ഈ വിഷയം ചർച്ച ചെയ്യാൻ ഒരുമിച്ചുവരാൻ അവരിൽ പലരും സമ്മതിച്ചു. ആ യോഗങ്ങൾ പ്രാർഥനയുടെയും ചർച്ചയുടെയും ശ്രവണത്തിന്റെയും ആത്മാന്വേഷണത്തിന്റെയും സമയമായി മാറി.

ആ ചർച്ചകളിൽ പ്രശ്ന പരിഹാരത്തിനായി നിരവധി നിർദേശങ്ങൾ ഉയർന്നുവന്നു. ചെറുഗ്രൂപ്പുകൾ, തിങ്കളാഴ്ചകളിൽ ഒരു പൊതു കൂട്ടായ്മ, പുതിയ ചില പ്രാർഥനാ രീതികൾ, ഒരു പഠന പരമ്പര എന്നു തുടങ്ങി പലതിനും അത് തുടക്കമായി. ഇതിനെല്ലാം ഉപരിയായി നഗരത്തിലെ ജീസസ് യൂത്ത് നേതാക്കളെ ഈ ഒന്നിച്ചുവരവുകൾ മാറ്റിമറിച്ചു. ഒരു പുതിയ കൂട്ടായ്മ അനുഭവവും സ്നേഹവും നവീകൃതമായ ദൗത്യബോധവുംകൊണ്ട് മുന്നേറ്റം അവിടെ പൂർവോപരി ജീവസുറ്റതായി ||







എൽസീന ജോസഫ്

## യുവകുടുംബങ്ങൾക്കു വേണം

# ഓക്സിജൻ പാക്കേജ്

**നമ്മുടെ യുവകുടുംബങ്ങൾ അഭിമുഖീകരിക്കുന്ന ചില സുപ്രധാന കാര്യങ്ങളിലേക്ക് ഒരു വെളിച്ചംവീശൽ. ചുറ്റുമുള്ള നമ്മുടെ ഒഴിഞ്ഞു മാറാനാവാത്ത ധാർമിക ഉത്തരവാദിത്വങ്ങളും.**

എന്തൊക്കെയായിരുന്നു..?! മരണപ്പഠിത്തം, ക്യാമ്പസ് പ്ലേസ്മെന്റ്, പ്രമോഷൻ, വിവാഹാലോചനകൾ.. പിന്നെ വീട്ടുകാരും നാട്ടുകാരുംകൂടി ഒരുവിധം ഒന്നിനെ കണ്ടുപിടിച്ച് യുവാവിനെ/യുവതിയെ ആളും ആരവങ്ങളുമായി വിവാഹതിരാക്കുന്നു. വിവാഹ ഒരുക്കം ഒരുവഴിക്കു നടക്കുമ്പോൾ മറുവശത്തു വിവാഹാർഥികൾ വിസയും ടിക്കറ്റും തരപ്പെടുത്താനുള്ള ശ്രമത്തിലായിരിക്കും; അല്ലെങ്കിൽ ജോലി മാറാനുള്ള കഷ്ടപ്പാടിൽ. ഇതിനിടയിൽ പള്ളിക്കാരുടെ പരാതി തീർക്കാനും കെട്ടിന് അനുമതി കിട്ടാനും വേണ്ടി കടമകഴിക്കൽ പോലെ പങ്കെടുക്കുന്ന മാര്യേജ് പ്രിപ്പറേഷൻ കോഴ്സ്. ശ്രദ്ധയോടും താത്പര്യത്തോടെയുമാണോ ക്ലാസ്സുകൾ കൂടിയതെന്നു ചോദിച്ചാൽ 'അതേ' എന്ന മറുപടി കിട്ടാൻ നല്ല പ്രയാസമായിരിക്കും. എല്ലാറ്റിനുമൊടുവിൽ കല്യാണവും കഴിഞ്ഞു ജീവിതം പാളത്തിൽ കയറുമ്പോൾ കിതയ്ക്കുന്ന തീവണ്ടിയാവുകയാണ് അധികം യുവദമ്പതികളും.

## എന്താണ് ഈ പ്രഷർകുക്കർ ജീവിതത്തിനു പിന്നിലെ കാരണം

ജോലിയുടെ പ്രഷർ, പരസ്പരമുള്ള പൊരുത്തക്കേടിന്റെ പ്രഷർ, രണ്ടുകൂട്ടരുടെയും വീട്ടുകാർ ഇവരുടെ കാര്യത്തിൽ ഇടപെടുമ്പോഴുള്ള പ്രഷർ, മക്കൾ ഉണ്ടായാൽ ഇത്രവേഗമോ എന്ന ചോദ്യത്തിന്റെ പ്രഷർ, ഇനി മക്കൾ ആയില്ലെങ്കിൽ ചോദിക്കുന്ന തികച്ചും നിലവാരമില്ലാത്ത ചോദ്യമുണ്ടാക്കുന്ന പ്രഷർ... മൊത്തത്തിൽ കാര്യങ്ങളുടെ കിടപ്പ് അത്ര പന്തിയല്ല. അകത്തുനിന്നും പുറത്തുനിന്നും ഒരുപോലെ സമ്മർദം മാത്രം അനുഭവിക്കുന്ന ഈ ദമ്പതികൾക്ക് എങ്ങനെ സമാധാനം കണ്ടെത്താൻ കഴിയും...

ഒരു കുഞ്ഞിനെ വളർത്തുന്നപോലെ തന്നെ കരുതലും, അത്രതന്നെ പരിപാലനവും, നല്ല ജാഗ്രതയും ആവശ്യമാണ് യുവദമ്പതികൾക്കും എന്നുതോന്നാറുണ്ട്. എത്രാമത്തെ വയസ്സിലാണ് വിവാഹിതരായത് എന്നതിലല്ല കാര്യം. മറിച്ച്, ഏതുപ്രായത്തിൽ വിവാഹിതരായാലും ആ ജീവിതത്തിൽ അവരൊക്കെ നവജാത ശിശുക്കളാണ് എന്ന നിലയ്ക്കുള്ള കരുതലാണ് ചുറ്റുപാടുനിന്നും അവർക്ക് കിട്ടേണ്ടത്. അവരുടെ പേഴ്സണൽ കാര്യങ്ങളെ കുറിച്ച് അറിയാൻ കാണിക്കുന്ന പാപ്പരാസി മാധ്യമപ്രവർത്തനത്തിനുമപ്പുറം മുതിർന്ന വ്യക്തിയോടുള്ള ബഹുമാനത്തോടെയും പുതിയ കുടുംബമെന്ന ജാഗ്രതയോടെയും നവദമ്പതികളെ കേൾക്കാനും ചേർത്തുനിറുത്താനും നമുക്കൊരു വേദി അനിവാര്യമാണ്. സഭയുടെ കർക്കശ്യ നിലപാടോർത്തു മാത്രം യുവതീയുവാക്കൾ പങ്കെടുക്കുന്ന മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് സർട്ടിഫിക്കറ്റിനപ്പുറം വേറൊരു പ്രയോജനവും തന്നതായി എന്റെ അറിവിൽ ആരും പറഞ്ഞുകേട്ടിട്ടില്ല. (എന്റെ പിഴ, എന്റെ പിഴ, എന്റെ മാത്രം പിഴ) ജീവിതം ഗൗരവത്തിലേക്ക് കയറുമ്പോൾ വേണ്ടുന്ന നിർദേശങ്ങൾ രണ്ടുപേർക്കും നൽകാൻ, വെളിച്ചമുള്ള ആളുകൾ അന്യമാണ് ചുറ്റിലും. കൂണുപോലെ പൊങ്ങുന്ന കൗൺസിലിംഗ് സെന്ററുകൾ മാറ്റി നിറുത്തിയാൽ മറ്റേതു മാർഗമാണ് ഇവിടെയുള്ളത്..?

## യുവദമ്പതികൾക്ക് വേണം മെന്ററിങ്

വിവാഹ ജീവിതത്തിൽ ആരംഭത്തിലെ മൂന്നുവർഷങ്ങൾ നവജാത ശിശുവിന്റെ മൂന്നു വയസ്സുവരെയുള്ള കാലയളവായി തന്നെ കണക്കാക്കണം. അവർക്ക് എല്ലാം പുതിയതാണ്. അതുവരെ കേട്ടത് മാത്രമായ കാര്യങ്ങൾ പ്രായോഗിക തലത്തിൽ വരുന്ന സമയം. ബന്ധങ്ങൾ, ആളുകൾ, ചുറ്റുപാടുകൾ എല്ലാം നിരീക്ഷിക്കാനും മനസ്സിലാക്കാനും അവർക്ക് സാവകാശവും സമയവും കൊടുക്കണം. നവദമ്പതികൾ പരസ്പരമുള്ള ബന്ധം കുടുംബാംഗങ്ങളും നിരീക്ഷിക്കണം. അവർക്കിടയിൽ ആരോഗ്യകരമായ ഇഴയടുപ്പം ഉണ്ടാകുന്നു എന്ന കാര്യം ഉറപ്പാക്കണം. അനാവശ്യ

**നാട്ടുകാർക്കും, വഴിയേ പോകുന്ന ആർക്കും കേറി അഭിപ്രായം പറയാനും അനുസരിപ്പിക്കാനും തീരുമാനമെടുക്കാനുമുള്ള പൊതുമുതലല്ല ഒരു നവകുടുംബവും.**



മായ അഭിപ്രായം പറയൽ ഒഴിവാക്കാനും അവസരോചിതമായ നിർദേശങ്ങൾ നൽകാനും മുതിർന്നവർക്ക് കഴിയട്ടെ. നാട്ടുകാർക്കും, വഴിയേ പോകുന്ന ആർക്കും കേറി അഭിപ്രായം പറയാനും അനുസരിപ്പിക്കാനും തീരുമാനമെടുക്കാനുമുള്ള പൊതുമുതലല്ല ഒരു നവകുടുംബവും. അനാവശ്യ ഇടപെടൽ നടത്താൻ ശ്രമിക്കുന്നവരെ ഒരു കൈ അകലത്തിൽ നിറുത്തുന്ന കാവൽ വേലകൂടി കുടുംബത്തിലെ പ്രിയപ്പെട്ടവർ ഉറപ്പാക്കേണ്ടിയിരിക്കുന്നു.

അവർ ജീവിക്കട്ടെ... മുതിർന്നവർ ജീവിച്ചതിന്റെ പകർപ്പവകാശികളായിട്ടല്ല, അവരുടെ ബോധ്യങ്ങളും ഉൾക്കാഴ്ചകളും അനുസരിച്ചു ജീവിക്കട്ടെ. നല്ല മാതൃകകൾ പിന്തുടരാൻ അനുവദിക്കുക.

## ഫാമിലി സെൽ ആയാൽ അടിപൊളി

ജീസസ് യൂത്ത് മുന്നേറ്റത്തിൽ ഈ അടുത്തനാളുകളിൽ ഏറെ കാര്യമായി ശ്രദ്ധിക്കുന്ന ഒരു കാര്യമാണ് കുടുംബങ്ങളുടെ സെൽ. മൂന്നോ, നാലോ കുടുംബങ്ങളുടെ ഒരു ചെറുകൂട്ടം. ആ ചെറുകൂട്ടത്തിൽ പരസ്പരമുള്ള സഹായമുണ്ട്: തുറന്നു പറയാൻ, വേണ്ട നിർദേശങ്ങൾ നൽകാൻ, പ്രാർഥിക്കാൻ അങ്ങനെ പലതരത്തിൽ. ഇതൊരു നല്ല മാതൃകയാണ്. ഫാമിലി ഫ്രണ്ട് എന്ന പോലെ തന്നെ ഫാമിലി സെൽ ഉണ്ടെങ്കിൽ പുതുകുടുംബങ്ങൾ കുറച്ചുകൂടി കരുത്തുള്ള തളിർപ്പുകൾ നൽകാതിരിക്കില്ല.

## സഭ എന്ന ടോൾ ഫ്രീ നമ്പർ

കെട്ടുകുർബാന കഴിഞ്ഞു പള്ളിയിൽ നിന്ന് ഇറങ്ങിയാൽ പിന്നെ അങ്ങോട്ട് കേറുന്നത് കൊച്ചിന്റെ മാമ്മോദീസക്ക്. പള്ളിവികാരി കണ്ടാൽ സ്ത്രീധനത്തിന്റെ ഓഹരി ചോദിച്ചെങ്കിലോ എന്ന പേടിയെയാണ് ന്യായീകരണത്തിനു കാരണമാകുന്നത്. അല്ലെങ്കിൽ പിന്നെ എല്ലാം തകർന്നു കഴിയുമ്പോൾ 'അച്ചോ സഹായിക്കണം' എന്നു നിലവിളിക്കാൻ. സഭ ആർക്കും എപ്പോഴും ആശ്രയിക്കാവുന്ന ടോൾ ഫ്രീ നമ്പർ ആണെന്ന് മറക്കരുത്. ജീവിതത്തിന്റെ സന്തോഷവും ആശങ്കയും കുഞ്ഞു വിശേഷങ്ങളുമൊക്കെ സഭാനേതൃത്വത്തോട് പങ്കുവയ്ക്കാൻ പഠിക്കണം. അവർ പറയുന്നതു കൂടി കേൾക്കണം. തുറവിയോടെ സ്വീകരിക്കണം. വിവാഹാർഥികൾക്കെന്ന പോലെ നവ ദമ്പതികളോടും സഭയ്ക്കുള്ള ഉത്തരവാദിത്വം ചെറുതല്ല. വിവാഹത്തിന്റെ ആദ്യനാളുകളിൽ ദമ്പതികളെ കാണാനും സംസാരിക്കാനും കേൾക്കാനും സഭാനേതൃത്വം കുറച്ചു കരുതൽ കാണിക്കണമെന്ന് തോന്നാറുണ്ട്. നേരിട്ടോ അല്ലാതെയോ നടക്കുന്ന ഇത്തരം സംഭാഷണങ്ങൾ പല കുടുംബങ്ങളെയും തകർച്ചയിൽ നിന്നും ബന്ധങ്ങളുടെ വിള്ളലുകളിൽ നിന്നുമൊക്കെ കരകയറ്റാൻ സഹായിക്കും.

ആരോഗ്യമുള്ള ശരീരത്തിന് ആരോഗ്യമുള്ള മനസ്സ് ആവശ്യമെന്ന പോലെതന്നെ ആരോഗ്യമുള്ള സമൂഹത്തിനു ആരോഗ്യമുള്ള കുടുംബം ആവശ്യമാണ്. യുവകുടുംബങ്ങൾക്കുള്ള കരുത്ത് ഇവിടെ പ്രധാനമാണ്. നമുക്ക് യുവദമ്പതികൾക്കായി കരങ്ങൾ കോർക്കാം ||



കവർ സ്റ്റോറി



ഷൈജൻ പോൾ, തൃശ്ശൂർ



# ദാമ്പത്യ 'രഹസ്യങ്ങൾ'

കുടുംബങ്ങൾ നന്നായിരിക്കുക എന്നത് വളരെ പ്രാധാന്യമേറിയ ഒരു കാര്യമാണെന്നും നല്ല കുടുംബങ്ങൾ ഉണ്ടെങ്കിലേ നല്ല സമൂഹവും നമുക്ക് ചുറ്റും രൂപപ്പെടുകയുള്ളൂവെന്നും നമുക്കേവർക്കുമറിയാം. നല്ല രീതിയിൽ ദാമ്പത്യ ജീവിതത്തെ മുന്നോട്ടു കൊണ്ടുപോകുന്ന ഒരുപാട് ദമ്പതികളെ ഈ നാളുകളിൽ കാണാനാവുന്നുണ്ട്.

**പ്രാർഥന ഒരു പരിചയാണ്:** ദമ്പതികൾ ഒരുമിച്ചിരുന്ന് ഒരൽപ സമയമെങ്കിലും പ്രാർഥിക്കുന്ന അവസരം നമുക്ക് ഉണ്ടാക്കിയെടുക്കാൻ പറ്റിയാൽ അതൊരു വലിയ അനുഗ്രഹമായിരിക്കും. അങ്ങനെയൊരു ശീലം പ്രാവർത്തികമാക്കാൻ രണ്ടുപേരും ഒരുമിച്ച് പരിശ്രമിക്കുമ്പോൾ ഒരുവിധപ്പെട്ട പ്രശ്നങ്ങളൊക്കെ പരിഹരിക്കപ്പെടുന്നത് കണ്ടിട്ടുണ്ട്. തങ്ങൾ അങ്ങനെ പ്രാർഥിക്കുന്നവർ ആകണമെന്ന് തീരുമാനിക്കേണ്ടത് ദമ്പതികൾ തന്നെയാണ്. പ്രശ്നങ്ങൾക്കുമുമ്പിൽ പരിചപോലെ അതു നമ്മെ കാക്കും.

**എല്ലാ കാര്യങ്ങളെക്കുറിച്ചും സാമാന്യ ബോധമുള്ള യുവദമ്പതികൾക്കിടയിൽ, അറിഞ്ഞോ അറിയാതെയോ നഷ്ടമായിപോകുന്ന ചില അടിസ്ഥാനങ്ങളെക്കുറിച്ചുള്ള ഓർമപ്പെടുത്തൽ**

**എന്തു വിലകൊടുത്തും:** അതുപോലെതന്നെ പ്രധാനപ്പെട്ടതാണ് ദമ്പതികളൊരുമിച്ച് അവർക്ക് മാത്രമായുള്ള സമയവും. ഇവിടെ എല്ലാ വിശേഷങ്ങളും തുറന്നു പങ്കുവയ്ക്കുന്നു. അഭിപ്രായങ്ങളും നിർദേശങ്ങളും തീരുമാനങ്ങളും എല്ലാം പരസ്പരം, പറയുന്നതിലൂടെ മാത്രമേ മനസ്സിലാക്കാൻ പറ്റുകയുള്ളൂ. വ്യത്യസ്തമായ നിർദേശങ്ങളും അഭിപ്രായ വ്യത്യാസങ്ങളുമെല്ലാം ഇവിടെ പങ്കുവയ്ക്കപ്പെടണം. പരസ്പരം അംഗീകരിക്കാനും സഹിഷ്ണുതയുള്ളവരാകാനും കഴിയുന്നത് കാര്യങ്ങളെയൊക്കെ പോസിറ്റീവാക്കാൻ ഉപകരിക്കും. ഒരുമിച്ചുള്ള യാത്ര, സിനിമ, ഔട്ടിംഗ്, പാർട്ടിയിൽ പങ്കെടുക്കുക... എന്നിവ എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണെങ്കിൽ കൂടി, എന്ത് വിലകൊടുത്തും ഇത്തരം കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത്, കുടുംബജീവിതം നന്നായി കൊണ്ടുപോകുന്നവരുടെ ജീവിതത്തിൽ കാണുന്ന പ്രത്യേകതകളാണ്.

**സാമ്പത്തിക കാര്യങ്ങളിലെ ഐക്യം:** രണ്ടുപേർക്കും ജോലിയുണ്ടെങ്കിലും ഒരാൾക്ക് മാത്രമാണെങ്കിലും കുടുംബത്തിലെ സാമ്പത്തിക ചെലവുകൾ ഒരുമിച്ച് ചർച്ചചെയ്ത് രണ്ടുപേരുടെയും ഉത്തരവാദിത്വത്തിൽ നടപ്പാക്കുന്നു. സാധാരണ ഗതിയിൽ കാണുന്നതുപോലെ ഭർത്താവിന് മാത്രമോ അല്ലെങ്കിൽ ഭാര്യക്ക് മാത്രമോ ഉള്ള ഉത്തരവാദിത്വമായി ഇക്കാര്യം മാറരുത്. ചുരുക്കത്തിൽ ഫിനാൻസ് മാനേജ്മെന്റിൽ ഭാര്യക്കും ഭർത്താവിനും തുല്യ പങ്കാളിത്തവും ഉത്തരവാദിത്വവുമുണ്ട്.

**അത്യന്താപേക്ഷിതമായ ഒരു ഗുണം:** ദമ്പതികളുടെ പരസ്പര ബഹുമാനം കുടുംബത്തിൽ തന്നെ കാണുന്നത് മക്കൾക്കും കണ്ടു പഠിക്കാൻ സഹായിക്കും. ത്യാഗം (Sacrifice) എന്നതിനേക്കാൾ സഹിഷ്ണുതയാണ് (Tolerance) വേണ്ടത്. പണ്ടുകാലത്തൊക്കെ വളരെ ത്യാഗമനോഭാവത്തോടെ മറ്റൊരാൾക്ക് വേണ്ടി എല്ലാം ത്യജിച്ച് ജീവിക്കുന്ന ജീവിതങ്ങളൊക്കെ കണ്ടിട്ടുണ്ട്. പക്ഷേ, ഇന്നത്തെ യുവ കുടുംബങ്ങളിൽ സഹിഷ്ണുത മനോഭാവമാണ് കൂടുതലായും കാണാനാവുന്നത്. കുടുംബജീവിത വിജയത്തിന് വളരെ അത്യന്താപേക്ഷിതമായ ഒരു ഗുണം കൂടിയാണ് ഈ സഹിഷ്ണുത.

**മുതിർന്നവരുടെ ഉപദേശങ്ങൾ:** നമ്മളെക്കാൾ മുതിർന്നവരുടെ ജീവിതാനുഭവങ്ങൾ കേൾക്കുന്നതും അവരുടെ ഉപദേശങ്ങൾ തേടുന്നതും ഉറപ്പായും നമ്മുടെ ജീവിതത്തിന് ഉപകരിക്കുന്നുവെന്ന് മാത്രമല്ല, കാര്യങ്ങളെ വിശാലഹൃദയത്തോടെ കാണാനും കൂടുതൽ നല്ല തീരുമാനങ്ങളിലേക്ക് എത്തുവാനും അത് നമ്മെ സഹായിക്കുകയും ചെയ്യും. ജനറേഷൻ ഗ്യാപ്പോ മറ്റൊന്നും ഇതിനു തടസ്സമാകേണ്ടതില്ല.

**സ്വകാര്യ നിമിഷങ്ങൾ:** ദാമ്പത്യ ജീവിതത്തിലെ പരാജയങ്ങളിൽ പലപ്പോഴും കണ്ടുവരുന്ന ഒരു കാരണം സെക്ഷ്വൽ ലൈഫിലെ പരാജയമാണ്. ചെറുതോ വലുതോ ആയ കാരണങ്ങളാൽ പലപ്പോഴും ദമ്പതികൾക്കിടയിലെ സ്വകാര്യ നിമിഷങ്ങളും ശാരീരിക, മാനസിക, ലൈംഗിക ബന്ധങ്ങളൊക്കെ ഇല്ലാതായി പോകാറുണ്ട്. ഇത് പരിഹരിക്കാതെ വരുമ്പോൾ ഇത്തരം കാര്യങ്ങളിൽ വലിയ അകൽച്ചയും മാനസിക പിരിമുറുക്കങ്ങളും ഉണ്ടാവുകയും മറ്റു പ്രശ്നങ്ങളിലേക്ക് അത് വളരുകയും ചെയ്യുന്നു. പിന്നീടുണ്ടാകുന്ന വലിയ പ്രശ്നങ്ങൾക്ക് പിന്നിലെ കാരണം ഇക്കാര്യങ്ങളാണെന്ന് ഒറ്റനോട്ടത്തിൽ മനസ്സിലാകുകയുമില്ല.

**നല്ല ഇടപെടലുകൾ:** ഏതെങ്കിലുമൊക്കെ പ്രശ്നങ്ങളിൽ പെട്ടുകഴിയുന്ന കുടുംബങ്ങളെയോ ദമ്പതികളെയോ സഹായിക്കുന്ന ആളുകൾ, അത് വ്യക്തികളോ കുടുംബങ്ങളോ അല്ലെങ്കിൽ വൈദികരോ സന്ന്യസ്തരോ ആരായിരുന്നാലും സമയോചിതമായും തുടർച്ചയുള്ളതുമായ സഹായമാണ് പ്രസ്തുത കുടുംബങ്ങൾക്കോ ദമ്പതികൾക്കോ നൽകേണ്ടത്. മാതൃകാപരമായ ജീവിതം നയിക്കുന്ന മറ്റു ദമ്പതികളുമായോ കുടുംബങ്ങളുമായോ നല്ലൊരു സൗഹൃദം ഉണ്ടാക്കിക്കൊടുക്കുന്നതും അവർക്ക് ഏറെ പ്രയോജനപ്പെടും ||



ഡോ. ചാക്കോച്ചൻ ജെ. ഞാവള്ളിൽ

# തങ്ങൾക്ക് ചില പ്രശ്നങ്ങളുണ്ടെന്നു തുറന്നു പറയാൻ സ്വാതന്ത്ര്യം തോന്നുന്ന ഇടങ്ങൾ വേണം





അടുത്തയിടെ വന്ന ഒരു ഫോൺകോളാണ്; യുവ ദമ്പതികൾക്കു വേണ്ടിയാണ് വിളിച്ചത്. രണ്ടുപേരും ഐ.ടി. രംഗത്ത് ജോലി. നഗരത്തിൽ താമസം. സാമ്പത്തികമായ വലിയ ബുദ്ധിമുട്ടില്ലാത്ത പശ്ചാത്തലത്തിൽ നിന്നുള്ളവരാണ് ഇരുവരും. ജീവിതത്തിൽ ഇതുവരെയും വലിയ ബുദ്ധിമുട്ടുകളൊന്നും അഭിമുഖീകരിക്കേണ്ടി വന്നിട്ടില്ല. രണ്ടുപേരും തമ്മിൽ ചില പ്രശ്നങ്ങളുണ്ട്. രണ്ടുപേരോടും സംസാരിക്കാനും സഹായിക്കാനും പറ്റിയ ആരാണുള്ളത്.

യുവജന പ്രവർത്തകരും സഭയും അടിയന്തിരമായി ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഒരു മേഖലയാണിത്. പക്വവും സന്തുലിതവുമായ സമീപനത്തോടെ, കൂടെനിന്ന് സഹായിക്കാൻ പറ്റുന്നവരുണ്ടാകണം. വിധിക്കലും, കുറ്റപ്പെടുത്തലുമുണ്ടാകരുത്. അന്നൊക്കെ എത്ര മനോഹരമായിരുന്നു, ഇന്നെന്തേ ഇങ്ങനെയായിപ്പോയി എന്നുള്ള തരത്തിലുള്ള ഉപദേശവും പോരാ. പ്രാർഥിച്ചാൽ മാത്രം മതി, എല്ലാം ശരിയാകും എന്ന തരത്തിലുള്ള തീവ്രഭക്തിക്കാരുടെ നിലപാടുകളും വേണ്ട. എനിക്ക്/ഞങ്ങൾക്ക് ചില പ്രശ്നങ്ങളുണ്ട് എന്ന് സ്വാതന്ത്ര്യത്തോടെ പറയാൻ പറ്റുന്ന ചില വ്യക്തികളും സാഹചര്യങ്ങളുമാണ് വേണ്ടത്. കൗൺസലിംഗ് സെന്റർ എന്ന ബോർഡൊക്കെയുള്ള ഔപചാരികതകൾ മാറ്റി വയ്ക്കുന്നതാവും ഉചിതം. പ്രശ്നങ്ങൾ അസാധാരണമല്ലെന്നും, പരിഹരിക്കാനാവുന്നതുമാണ് എന്ന ആശ്വാസവും, സമാധാനവും നൽകുന്ന സ്ഥലങ്ങളാണ് വേണ്ടത്. ഇന്നലെകളിൽ മാത്രം ജീവിക്കുന്നവരല്ലാത്ത, ഇന്നത്തെ തൊഴിൽ, ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കുന്ന ആളുകളാണവിടെ ഉണ്ടാകേണ്ടത്.

## പ്രായോഗിക സഹായം കിട്ടുമോ ?

ഞങ്ങളുടെ ആദ്യത്തെ കുട്ടി വളരെ ചെറുതായിരുന്ന സമയം. ഞാൻ കോളേജിൽ പഠിപ്പിക്കുന്നു. രാവിലെ എട്ടു മണിക്ക് വീട്ടിൽ നിന്നിറങ്ങണം. ഭാര്യ ഡോക്ടറായി ജോലി ചെയ്യുന്ന ആശുപത്രിയിൽ എട്ടരയ്ക്ക് റിപ്പോർട്ട് ചെയ്തേ പറ്റൂ. കുഞ്ഞിനെ നോക്കാൻ രാവിലെ എട്ടിനെത്തേണ്ട സഹായി വരില്ലെന്നറിയിക്കുന്നത് അരമണിക്കൂർ മുൻപുമാത്രം. രണ്ടുപേർക്കും ലീവെടുക്കാവുന്ന സാഹചര്യമല്ല. രാവിലെ ഉടലെടുത്തിരിക്കുന്നത് ഗുരുതരമായ ഒരു പ്രശ്നമാണ്. ഏതാണ്ട് ഒരു കിലോമീറ്റർ അകലെയുള്ള പരിചയമുള്ള ഒരു അമ്മച്ചിയുടെ അടുത്ത് കുഞ്ഞിനെ ഏൽപ്പിച്ചിട്ട് ഞങ്ങൾ ജോലിക്ക് പോയി. അമ്മച്ചിയോട് ചോദിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായി എന്നതാണ് പ്രധാന കാര്യം.



യുവ ദമ്പതിമാരെയും, കുടുംബങ്ങളെയും സഹായിക്കാൻ, അവരുടെ ആവശ്യങ്ങളിൽ കൂടെ നിൽക്കാൻ, എന്തെങ്കിലും പ്രായോഗിക സംവിധാനങ്ങൾ ഉണ്ടാക്കാനാവുമോ. ചെറിയ വരുമാനത്തിൽ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ ബുദ്ധിമുട്ടുന്നവർക്ക് കൂടുതൽ സാമ്പത്തിക ഭാരം വഹിക്കാൻ ആവില്ലെന്നതോർക്കണം. കുറച്ച് സമയത്തേക്ക്, ഒരു ദിവസത്തേക്ക് കുട്ടികളെ നോക്കുക, ഏതെങ്കിലും പ്രദേശത്ത് യാത്ര ചെയ്തെത്തുമ്പോൾ കുറച്ചു സമയം ചെലവഴിക്കാനും, ഫ്രഷ് ആകാനും ഒരു സ്ഥലം, പലിശയുടെ ഭാരമൊന്നുമില്ലാതെ കുറച്ച് കാലത്തേയ്ക്കൊരു ലോൺ, വാടകയ്ക്ക് താമസിക്കാൻ ഒരു സ്ഥലം കണ്ടെത്താനോ, വീട്ടിൽ ജോലിക്ക് ആളെ കണ്ടെത്താനോ ഒരു സഹായം എന്നതൊക്കെ പലവിധ ജീവിത-തൊഴിൽ സംഘർഷങ്ങളിൽ കൂടി കടന്നു പോകുന്ന യുവ കുടുംബങ്ങൾക്കൊരു സഹായമാവും.

ഇന്ന് വൈകിട്ട് കുക്കിങ്ങ് ഒന്നും വേണ്ട, നിങ്ങൾക്കുള്ള ഭക്ഷണവുമായി ഞങ്ങൾ വരുന്നുണ്ട് എന്നു പറയാൻ ആരെങ്കിലുമൊക്കെ ഉണ്ടെങ്കിൽ നല്ലതല്ലേ? അടുത്തടുത്ത് താമസിക്കുന്നവർക്ക് കമ്മ്യൂണിറ്റി കിച്ചൻ പോലുള്ള ആശയങ്ങളും ഏറെ സമയവും അധ്വാനവും കുറയ്ക്കാൻ  സഹായിക്കുന്ന പ്രായോഗിക കാര്യങ്ങളാവും.

## സൈക്കിളഭ്യാസവും പഠിക്കണം

1980കളിൽ ഒരു സൈക്കിൾ പോലും ആഡംബരമായിരുന്ന ജീവിത സാഹചര്യങ്ങളിൽ പത്താം ക്ലാസ്സ് കഴിഞ്ഞ കാലത്താണ് എനിക്കൊരെണ്ണം സ്വന്തമാക്കാനായത്. പിന്നീട് 7-8 വർഷങ്ങൾ അതെന്റെ സന്തത സഹചാരിയായിരുന്നു. നാളുകൾക്കൊണ്ട് ഹാൻഡിലിൽ പിടിക്കാതെതന്നെ സൈക്കിളോടിക്കാനൊക്കെ പറ്റി. പക്ഷേ, ഇതിനിടയിൽ പല വീഴ്ചകളും പരിക്കുകളുമൊക്കെ ഉണ്ടായി. ഇക്കാലത്ത് വിവാഹിതരാകുന്നവർ ആദ്യം പഠിക്കേണ്ട പാഠം സൈക്കളിൽ നിന്നാണെന്നു തോന്നുന്നു. വീഴുക, ചെറിയ പരിക്കുകൾ എന്നിവയൊക്കെ സ്വാഭാവികം. ആദ്യ ദിനങ്ങളിൽ തന്നെ സർക്കസിലെ അഭ്യാസിയുടെ വൈദഗ്ദ്യം പ്രതീക്ഷിക്കാതെ ക്ഷമയോടെ കാത്തിരിക്കാൻ മാതാപിതാകൾക്കും സുഹൃത്തുക്കൾക്കുമാകണം. ചെടി നട്ടിട്ട് വേരു പിടിച്ചോയെന്നറിയാൻ ഓരോ ദിവസവും പിഴുതു നോക്കിയാൽ ചെടിയുടെ അവസ്ഥയെന്താവും. പ്രസ്ഥാനത്തിന്റെയോ ബന്ധുക്കളുടെയോ പ്രതീക്ഷകളുടെ അമിതഭാരമില്ലാതെ ജീവിച്ചു തുടങ്ങാൻ ആ ചെറുപ്പക്കാരെ ഒന്നനുവദിക്കുമോ. കരുതലിന്റെയും സ്നേഹത്തിന്റെയും (ഉത്കണ്ഠയെ ചിലരെങ്കിലും സ്നേഹമെന്ന് തെറ്റിദ്ധരിക്കുന്നു.) പേരിൽ അമിത പ്രതീക്ഷകളും ഭാരവും അവരുടെ ചുമലിൽ വച്ചുകെട്ടാതിരിക്കാനാവുമോ? ദയവായി അവരെ അവരുടെ ജീവിതം രചിക്കാൻ വെറുതെ വിടൂ. ആധുനിക ആശയവിനിമയ സംവിധാനങ്ങൾ ഒരു ശാപമായിത്തീരുന്ന സാഹചര്യങ്ങളുണ്ട്. ആണിനെയും പെണ്ണിനെയും ഓരോ ദിവസവും (പലപ്പോഴും പല തവണ) വിളിച്ച് അങ്ങനെ ചെയ്യൂ, ഇങ്ങനെ വേണം എന്നൊക്കെ നിർദേശിച്ച് റിമോട്ട് കൺട്രോൾ നടത്തി കുഴപ്പത്തിലായ ഒന്നിലധികം പേരെ കണ്ടിട്ടുണ്ട്. കത്തോലിക്കാ വിശ്വാസത്തിൽ അത്ര ആഴമുണ്ടെന്നൊന്നും തോന്നിയിട്ടില്ലാതിരുന്ന ഒരു വ്യക്തിയുടെ മകൾ ബുദ്ധിമുട്ടേറിയ സാഹചര്യത്തിലൂടെ കടന്നുപോയപ്പോൾ, വിവാഹം വിട്ടുകളയാൻ പാടില്ല എന്നല്ലേ പള്ളിയിൽ പറയുന്നത് എന്നു പറഞ്ഞുകൊണ്ട്, നാളുകൾ നീണ്ട ക്ഷമാപൂർവമായ പരിശ്രമങ്ങൾക്കൊടുവിൽ വിജയം കണ്ടതിന്റെയോർമയുമുണ്ട് ||

# കായൽക്കരയിലെ Coffee ഷോപ്പിൽ

വിവാഹിതരും അല്ലാത്തവരുമായ കുറച്ചു ചെറുപ്പക്കാരുടെ ഒരു ഗ്രൂപ്പ്. കായൽക്കരയിലെ കോഫീ ഷോപ്പിലിരുന്ന് വെറുതെ വിശേഷം പറഞ്ഞു തുടങ്ങിയതാണ്. വിശേഷങ്ങൾ പതിയെ കുടുംബ ജീവിതത്തിലേക്കും ദാമ്പത്യ ജീവിതത്തിലേക്കുമൊക്കെ കടന്നു. പലരും തങ്ങളുടെ ജീവിതത്തിലെ രസകരമായ അനുഭവങ്ങൾ പറഞ്ഞു തുടങ്ങി. അവരുടെ അബദ്ധങ്ങളും മണ്ടത്തരങ്ങളും നല്ലതും അല്ലാത്തതും വീണതും എഴുന്നേറ്റതുമായ കുറേ വിശേഷങ്ങൾ കൂട്ടിച്ചേർത്തതാണ് ഈ കുറിപ്പ്.വായനക്കാർക്ക് അവരവരുടെ ഏറ്റവും അടുത്ത സുഹൃത്തുക്കളോടൊപ്പമുള്ള ഒരു ഗ്രൂപ്പിനെ ഭാവനയിൽ കണ്ടു വായിക്കാവുന്നതാണ്. അങ്ങനെതന്നെ വേണം വായിക്കാൻ. അപ്പോഴാണ് അതിൻെറ ഒരു ഫീലുണ്ടാവുക.

**റീന രാജു**

"ഞങ്ങൾ തമ്മിൽ അടിവീണു, അടിച്ചു പിരിഞ്ഞു, ഇനി ഒട്ടും പറ്റില്ല, എന്നൊക്കെ പറയാനൊന്നും നമുക്ക് യാതൊരു അർഹതയുമില്ല; കാരണം ജീവിതത്തിലെ എല്ലാ കാര്യങ്ങളിലൂടെയും ദൈവം നമ്മെ പല കാര്യങ്ങളും പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ആ ഒരു വ്യക്തതയും തിരിച്ചറിവുമൊക്കെയാണ് എന്റെ ജീവിതത്തിൽ എനിക്ക് മനസ്സിലാവുന്നത്. ആത്മീയമായി ജീവിക്കാൻ ആഗ്രഹിക്കുന്ന ആളുകൾക്ക് പഠിക്കുന്ന തിയറിയൊക്കെ പ്രാക്ടിക്കൽ ആക്കാൻ ആയിട്ടുള്ള സന്ദർഭങ്ങളാണ് വിവാഹത്തിന് ശേഷമുള്ള നാളുകൾ. അപ്പോൾ ആ സമയത്തുള്ള ബുദ്ധിമുട്ടുകളും മുറിവുകളും പ്രശ്നങ്ങളും എല്ലാംതന്നെ ദൈവത്തോടൊപ്പം നിന്നുകൊണ്ട് ചോദിച്ചും പറഞ്ഞും ദൈവത്തെ കേട്ടുമൊക്കെ മാനേജ് ചെയ്ത് പോകേണ്ടവരാണ്. അതിനുള്ള കൃപയും നമുക്ക് കിട്ടിയിട്ടുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്."



*(കേട്ടവരെല്ലാം ധ്യാനനിമഗ്നരായി)*



**സാനിയ മോസസ്**

"വിവാഹത്തിനുശേഷം ഞങ്ങൾ ഒറ്റയ്ക്ക് താമസിക്കുന്നു. എന്റെ ഭർത്താവ് 'വർക്ക് ഫ്രം ഹോം' ജോലി ചെയ്യുന്ന സമയമായിരുന്നു. ആൾക്ക് കുക്കിംഗ് വളരെ പ്രിയപ്പെട്ട കാര്യമാണ്. ഒരു ദിവസം ഗോവൻ സ്റ്റൈലിൽ ചെമ്മീൻ കറിവച്ചു. ഞാനെന്തോ കാര്യത്തിനായി പുറത്തുപോയി, ക്ഷീണിതയായി തിരികെ വന്നുകയറുന്ന സമയത്ത് ചെമ്മീൻ കറി കൊണ്ടുവന്ന് അതൊന്നു ടേസ്റ്റ് ചെയ്ത് അഭിപ്രായം പറയാൻ പറഞ്ഞു. ഞാൻ വളരെ ക്ഷീണിതയായിരുന്നതിനാൽ പിന്നീട് നോക്കാമെന്ന് പറഞ്ഞു. ആൾ അപ്പോൾ ഒരു സ്പൂണിൽ ഒരൽപമെടുത്ത് കൊണ്ടുവന്ന് അത് രുചിച്ചുനോക്കി ഇപ്പോൾ തന്നെ അഭിപ്രായം പറയാൻ പറഞ്ഞു. എനിക്കാണെങ്കിൽ കറി തനിയെ കഴിക്കുന്നതും അത്ര താത്പര്യമില്ല. ഞാൻ നോക്കിയപ്പോൾ വലിയ ഒരു പാത്രത്തിൽ നല്ല അടിപൊളിയായി ചെമ്മീൻ കറി ഉണ്ടാക്കി വച്ചിരിക്കുന്നു. നീയിത് ഇപ്പോൾ കഴിച്ചു നോക്കിയില്ലെങ്കിൽ ഞാനിതിപ്പോൾ തന്നെ എല്ലാം കൂടി കൊണ്ടുപോയി പുറത്തു കളയുമെന്നു പറഞ്ഞു. ഞാനും അതേ ടോണിൽ തന്നെ എന്നാൽ കളഞ്ഞോയെന്നും പറഞ്ഞു."

"പറഞ്ഞതുപോലെ ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. പിന്നെ ഞാൻ കാണുന്നത് അദ്ദേഹം ടോയ്‌ലറ്റിൽ കൊണ്ടുപോയി ആ പാത്രത്തിലുണ്ടാക്കി വെച്ചിരുന്ന കറി മുഴുവൻ കൊട്ടിക്കളയുന്നതാണ്. എനിക്ക് അതൊരു വലിയ ഷോക്കായിരുന്നു. ഞാൻ എന്നിട്ട് ഒരു സോറിയൊക്കെ പറഞ്ഞു. എനിക്ക് ടേസ്റ്റ് ചെയ്യാൻ തന്നിരുന്ന ആ സ്പൂണിലെ കറി ഞാൻ രചിച്ചുനോക്കി. അടിപൊളി ടേസ്റ്റായിരുന്നു. കറി അന്വേഷിച്ചിട്ട് ഒരൽപം പോലും ഉണ്ടായിരുന്നില്ല. നല്ല രുചിയുള്ള ആ കറി കൊണ്ടുപോയി കളഞ്ഞതോർത്തപ്പോൾ വലിയ സങ്കടമായി. ഓരോ ആളുകളുടെ ഓരോരോ അവസ്ഥകളേയ്."

*(കേട്ടവർ ആ സീനുകൾ മനസ്സിൽകണ്ട് ചിരിച്ചു ചിരിച്ചു മടുത്തു)*



**നമ്മൾ ആരെയും ജഡ്ജ് ചെയ്യാനോ നന്നാക്കാനോ പോകണ്ട. വ്യത്യസ്തരായ രണ്ട് ആളുകൾ കല്യാണം കഴിച്ചിരിക്കുന്നു, അതിന്റേതായിട്ടുള്ള എല്ലാ പ്രത്യേകതകളും അവരുടെ ലൈഫിൽ ഉണ്ടാവും. അതങ്ങ് അംഗീകരിച്ചാൽ മതി.**

**മാത്തച്ചൻ**

"ഞങ്ങളുടെ കൂടെ പഠിപ്പിക്കുന്ന വളരെ മറവിയുള്ള ഒരു സാറിന് പറ്റിയ ഒരബദ്ധം ഇതായിരുന്നു. ദൂരെ ഒരു ഹയർസെക്കൻഡറി സ്കൂളിൽ അധ്യാപികയാണ് ഭാര്യ. വെള്ളിയാഴ്ച ദിവസം ആകുമ്പോഴാണ് ജോലികഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുന്നത്. അങ്ങനെ വരുന്ന ദിവസം രാത്രി ഏറെ വൈകിയാണ് ബസ്സിൽ വന്നിറങ്ങുന്നത്. ഭർത്താവ് രാത്രിയിൽതന്നെ വന്ന് കൂട്ടി കൊണ്ടുപോകും. ഒരിക്കൽ ഇതുപോലെ വരുന്ന സമയത്ത് രാത്രിയിൽ ഭാര്യയെ കൂട്ടി കൊണ്ടുവരാൻ പോകണമെന്ന് വിചാരിച്ചെങ്കിലും സമയമായപ്പോൾ അദ്ദേഹം ഉറങ്ങിപ്പോയി ! ബാക്കി എന്തായിരിക്കും സംഭവിച്ചതെന്ന് നിങ്ങൾ തന്നെ ഊഹിച്ചാൽ മതി."

മാത്തച്ചൻ പറഞ്ഞത് കേട്ട് കൂടെയുണ്ടായിരുന്ന റീന പറഞ്ഞു: "ഞാനായിരുന്നെങ്കിൽ ശരിയാക്കിയേനെ. പെണ്ണുങ്ങളെ സംബന്ധിച്ച് അതൊരു വല്ലാത്ത പ്രയാസമാണ്. അങ്ങനെയൊന്നും സംഭവിക്കരുത്. ഞങ്ങളെക്കുറിച്ച് ഇത്രയേ വിലയുള്ളൂവെന്ന് ഞങ്ങൾ ചിന്തിച്ചു പോകും."

"അല്ലാ, ഇതിപ്പോൾ മനപ്പൂർവം അല്ലല്ലോ." ആന്റപ്പന്റെ കമന്റ്. റീന വിടുന്ന മട്ടില്ല, "അതൊക്കെ ഓക്കെ, എന്നാൽപ്പോലും അങ്ങനെ ആവരുതല്ലോ."


ആന്റപ്പന്റെയും റീനയുടെയും ഭാവപ്രകടനങ്ങൾ കണ്ടപ്പോൾ മാത്തച്ചൻ അനുനയത്തിൽ പറഞ്ഞു: "എന്തൊക്കെയായാലും തമ്പുരാൻ പറഞ്ഞിരിക്കുന്നത് പോലെ, നമ്മൾ ചെയ്താൽ മതി. നമ്മൾ ആരെയും ജഡ്ജ് ചെയ്യാനോ നന്നാക്കാനോ പോകണ്ട. വ്യത്യസ്തരായ രണ്ട് ആളുകൾ കല്യാണം കഴിച്ചിരിക്കുന്നു, അതിന്റേതായിട്ടുള്ള എല്ലാ പ്രത്യേകതകളും അവരുടെ ലൈഫിൽ ഉണ്ടാവും. അതങ്ങ് അംഗീകരിച്ചാൽ മതി."

**സ്റ്റെഫി**

"ഓൺലൈൻ മീറ്റിംഗിലൊക്കെ എന്ത് കളിയും ചിരിയുമാണ്. പക്ഷേ, വീട്ടിൽ ഇതൊന്നും കാണുന്നില്ലല്ലോ എന്തുപറ്റി? എന്റെ ഭാര്യ എന്നോട് പറയാറുള്ളതാണ്." വേറൊരാളുടെ കമന്റിതായിരുന്നു.

**റീന**

റീന തന്റെയനുഭവം തുറന്നു പറഞ്ഞു: "ഭാര്യയായാലും ഭർത്താവായാലും എന്തെങ്കിലും കാര്യങ്ങൾ നമ്മളോട് പറയുമ്പോൾ ഞാനത് ചെയ്യാല്ലോ ശരിയാക്കാല്ലോ അവിടെ പോകാല്ലോ എന്നൊക്കെയുള്ള മറുപടി കൊടുക്കുന്നതാണ് നല്ലത്. പിന്നീടത് ചെയ്തില്ലെങ്കിലും കുഴപ്പമില്ല." *(ചിരി)*



*(ഇതിനിടയിൽ വന്ന ചൂടുള്ള ചുക്കുകാപ്പി ഊതിക്കുടിച്ച് വീണ്ടും ഞങ്ങൾ വർത്തമാനം തുടർന്നു)*



**ജോജൻ**

"ഞങ്ങൾക്കിടയിൽ വേറൊരു രീതിയാണ്. ഭാര്യ പലപ്പോഴും പറയും എല്ലാം അറിയാൻ പാടില്ലേ? കാണുന്നില്ലേ, കണ്ടറിഞ്ഞ് ചെയ്യാൻ പാടില്ലേ എന്നൊക്കെ. എനിക്കത് കേൾക്കുമ്പോൾ ചൊറിഞ്ഞുകയറും. കാര്യങ്ങളൊക്കെ ഒന്ന് വ്യക്തമായിട്ട് പറയുകയോ മറന്നുപോയാൽ ഓർമിപ്പിക്കുകയോ അല്ലേ വേണ്ടത്. മറ്റേയാൾ കണ്ടറിഞ്ഞ് ചെയ്യണമെന്നുള്ള ആഗ്രഹം മാറ്റി, ചോദിച്ചും പറഞ്ഞുമൊക്കെ ചെയ്തല്ലേ മുന്നോട്ടു പോകേണ്ടത്. അങ്ങനെ കാര്യങ്ങളൊക്കെ അങ്ങോട്ടുമിങ്ങോട്ടും ചോദിച്ചും പറഞ്ഞും.. അതല്ലേ അതിന്റെ ഒരിത്. കൊടുത്തു വാങ്ങിക്കുന്നു എന്ന് പറയുന്ന പോലെ." *(അടി വാങ്ങിക്കുന്ന കാര്യമല്ല ഉദ്ദേശിച്ചത്)*

**മഡോണ സാലി**

"അതേ, അത് ശരിയാണ്. വിവാഹത്തിന് മുമ്പ് ഞാൻ എന്റെ പപ്പയോട് എനിക്ക് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അത് വേണമെന്ന് പറയാറില്ലായിരുന്നു. അത് കണ്ടറിഞ്ഞു പപ്പ ചെയ്യും. വിവാഹത്തിനുശേഷം ഞാൻ ഹസ്ബന്റിനോട് എല്ലാ കാര്യങ്ങളും വേണമെന്ന് പറയുമായിരുന്നു. എനിക്ക് ഒരു സാധനം വേണം എന്ന് പറയുമ്പോൾ അതിനെന്താ വാങ്ങിക്കാല്ലോ എന്നാണ് പറയാറുള്ളത്. ആ മറുപടി കേൾക്കുമ്പോൾ തന്നെ സന്തോഷമാകും. പക്ഷേ, ഒരിക്കലുമത് വാങ്ങിച്ചു തന്നു കണ്ടിട്ടില്ല." (കൂട്ടച്ചിരി)

**സമയം പോയതറിഞ്ഞില്ല. വർത്തമാനത്തിനിടയിൽ, ഓർഡർ ചെയ്ത പാലപ്പവും ചിക്കൻ കറിയുമെത്തിയപ്പോൾ പിന്നെ മറ്റൊന്നിനും നേരമുണ്ടായിരുന്നില്ല, ഞങ്ങൾ തിരക്കിലായി ||**



വിശേഷ വാർത്ത



ബിനു മാത്യൂസ്, തിരുവനന്തപുരം

# ദയാ ദാനിലെ കുഞ്ഞു നക്ഷത്രങ്ങൾ



*ജീവിതത്തിൻെറ ക്ഷണികതയും സ്വർഗത്തിൻെറ മുന്നാസ്വാദനവും പകരുന്ന അനുഭവങ്ങൾ. ജീവിതത്തിൽ നിറഞ്ഞുനിൽക്കുന്ന ദൈവ സാന്നിധ്യവും സൗഭാഗ്യങ്ങളും കാണുവാൻ ഉൾക്കണ്ണുകൾ തുറക്കുന്ന ഹൃദയസ്പർശിയായ അനുഭവങ്ങൾ. കരുണയുടെ നഗരം എന്ന് വിശേഷിപ്പിക്കാവുന്ന കൊൽ ക്കത്തയുടെ മണ്ണിലൂടെ ഒരു യാത്ര.*




കഴിഞ്ഞ സെപ്റ്റംബർ അഞ്ചാം തീയതി പുലർച്ചെ കൊൽക്കത്തയിൽ കാലുകുത്തു മ്പോൾ എന്റെ വളരെ കാലത്തെ ഒരു സ്വപ്നം സാക്ഷാത്കരിക്കുകയായിരുന്നു. അഞ്ചു രൂപയും ഒരു ചൂലും കൊണ്ട് ലൊറേറ്റോ കോൺവെന്റിന്റെ നാല് ചുവരുകൾക്കുള്ളിൽ നിന്നും പുറത്തേക്കിറങ്ങിയ ഒരു വിശുദ്ധ സഞ്ചരിച്ച വഴിയിലൂടെ, ആ നഗരത്തെ കാണാനുള്ള യാത്രയായിരുന്നു അത്.

## സന്തോഷത്തിന്റെ നാട്ടിൽ

ജീസസ് യൂത്ത് ഫാമിലി കോൺഫറൻസിന്റെ മിഷൻ യാത്രയുടെ ഭാഗമായുള്ള യാത്ര. സന്തോഷത്തിന്റെ നഗരി എന്നറിയപ്പെടുന്ന കൽക്കട്ടയിലേക്ക്. എന്തുകൊണ്ടാണ് ഈ നഗരത്തെ സന്തോഷമുള്ള നഗരം എന്ന് പറയുന്നതെന്ന് ഞാൻ എന്റെ യാത്രയിലെ ദിവസങ്ങ ളിൽ ചിന്തിച്ചു. ആ നഗരത്തിന്റെ പല ഭാഗങ്ങളിലും ആളുകൾ സംതൃപ്തിയോടെ ജീവിക്കുന്നു എന്നുള്ള തിരിച്ചറിവ് തന്നെയായി രിക്കും കാരണം. വീട്ടിൽ താമസിക്കുന്നവരും ചേരിയിൽ താമസിക്കു ന്നവരും പുറത്ത് താമസിക്കുന്നവരും എല്ലാവരും അവരുടെ ചുറ്റു പാടുകളിൽ സന്തോഷവാന്മാരായിരുന്നു എന്ന് അവരുടെ മുഖഭാവം വിളിച്ചു പറയുന്നുണ്ടായിരുന്നു.

## മദർ ചോദിച്ച ഒരു ചോദ്യം

മദർഹൗസിലേക്ക് പ്രഭാതത്തിൽ പുറപ്പെടുമ്പോൾ സിൽവർ ജൂബിലി ദിവസമായിരുന്നു. കേട്ടറിഞ്ഞതും പുസ്തകങ്ങളിൽ വായിച്ചിട്ടുള്ള തിൽ നിന്നും വ്യത്യസ്തവുമായ ഒരു ദൃശ്യാനുഭവമായിരുന്നു എനിക്ക് മദർഹൗസിൽ കാണാൻ സാധിച്ചത്. പുഞ്ചിരിച്ച മുഖവുമായി നമ്മളെ ഓരോരുത്തരെയും ഹൃദയത്തോടുചേർത്ത ഒരു കൂട്ടം മാലാ ഖമാരെ അവിടെ കണ്ടു, എന്തുകൊണ്ടും മാലാഖ എന്ന പേരിന് യോഗ്യരായ മനുഷ്യർ. ഒരു വിശുദ്ധ ജീവിച്ച വീട്ടിൽ, ആ പുണ്യാ ത്മാവിന്റെ കബറിടത്തിൽ മുട്ടുകുത്തി നിന്ന് പ്രാർഥിച്ചിറങ്ങുമ്പോൾ, നേർച്ച പെട്ടികൾക്ക് പകരം പ്രാർഥനാ പെട്ടികൾ മാത്രമാണ് അവി ടെയുണ്ടായിരുന്നത്. മദറിന്റെ കബറിടത്തെ വേറിട്ടതാക്കുന്നത് ആ മുറിയുടെ ലാളിത്യം തന്നെയാണ്. അന്ന് വൈകുന്നേരം ഞങ്ങൾക്ക് ഓറിയന്റേഷൻ എല്ലാം കഴിഞ്ഞ് അടുത്ത ദിവസം വോളണ്ടറി സർവീസിനായി പോകേണ്ട സ്ഥലത്തെപ്പറ്റി വിവരണങ്ങളും ഐഡന്റിറ്റി പാസ്സും ഞങ്ങൾ ഓരോരുത്തർക്കും തന്നു. എനിക്ക് പോകേണ്ടിയിരുന്ന സ്ഥലം, കുഞ്ഞുങ്ങളെ നോക്കുന്ന ദയാദാൻ എന്ന് പേരുള്ള സ്ഥലത്തേക്കായിരുന്നു.

അടുത്തദിവസം മദർ സുപ്പീരിയറുമായി ചെറിയ ഒരു കൂടിക്കാഴ്ചയ്ക്ക് അവസരം കിട്ടി. ജീസസ് യൂത്തിന്റെ ഫാമിലി കോൺഫറൻസുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഞങ്ങൾ കുറച്ചു നേരം മദറുമായി സംസാരിച്ചു. മദർ മേരി ജോസഫൈൻ പറഞ്ഞ ഒരു കാര്യം ഇപ്പോഴും ഹൃദയത്തിന്റെ കോണിൽ മായാതെ കിടക്കുന്നു. വിശുദ്ധ മദർ തെരേസ ചോദിച്ച ഒരു ചോദ്യം: Are you in the presence of God.

## മാലാഖമാർ സ്വർഗത്തിലല്ല

വോളണ്ടറി സർവീസിനായുള്ള ആദ്യത്തെ സ്ഥലമായ ദയാ ദാനി ലേക്ക് അടുത്ത ദിവസം കാലത്തേ യാത്ര പുറപ്പെട്ടു. പോൾസനും ബെൻസനും നെൽസനും അവരുടെ മക്കളും പല ദിവസങ്ങളിലും എന്റെ കൂടെയുണ്ടായിരുന്നു. എല്ലാ ദിവസങ്ങളിലും അവിടെ ചെല്ലു മ്പോൾ ഞങ്ങളെ സ്വീകരിച്ചിരുന്നത് മദർ തെരേസയുടെ കോൺ വെന്റിലെ സിസ്റ്റേഴ്സായിരുന്നു. അവിടത്തെ കുഞ്ഞുങ്ങളെയും മറ്റു കാഴ്ചകളും കണ്ടപ്പോൾ നമ്മളോരോരുത്തരും എത്രയോ ഭാഗ്യവാ ന്മാരും ഭാഗ്യവതികളുമാണെന്ന ഒരു ചിന്ത ഹൃദയത്തിൽ നിറഞ്ഞു.

നടക്കാൻ പ്രയാസമുള്ളതും തല നേരെവയ്ക്കാൻ പ്രയാസമുള്ളതും കട്ടിലിൽ കിടപ്പുരോഗികളായിട്ടുള്ള കുഞ്ഞുങ്ങളും അങ്ങനെ അനേകം കുഞ്ഞുങ്ങൾ ആ ഭവനത്തിൽ ഉണ്ടായിരുന്നു ഞങ്ങൾ ആദ്യ ദിവസം ഈ കുഞ്ഞുങ്ങളുടെ ഡ്രസ്സുകൾ കഴുകാൻ സഹാ യിച്ചു, അതിനുശേഷം ഈ കുഞ്ഞുങ്ങൾക്ക് ഭക്ഷണം കൊടു ക്കാനാണ് പോയത്. ഞങ്ങൾ ഓരോരുത്തരും ഈ കുഞ്ഞുങ്ങൾക്ക് ഭക്ഷണം വാരി കൊടുക്കുമ്പോൾ ദൈവത്തിന്റെ മുഖം ഈ കുഞ്ഞുങ്ങളുടെ മുഖത്ത് കാണാൻ കഴിഞ്ഞു.



***നടക്കാൻ പ്രയാസമുള്ളതും തല നേരെവയ്ക്കാൻ പ്രയാസമുള്ളതും കിടപ്പു രോഗികളായിട്ടുള്ളതും അങ്ങനെ അനേകം കുഞ്ഞുങ്ങൾ ആ ഭവനത്തിൽ ഉണ്ടായിരുന്നു.***

അവിടെ കണ്ട കുഞ്ഞുങ്ങളായ റോയിയും ജോയിയും പ്രിൻസും നിഖിലും അൽവാരോയും എല്ലാം എന്തെങ്കിലും പ്രത്യേകതയുള്ള കുഞ്ഞുങ്ങളായിരുന്നു. ഓരോ കുഞ്ഞുങ്ങൾക്ക് ഭക്ഷണം കൊടുക്കുമ്പോഴും നിറഞ്ഞ ഹൃദയത്തോടെ കൂടിയാണ് അവർ ഭക്ഷണം സ്വീകരിച്ചത്. എന്റെ ഹൃദയം വിങ്ങുന്നുണ്ടായിരുന്നു. അൽവാരോ ശരീരത്തിന്റെ പകുതിയോളം പാരലൈസ്ഡ് ആയിട്ടുള്ള ഒരു കുഞ്ഞായിരുന്നു. പക്ഷേ, ആ ഹൗസ് മുഴുവനും വീൽചെയറിൽ ഓടി എത്തുന്ന ഒരു പൂമ്പാറ്റയാണവൻ. അതീവ ബുദ്ധിമാനും. കാര്യങ്ങൾ കൃത്യതയോടെ കൈകാര്യം ചെയ്യുന്ന ഒരു കുഞ്ഞ്. മാതാപിതാക്കൾ ഉപേക്ഷിച്ച ആ കുഞ്ഞിനെ സ്വന്തം മകനെ പോലെ പരിപാലിക്കുന്ന കുറച്ചു മാലാഖമാർ. അവർ തന്നെയായിരുന്നു അവന്റെ അമ്മയും അപ്പനും അവന്റെ കുടുംബവും. അവന്റെ ലോകം അവിടെയുള്ള ഓരോ കുഞ്ഞു സഹോദരന്മാരുമായിരുന്നു. അവർക്കും അങ്ങനെ തന്നെ.

പ്രഭാതത്തിലെ അവരുടെ ഡയപ്പർ മാറ്റി കുളിപ്പിക്കുന്നത് മുതൽ അവർക്ക് ഭക്ഷണം വാരിക്കൊടുത്ത്, മാറോട് ചേർത്ത് പിടിക്കുന്ന ആ സിസ്റ്റേഴ്സിനെ കണ്ടപ്പോൾ, ദൈവവചനമാണ് ഹൃദയത്തിൽ വന്നത്. "ഈ ചെറിയവരിൽ ഒരുവന് നീ ഇത് ചെയ്തപ്പോൾ എനിക്കാണ് ചെയ്തത്."

## സുബജിത്തിന്റെ സൗഭാഗ്യം

ഞാൻ ഒരു കുഞ്ഞിനെ അവിടെ കണ്ടു അവന്റെ പേര് സുബജിത് എന്നായിരുന്നു അവന്റെ പ്രത്യേകത അവന്റെ തല വളരെ വലുതായിരുന്നു. നിർന്നിമേഷനായി കിടക്കുന്ന ആ കുഞ്ഞിനെ നോക്കുമ്പോൾ, അവൻ വിദൂരങ്ങളിൽ എവിടെയോ നോക്കി കിടക്കുകയായിരുന്നു. അവനോടു സംസാരിക്കുന്ന സിസ്റ്ററിന്റെ അടുക്കൽ ചെന്ന് നിങ്ങൾ പറയുന്ന കാര്യങ്ങൾ ഇവന് മനസ്സിലാകുമോയെന്ന് ഞാൻ ചോദിച്ചു. പുഞ്ചിരി തൂകിക്കൊണ്ട് സിസ്റ്റർ അവന്റെയടുത്ത് ചോദിച്ചു: "മോനെ നിന്റെ വീട്ടിൽ നിനക്ക് പോകണമോ?" അവന്റെ മുഖഭാവങ്ങൾ പെട്ടെന്ന് മാറിമറിയുന്നത് ഞാൻ കണ്ടു. അവന്റെ മുഖത്ത് ഒരു പുഞ്ചിരി ചെറുതായി വിടർന്നു. അവനെ അവിടെ കൊണ്ടുവിട്ടത്

അവന്റെ  മുത്തച്ഛൻ ആയിരുന്നു. വർഷങ്ങ ളായി ആരും കുഞ്ഞുങ്ങളെ തിരക്കി അവിടെ വരാറില്ല. മോനെ നിന്റെ മുത്തച്ഛൻ വരുമോയെന്ന് സിസ്റ്റർ അവനോടു ചോദിച്ച പ്പോൾ അവൻ വിങ്ങിപ്പൊട്ടിയത് ഹൃദയഭേ ദകമായ ഒരു കാഴ്ചയായിരുന്നു.

ഇതെനിക്ക് പുതിയൊരു ഉൾക്കാഴ്ച നൽകി. തലയിൽ ട്യൂമറുമായി ജീവിക്കുന്ന ആ മകന് ഓപ്പറേഷൻ ചെയ്യാൻ പറ്റുകയില്ലാ യെന്ന് ഡോക്ടർ പറഞ്ഞിട്ടുണ്ട്. അവന് മുൻപോട്ട് ജീവിത ദൈർഘ്യം വളരെയില്ല. കൈകളും കാലുകളും പ്രത്യേകിച്ച് ഒരു മൂവ്മെന്റും ഇല്ല. അവന്റെ മാതാപിതാക്കൾ അവനെ ഉപേക്ഷിച്ചതാണെന്ന് അവന് അറി യാമെങ്കിലും, സുബജിത്തിന്റെ മനസ്സിലും കുടുംബം എന്ന ഒരു സ്വപ്നം എവിടെയോ പന്തലിച്ചു നിൽക്കുന്നു. മാതാപിതാക്കൾ എന്ന സ്വപ്നവും അവന്റെ ഹൃദയത്തിൽ എവിടെയോ നാമ്പ് പിടിച്ചു നിൽക്കുന്നു. അവിടെയുള്ള ഓരോ കുഞ്ഞുങ്ങൾക്കും ഇതുപോലെ സ്വപ്നങ്ങൾ പലതാണ്. അവ സാന ദിവസം അവിടെ നിന്ന് യാത്ര പറഞ്ഞി റങ്ങുമ്പോൾ. സംസാരിക്കാൻ പറ്റുന്ന നിഖിലും അൽവാരയും പറഞ്ഞ ഒരു കാര്യ മുണ്ട് We are sad that you all are going back.

## വിലമതിക്കാനാവാത്ത അനുഭവങ്ങൾ

ഞങ്ങളുടെ സർവീസിന്റെ അവസാന ദിവസം, ദയാദാനിൽ നിന്നും സിസ്റ്റേഴ്സും ചേച്ചിമാരും ഒരു  കുഞ്ഞിനെ എടുത്തു വരുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടു, ഞാൻ അവരോടു ചോദിച്ചപ്പോൾ അന്ന് അവിടെ കിട്ടിയ കുഞ്ഞാണതെന്ന് അവർ പറഞ്ഞു. അവർ ഓരോരുത്തരും എത്ര സന്തോഷ ത്തോടെയാണ് ആ കുഞ്ഞിനെ സ്വീകരിക്കു ന്നത്. പുതിയ അമ്മയെയും പുതിയൊരു ഭവനവും കിട്ടിയ സന്തോഷം ആ കുഞ്ഞി നുണ്ടായിരുന്നു.

കാളിഘട്ടിലുള്ള മദറിന്റെ ഹൗസിലും, സ്നേഹസദനത്തിലും, പ്രേം ദാനിലും ഞങ്ങളുടെ കൂട്ടത്തിലുള്ള പലരും വോള ണ്ടറി സർവീസ് ചെയ്യുന്നുണ്ടായിരുന്നു. വോളണ്ടറി സർവീസിന് പോയ എല്ലവർക്കും വ്യത്യസ്തങ്ങളായ അനുഭവങ്ങളും പല പുതിയ തിരിച്ചറിവുകളും, തീരുമാനങ്ങളും, ഈ യാത്ര പ്രദാനം ചെയ്തിട്ടുണ്ട് എന്നു ള്ളത് നിശ്ചയമാണ്.

കൊൽക്കത്ത മിഷൻ തീരുന്ന ദിവസം മദർ ഹൗസിൽ വിസിറ്റ് ചെയ്ത് വിശുദ്ധ കുർബാ നയിൽ പങ്കെടുത്ത് തിരികെ പോരുമ്പോൾ ക്രൂശിത രൂപത്തിന്റെ സൈഡിലെ ഒരു വാചകം ശ്രദ്ധിച്ചു: 'I Thirst.' ലൊറേറ്റോ കോൺവെന്റിന്റെ നാല് ചുരുകൾക്കുള്ളിൽ നിന്നും മോത്തിചൽ എന്ന ചേരിയുടെ ഹൃദയത്തിലൂടെ നടന്നു പോകാനുള്ള പ്ര ചോദനം മദറിനു ലഭിച്ച ദൈവവചനവും ഇതു തന്നെയായിരിക്കും 'I Thirst.'

5 ഭൂഖണ്ഡങ്ങളിലും 136 രാജ്യങ്ങളിലും 756 ഭവനങ്ങൾ കർത്താവിന് വേണ്ടി തുറന്ന പ്പോൾ വിശുദ്ധ മദർ തെരേസ ഹൃദയത്തിൽ ഉരുവിട്ട വാചകവും ഇതുതന്നെ ആയി രിക്കാം 'I Thirst.'

ദയാ ദാനിന്റെ കോണിപ്പടികൾ ഇറങ്ങുമ്പോൾ ഹൃദയത്തിന്റെ കോണുകളിൽ മനസ്സ് പറഞ്ഞ ഒരു കാര്യമുണ്ട്. നക്ഷത്രങ്ങൾ വാരി വിത റുന്ന ഒരു ക്രിസ്മസ് അവധിക്കാലത്തോ, പൂക്കളങ്ങൾ നിറയുന്ന ഒരു ഓണക്കാലത്തോ, അല്ലെങ്കിൽ യേശുവിന്റെ ഉയർപ്പിനെ പ്രഘോ ഷിക്കുന്ന ഈസ്റ്റർ കാലത്തോ വീണ്ടും വരണം ഇവിടേയ്ക്ക്. ഈ കുഞ്ഞു നക്ഷ ത്രങ്ങൾ പാർക്കുന്ന സ്വർഗത്തിലേക്ക് II









സാജൻ സി. എ

# ക്ഷണിച്ചു വരുത്തുന്ന അപകടങ്ങൾ

**സോഷ്യൽ മീഡിയയിലും അല്ലാതെയും പല വിഷയങ്ങളെ കേന്ദ്രീകരിച്ചു ചൂടുപിടിച്ച ചർച്ചകൾ ധാരാളം നടക്കുന്നുണ്ട്. ഈ കുറിപ്പിൻെറ ഉള്ളടക്കം ശരിതെറ്റുകളുടെ വിശകല നമല്ല മറിച്ച്, ഉണ്ടായ ഒരനുഭവം പങ്കുവയ്ക്കുക മാത്രമാണിവിടെ ചെയ്യുന്നത്**

റേഷൻ കടയിൽ സാധനങ്ങൾ വാങ്ങിക്കാൻ പോയ ഒരു ദിനം. തിരക്കുണ്ടായിരുന്നതിനാൽ ഞാനവിടെ കാത്തു നിൽക്കുന്ന നേരത്ത് കടയ്ക്കു മുന്നിലെ റോഡിലൂടെ ഒരു പെൺകുട്ടി നടന്നുവരുന്നത് കണ്ടു. ഉരുണ്ട ശരീരപ്രകൃതം. പ്ലസ്ടുവിൽ പഠിക്കുന്ന പ്രായം കാണും. ഇറുകിയ ടീഷർട്ടും കാലിൽ ഒട്ടിപ്പിടിച്ചിരിക്കുന്ന ലെഗിൻസുമായിരുന്നു ആ പെൺകുട്ടി ധരിച്ചിരുന്ന വസ്ത്രം. ശരീരഭാഗങ്ങൾ എല്ലാം പ്രദർശിപ്പിക്കുന്ന രീതിയിലായിരുന്നു വേഷം. ആദ്യം ഞാൻ വിചാരിച്ചു, എന്റെ കണ്ണിന്റെ കുഴപ്പമായിരിക്കുമെന്ന്.

ഞാൻ നോക്കുമ്പോൾ റേഷൻ കടയുടെ എതിർവശത്ത് അടഞ്ഞുകിടക്കുന്ന ഒരു ഷട്ടറിന്റെ മുന്നിൽ കുറച്ചു ചെറുപ്പക്കാർ ഇരിക്കുന്നതു കണ്ടു. അവരുടെ എല്ലാവരുടെയും നോട്ടം ഈ പെൺകുട്ടിയിലായിരുന്നു. അവർ എന്തൊക്കെയോ കമന്റുകൾ പറഞ്ഞ് ചിരിച്ചുകൊണ്ടിരുന്നു. അടഞ്ഞ ഷട്ടറിന്റെ മുന്നിൽ ഇരിക്കുകയായിരുന്ന അവരുടെ കൂട്ടത്തിൽ നിന്ന് ഒന്നുരണ്ടു പേർ അപ്പോൾ തന്നെ ആ പെൺകുട്ടി പോകുന്നതും നോക്കി എഴുന്നേറ്റ് നിൽക്കുന്നതുകണ്ടു. അക്കൂട്ടത്തിൽ ചിലരുടെ ഭാവപ്രകടനങ്ങൾ കണ്ടപ്പോൾ എനിക്കെന്തോ ഒരു പന്തികേട് തോന്നി. ഓടിച്ചെന്ന് ആ പെങ്കൊച്ചിനോട് എന്തെങ്കിലും പറയണമെന്ന് തോന്നിയെങ്കിലും കടയിൽ നിൽക്കുന്നതിനാൽ പിന്നെ അതിനു തുനിഞ്ഞില്ല. ആ കുട്ടി പോയതിനു ശേഷം എന്റെ ഉള്ളിൽ ആ ചെറുപ്പക്കാരെക്കുറിച്ചുള്ള ചിന്തയായിരുന്നു. പെൺകുട്ടികൾ അവർക്കിഷ്ടമുള്ള വസ്ത്രം ധരിച്ചോട്ടെ. അതെന്തുതന്നെയായാലും അതുമിതും പറഞ്ഞു അവരുടെമേൽ കുതിരകേറാൻ പോകേണ്ട വല്ല കാര്യവുമുണ്ടോ? ചില സമീപകാല പീഡന വാർത്തകളും ചർച്ചകളും അന്നേരം മനസ്സിൽ തെളിഞ്ഞുവന്നു.

റേഷൻ കടയിൽ നിന്ന് സാധനങ്ങളും വാങ്ങി ഞാനെന്റെ ബൈക്കിൽ വീട്ടിലേക്ക് മടങ്ങി. പോകുംവഴി കുറച്ചു ദൂരം ചെന്നപ്പോൾ ആ പെൺകുട്ടി മറ്റൊരാളുടെകൂടെ തിരികെ വരുന്നത് കണ്ടു. മനസ്സിൽ തോന്നിയ കാര്യം അപ്പോഴെങ്കിലും പറയണമെന്ന് വിചാരിച്ചെങ്കിലും എന്റെ വണ്ടി മുന്നോട്ട് തന്നെ ഓടി. പക്ഷേ, മനസ്സ് സമ്മതിച്ചില്ല; ഞാൻ വണ്ടിതിരിച്ചു അവരുടെ അടുക്കലേക്ക് ചെന്നു. അവർക്ക് മുന്നിലായി വണ്ടി നിറുത്തിയിട്ട് എന്റെ അടുക്കലേക്ക് അവരെത്തുന്നത് കാത്തു നിന്നു. അടുത്തെത്തിയപ്പോൾ ഞാൻ ആ ചേട്ടനെ വിളിച്ചു. രണ്ടു പേരും എന്നെ നോക്കി. അൽപം ഭയത്തോടെയാണെങ്കിലും ചേട്ടൻ കുട്ടിയുടെ ആരാണെന്ന് ഞാൻ ചോദിച്ചു. അച്ഛനാണെന്നും തൊട്ടടുത്തുള്ള ക്ലിനിക്കിൽ മരുന്നിനു പോയതാണെന്നും അദ്ദേഹം പറഞ്ഞു.

ഞാൻ പറയുന്ന കാര്യം കേട്ടാൽ കൈവീശി എന്നെ അടിച്ചാലോ എന്നുള്ള പേടിയിൽ ഒരൽപം ജാഗ്രതയോടെ നിന്നുകൊണ്ട് ഞാൻ ആ ചേട്ടനോട് വീണ്ടും ചോദിച്ചു. മകൾ എത്രാം ക്ലാസ്സിലാ പഠിക്കുന്നത്? എട്ടാം ക്ലാസ്സിൽ ആണെന്ന് മറുപടി.

ഞാനന്തംവിട്ടുനിന്നു. പ്രായപൂർത്തിയായി കെട്ടിക്കാറായ ഒരു പെണ്ണിനെ പോലെയായിരുന്നു ആ കുട്ടിയുടെ പ്രകൃതം. ഞാൻ പറഞ്ഞു: ചേട്ടാ, മകൾ ഇട്ടിരിക്കുന്ന ഡ്രസ്സ് അത്ര നല്ലതല്ല. ശാരീരികമായിട്ട് ഇത്രയും വളർച്ചയുള്ള കുട്ടിയല്ലേ. ആ റേഷൻകടയുടെ മുന്നിലൂടെ വരുമ്പോൾ, അപ്പുറത്തെ കടയുടെ വരാന്തയിൽ കുറച്ച് ചെറുപ്പക്കാർ മകളെയും തുറിച്ചു നോക്കി ചിരിച്ചുകൊണ്ട് നിൽപ്പുണ്ടായിരുന്നു. നടക്കില്ലായിരിക്കാം എങ്കിലും ഞാനൊന്ന് പറയട്ടെ, ഏതെങ്കിലും തലതിരിഞ്ഞ ഒരെണ്ണത്തിന് ഒരു ദുർബുദ്ധി തോന്നി പുറകെ വന്ന്, കൂടെയുള്ളത് അച്ഛനാണെന്നൊന്നും നോക്കാതെ അടിച്ച് താഴെയിട്ടിട്ട് മകളെയും പിടിച്ചു വലിച്ച് വണ്ടിയിൽ കയറ്റി കൊണ്ടുപോകും. പിന്നീട് എന്താണ് സംഭവിക്കുന്നതെന്ന് പറയേണ്ടല്ലോ. ചേട്ടൻ വാർത്തകളൊന്നും അറിയുന്നില്ലേ? വസ്ത്രധാരണം പലപ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ട്. ശ്രദ്ധിക്കണം കേട്ടോ.

ഞാനത് പറഞ്ഞുകഴിഞ്ഞപ്പോൾ ആ അച്ഛന്റെ മുഖത്തേക്ക് നോക്കി. അദ്ദേഹം കണ്ണുംതള്ളി എന്നെ നോക്കി നിൽക്കുകയായിരുന്നു. അദ്ദേഹം കൈ ഉയർത്തിയപ്പോൾ ഞാനൊന്നു ഞെട്ടി. കൈനീട്ടി എനിക്ക് ഷേക്ക്ഹാൻഡ് തന്നിട്ട് അദ്ദേഹം പറഞ്ഞു: താങ്ക്യൂ ചേട്ടാ ഒരുപാട് നന്ദിയുണ്ട്; ഭാര്യയാണ് കുട്ടിയെ ഒരുക്കി വിടുന്നത്. ഈ പറഞ്ഞതുപോലെ ഒന്നും ഞങ്ങൾക്ക് തോന്നിയിട്ടില്ല. മാതാപിതാക്കളല്ലേ അങ്ങനെയൊന്നും തോന്നില്ലല്ലോ. എന്തായാലും പറഞ്ഞുതന്നത് നന്നായി വളരെ ഉപകാരം. കൈതന്ന് നന്ദിയും പറഞ്ഞു പോകുന്നത് കണ്ടപ്പോൾ എനിക്കാശ്വാസമായി. മാതാപിതാക്കൾ വിചാരിച്ചാൽ, ഇത്തരത്തിൽ ഉണ്ടാകാനിടയുള്ള അപകടത്തിൽ നിന്ന് കുട്ടികളെ രക്ഷിക്കാൻ ഒരു പരിധിവരെ സാധിക്കുമെന്ന് ഉറപ്പായി. പറഞ്ഞുവരുമ്പോൾ ഈ വിഷയം പെൺകുട്ടികളുടെ മാത്രമാണെന്ന് വിചാരിക്കുന്നതും ശരിയാകില്ല. ആണുങ്ങളും വസ്ത്രധാരണത്തിൽ അലംഭാവം കാട്ടുന്നുണ്ടെന്നും അതിരുകടക്കുന്നെന്നും പറഞ്ഞാൽ തെറ്റുപറയാൻ പറ്റില്ല. വെസ്റ്റേൺ ലൈഫ്സ്റ്റൈലുകൾ നമ്മുടെ നാട്ടിലും 'ന്യൂനോർമൽ' ആയിട്ട് ഏറെ വർഷങ്ങളായിട്ടുണ്ട്. പാശ്ചാത്യ സംസകാരങ്ങളുടെ കടന്നുകയറ്റം, വ്യക്തിസ്വാതന്ത്ര്യം, മാറേണ്ട മനോഭാവം, സംസ്കാരസമന്വയം തുടങ്ങി ഈ വിഷയവുമായി ബന്ധപ്പെട്ട ചർച്ചകളെയും വാഗ്വാദങ്ങളെയും മാറ്റിനിറുത്തിയാൽ മനസ്സിലാകുന്നത്, അപകടത്തെ സ്വയം ക്ഷണിച്ചുവരുത്താതെയും അറിവില്ലായ്മകൊണ്ട് അപകടത്തിൽ ചെന്ന് ചാടാതെയും ശ്രദ്ധിക്കേണ്ടത് അവനവൻ തന്നെയാണെന്നാണ് ||



**പറഞ്ഞുവരുമ്പോൾ ഈ വിഷയം പെൺകുട്ടികളുടെ മാത്രമാണെന്ന് വിചാരിക്കുന്നതും ശരിയാകില്ല. ആണുങ്ങളും വസ്ത്രധാരണത്തിൽ അലംഭാവം കാട്ടുന്നുണ്ടെന്നും അതിരുകടക്കുന്നെന്നും പറഞ്ഞാൽ തെറ്റുപറയാൻ പറ്റില്ല.**




# ന്യൂസ് ഹൈലൈറ്റ്സ്

കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർവായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായത് ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.

## ന്യൂ യോർക്ക് നഗരത്തിലൂടെ എഴുന്നള്ളുന്ന ദിവ്യകാരുണ്യനാഥൻ




ലോകം അസമാധാനത്തിലേക്കും അസന്തുഷ്ടിയിലേയ്ക്കും കടന്നു പോകുമ്പോൾ ദിവ്യകാരുണ്യ പ്രദക്ഷിണം ആശ്വാസകരവും ദൈവിക ഇടപെടലിനു വഴിയൊരുക്കുകയും ചെയ്യുമെന്നത് തീർച്ചയാണ്. ഇത്തരം അനുഷ്ഠാനങ്ങൾ ജനങ്ങളെ സ്വാധീനിക്കാതിരിക്കില്ല. ദേവാലയത്തിനകത്തു മാത്രമായി ആത്മീയാനുഷ്ഠാനങ്ങൾ ഒതുങ്ങാതെ പുറംലോകത്തേക്കും ദിവ്യകാരുണ്യ പ്രദക്ഷിണം, ജപമാലറാലി എന്നിവ നടത്തുമ്പോൾ മറ്റനേകം വ്യക്തികൾ ഇതിൽ ആകൃഷ്ടരാകാതിരിക്കില്ല. മാത്രമല്ല, ഇത്തരം ചടങ്ങുകൾ നടക്കുന്ന സ്ഥലങ്ങളിലുണ്ടാകുന്ന സമാധാനത്തിന്റെ ഊർജം അനന്തമായിരിക്കും. ഇക്കഴിഞ്ഞ ഒക്ടോബർ 11-ന് ന്യൂയോർക്ക് നഗരത്തിൽ നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണം അനേകർ താത്പര്യത്തോടെ വീക്ഷിച്ചുവെന്നത് ആശാവഹമായ കാര്യമാണ്. നാട്ടിൽ നടക്കുന്ന നരബലി പോലുള്ള പൈശാചിക കൃത്യങ്ങളെയോർത്ത് ആകുലരാകാതെ ദിവ്യകാരുണ്യ പ്രദക്ഷിണങ്ങളും ജപമാല റാലികളും നടത്താൻ നാം മുന്നിട്ടിറങ്ങണം. വീഡിയോ ലിങ്ക്: https://fb.watch/gbTjiEVRJi/




## മുന്നാസ് എന്ന ചെറുപ്പക്കാരൻ തരംഗമാകുന്നു

'കൂടുതൽ ദുഖിക്കുന്നത് നിറുത്തൂ.. ഞാനിവിടെ സ്വർഗത്തിൽ ചില്ലിംഗ് ആണ്, ഡോണ്ട്വറി,' എന്ന ചരമക്കുറിപ്പ് എഴുതി നിത്യതയിലേക്കു പോയ തൃശൂർ മൊയലൻ വീട്ടിൽ ജോസ് റെയ്നി എന്ന 25-കാരൻ ഇപ്പോൾ അനേകർക്ക് ആശ്വാസമാകുന്നു. മുന്നാസ് എന്നു വിളിപ്പേരുള്ള ആ യുവാവിന്റെ ആത്മീയ നിറവിനെപ്പറ്റി മൃതസംസ്കാര ശുശ്രൂഷയ്ക്കിടെ ഫാ. ഡൊമിനി ചാഴൂർ ചെയ്ത പ്രസംഗത്തിൽ വ്യക്തമാക്കി. മുന്നാസിന്റെ ആത്മീയ ജീവിതത്തെക്കുറിച്ചും രോഗശയ്യയിൽപോലും കാണിച്ച ദൈവത്തിലുള്ള പ്രത്യാശയെപ്പറ്റിയും ഒക്ടോബർ 17-ലെ സൺഡേ ശാലോമിൽ നമുക്കു വായിക്കാം: https://sundayshalom.com/archives/70246

## വിവാഹിതരായ സ്ത്രീകൾ അറിയേണ്ടതെല്ലാം

ഗർഭിണിയാകുന്നവർ അിറഞ്ഞിരിക്കേണ്ട ചില ആരോഗ്യ കാര്യങ്ങൾ ആന്റണി എന്ന ആയുർവേദ വൈദ്യൻ വിവരിക്കുന്നത് സോഫിയ ടൈംസ് ഓൺലൈനിൽ കാണാവുന്നതാണ്. വളരെ നിസ്സാരമായ ചില നടപടികളിലൂടെ സുഖപ്രസവം കൈവരിക്കാമെന്ന് ഇദ്ദേഹം നിർദേശിക്കുന്നു.





## പുരുഷന്മാരുടെ ജപമാല റാലി - പാശ്ചാത്യദേശം

2018-ൽ പോളണ്ടിലാരംഭിച്ച് യൂറോപ്പിലെ മറ്റു രാജ്യങ്ങളിലും അമേരിക്കയിലും പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് പുരുഷന്മാരുടെ ജപമാല റാലി. ഇക്കഴിഞ്ഞ ഒക്ടോബർ 15-ന് യുഎസിലെ മസാച്ചുസൈറ്റ്സ് എന്ന സംസ്ഥാനത്തിന്റെ തലസ്ഥാനമായ ബോസ്റ്റണിൽ നടന്ന പുരുഷന്മാരുടെ ജപമാല റാലി ശ്രദ്ധേയമായി. ഗർഭസ്ഥശിശുക്കളുടെ അവകാശങ്ങൾക്കു വേണ്ടിയാണ് ഈ മാർച്ച് സംഘടിപ്പിച്ചത്.

# തീവ്രവാദത്തിന്റെ കപടവേഷങ്ങൾ

തീവ്രവാദം ഏതെല്ലാം വിധത്തിലൊക്കെ കേരളത്തിൽ ആധിപത്യമുറപ്പിച്ചിട്ടുണ്ടെന്നുള്ള ഒരു പഠനം തന്നെയാണ് ഒക്ടോബർ 2-ലെ ദീപിക ദിനപ്പത്രത്തിൽ എഡിറ്റോറിയൽ പേജിൽ പ്രസിദ്ധീകരിച്ച ലേഖനം. സമസ്ത മേഖലകളിലും നുഴഞ്ഞുകയറി തങ്ങളുടെ ആധിപത്യം സ്ഥാപിക്കാനുള്ള ശ്രമങ്ങൾ ഇതിൽ വിവരിച്ചിരിക്കുന്നു. മാധ്യമങ്ങളെയും മാധ്യമ പ്രവർത്തകരെയുംവരെ വിലയ്ക്കെടുത്തുകൊണ്ടുള്ള അവരുടെ കളികളുടെ വേരുകൾ ഇപ്പോഴും അവിടെയുണ്ട്. ഇവിടെയെങ്കിലും വേണ്ടത്ര ജാഗ്രത കാട്ടിയില്ലെങ്കിൽ ഭവിഷ്യത്തുകൾ ഏറെയാണ്.



## അജ്ന ഇനിയും സ്വാധീനം ചെലുത്തും


ജീസസ് യൂത്ത് പാലാ സോൺ അജ്നയെക്കുറിച്ചിറക്കിയ ഷോർട്ട് ഫിലിം ധാരാളം പേരെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. കോളേജ് ജീവിതം എന്നാൽ രാഷ്ട്രീയവും പ്രണയവും വസ്ത്ര പ്രദർശനവും സംഘട്ടനങ്ങളും ആഘോഷങ്ങളും കുറച്ചു പഠനവും മാത്രമെന്നു ധരിക്കുന്നവർക്ക് മറ്റൊരു ജീവിതം കൂടിയുണ്ടെന്നു കാണിച്ചു കൊടുക്കുകയാണ് അജ്നയുടെ ജീവിതം. അതിന്റെ ചില ഏടുകളെടുത്ത് നിർമിച്ച ഈ ഷോർട്ട് ഫിലിം കാണാതിരിക്കരുത്.

വീഡിയോ ലിങ്ക്: https://www.youtube.com/watch?v=7IsN-zX44Rk

## യുവജനങ്ങൾ വിദേശത്തേക്കു പോകുന്നതിന്റെ അടിസ്ഥാന കാരണങ്ങൾ

യുവജനങ്ങൾ വിദേശത്തേക്കു ചേക്കേറുകയാണ്. ഭാവിയിൽ ഇതിന്റെ അനന്തര ഫലങ്ങൾ എന്തായിരിക്കും? ബത്‌ലെഹെം യുട്യൂബ് ചാനലിൽ തോമസ് കുര്യനും സണ്ണി കാട്ടൂക്കാരനുമായുള്ള ചർച്ച ഗൗരവപൂർവം നാം സ്വീകരിക്കേണ്ടതുണ്ട്. അവരെ ഇവിടെ പിടിച്ചു നിറുത്താൻ എന്തെങ്കിലും വഴിയുണ്ടോ? വിദേശത്തേക്ക് ഒന്നടങ്കം പോകുന്നതിന്റെ അടിസ്ഥാന കാരണങ്ങൾ ഏവ? ഇവയൊക്കെ ചർച്ച ചെയ്യപ്പെടുന്നു.

വീഡിയോ ലിങ്ക്: https://www.youtube.com/watch?v=I5ZvBYFNUKQ









ജോബി ബേബി, നഴ്സ്, കുവൈറ്റ്

# നമുക്കിടയിലെ വിശുദ്ധർ

വിശുദ്ധൻ തന്റെ ഉറവയും ഉറവിടവും കണ്ടെത്തിയവനാണ്. മനുഷ്യന്റെ ഉറവയും ഉറവിടവും എവിടെയാണ്? മനുഷ്യ ജീവിതത്തിന്റെ ഉറവ സർവശക്തനായ ദൈവത്തിന്റെ സന്നിധിയിലാണ്. സങ്കീർത്തകനായ ദാവീദ് പാടുന്നുണ്ട്, 'എന്റെ ഉറവകൾ നിന്നിലാണ് എന്നു ഗായകരും നർത്തകരും ഒന്നുപോലെ പാടും.' എന്തിനാണ് ആളുകളെ വിശുദ്ധരാക്കിത്തീർക്കുന്നത് എന്ന് ചിലരെങ്കിലും ചോദിക്കാറുണ്ട്. വിശുദ്ധ സ്ഥാനം ആർക്കെങ്കിലും നൽകുന്നത് യുക്തിസഹജമാണോ എന്നതാണ് ഭാഷ്യം. വിശുദ്ധി എന്ന പദത്തിന്റെ നിർവചനം നാം തിരിച്ചറിയണം. ദൈവത്തിന്റെ വിശുദ്ധിയും മനുഷ്യന്റെ വിശുദ്ധിയും എന്താണെന്ന് ഉൾക്കൊള്ളണം. 'ദൈവമേ നീ പരിശുദ്ധൻ' എന്ന സ്തുതി വചനത്തോട് കൂടിയാണ് എന്നും നാം പ്രാർഥിക്കുന്നത്. ദൈവത്തെ പരിശുദ്ധൻ എന്ന സ്തുതി വചനങ്ങളിൽ നാം ഏറ്റു പറയുകയാണ്. ദൈവം തന്റെ ഉൺമയിൽ പരിശുദ്ധനാണെന്നുള്ള പ്രഖ്യാപനമാണ് ഉദ്ദേശിക്കുന്നത്. ദൈവം തന്റെ സത്തയിൽ വിശുദ്ധനാണ് (Holiness is an essential nature of Godhead). ദൈവത്തിന്റെ അന്തസത്തയാണ് വിശുദ്ധി. ഭൂമിയിലുള്ള എല്ലാവരും ചേർന്ന് 'ദൈവമേ നീ പരിശുദ്ധനാകുന്നു' എന്ന് നൂറ്റാണ്ടുകളോളം ഉരുവിട്ടാലും ദൈവത്തിന്റെ വിശുദ്ധി കൂടുകയില്ല. അത് ഉരുവിടാതെയിരുന്നാൽ ദൈവത്തിന്റെ വിശുദ്ധിക്ക് ഒരു കുറവും സംഭവിക്കുകയുമില്ല. ദൈവത്തിന്റെ വിശുദ്ധിക്ക് ഏറ്റക്കുറച്ചിലുകളില്ല. ആരാധനകളിൽ നാം പ്രാർഥിക്കുന്നു, 'സ്തുതി നിനക്ക് അവശ്യം ഉണ്ടായിട്ടല്ല, നിന്നെ സ്തുതിക്കുന്നവർ നിന്നാൽ ശ്രേഷ്ഠരാകുവാൻ വേണ്ടിയാണ്.' ദൈവത്തെ സ്തുതിക്കുന്നത് ദൈവത്തിന്റെ മഹത്വത്തിന്റെ മാറ്റ് കൂട്ടുവാനായിട്ടില്ല. എന്നാൽ, സ്തുതിക്കുന്നത് വഴി, സ്തുതിയ്ക്കുന്നവരുടെ ജീവിതം ഏറ്റവും കൂടുതൽ ശ്രേഷ്ഠതയുള്ളതായി തീരും. ദൈവത്തെ സംബന്ധിച്ച് വിശുദ്ധി എന്നു പറയുന്നത് ദൈവത്തിന്റെ അടിസ്ഥാന ഭാവമാണ്, അത് സത്താപരമാണ്. എന്നാൽ, മനുഷ്യന്റെ വിശുദ്ധി എന്നത് വിശുദ്ധിയുടെ ഉറവയായ ദൈവത്തോട് ചേർന്നുനിന്ന്, ആ ഉറവയിൽ നിന്ന് ആർജിച്ചെടുക്കുന്ന ഗുണമാണ്.

> നല്ല മനുഷ്യനായാൽ വിശുദ്ധനാകാം എന്ന ഒരു സത്ചിന്ത നമ്മുടെയുള്ളിൽ വേരുറക്കട്ടെ. നമ്മുടെ ജീവിത ചുറ്റുപാടുകൾ തന്നെയാണ് നമ്മുടെ വിശുദ്ധ ജീവിതത്തിന്റെ പരിശീലനക്കളരി.

'ദൈവം പരിശുദ്ധൻ' എന്ന് പ്രകീർത്തിക്കുമ്പോൾ ദൈവം തന്റെ ഉണ്മയിൽ, സത്തയിൽ പരിശുദ്ധനാണെന്ന് വിശ്വസിച്ചു ഏറ്റുപറയുകയാണ്. സാധാരണക്കാർക്കിടയിൽ നിന്ന് വിശുദ്ധഗണത്തിലേക്ക് ഉയർത്തപ്പെട്ട നിരവധി പേരിൽ രണ്ടുപേരെ നമുക്കു പരിചയപ്പെടാം. സഹോദരനെ അവന്റെ ജീവിതാവസ്ഥയിൽ അറിഞ്ഞു സഹായിക്കുവാൻ-സമൂഹത്തെ ഉദ്ധരിക്കുവാൻ, നന്മയുടെ പൂക്കൾ നമ്മുടെ ജീവിതത്തിലും അവന്റെ ജീവിതത്തിലും വിരിയിക്കുവാൻ പരിശ്രമിച്ച രണ്ടാളുകൾ. അവരിലൊരാൾ വിശുദ്ധി എന്നത് നമുക്കും സാധ്യമാണെന്ന് മനസ്സിലാക്കിത്തന്ന വി. ചാവറയച്ചൻ. മനുഷ്യത്വം മരവിക്കാത്ത മനുഷ്യസ്നേഹി. അക്ഷരജ്ഞാനം ഇല്ലാത്തതിന്റെ പേരിൽ രണ്ടാം തരത്തിലേക്ക് ജനങ്ങളെത്തന്നെ വേർതിരിച്ചു കാണുമ്പോൾ അല്ലെങ്കിൽ സംസ്ഥാനങ്ങളെ തന്നെ ഈ കാലഘട്ടത്തിൽ തിരിക്കുമ്പോൾ കൂടെയുണ്ടായിരുന്നവർ അജ്ഞതയുടെ കുപ്പത്തൊട്ടിലിൽ കിടന്ന് കൈകാലിട്ടടിക്കുന്നത് കണ്ട് അവർക്ക് അക്ഷരവെളിച്ചം പകരാൻ പള്ളിയോട് ചേർന്ന് പള്ളിക്കൂടങ്ങൾ, ഒരു നേരത്തെ ആഹാരത്തിന് കഷ്ടപ്പെടുന്നവർക്ക് ഉച്ചഭക്ഷണം തുടങ്ങി നിരവധി കാര്യങ്ങൾ

ചെയ്ത് വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ട വ്യക്തി. ഏലിയാസച്ചന്റെ ഏതൊരു പ്രവർത്തനങ്ങളിലും നിഴലിക്കുന്ന ആദ്യത്തെ ചിന്ത മനുഷ്യസ്നേഹമായിരുന്നു. ദൈവികത അദ്ദേഹത്തെ മനുഷ്യരിലേക്ക് കൂടുതൽ കൂടുതൽ അടുപ്പിച്ചുവെന്ന് പറയുന്നതാവും ശരി. കാരണം കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാതെ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാനാവില്ലെന്ന തിരിച്ചറിവ് അദ്ദേഹത്തെ വിശുദ്ധ പദവിയിലെത്തിച്ചു.

കൗമാരത്തിലേക്ക് ചുവടുവയ്ക്കും മുന്നേ കന്യാസ്ത്രീയാകണമെന്ന് കുഞ്ഞു മനസ്സിൽ തളിരിട്ട മോഹം അമ്മയോട് പ്രകടിപ്പിച്ച വി. മദർ തെരേസയാണ് രണ്ടാമത്തെയാൾ. ആത്മീയതയിൽ നിന്നുയിരുകൊണ്ട കരുണയായിരുന്നു ആ കൗമാരക്കാരിയെ അതിലേക്ക് നയിച്ചതും പ്രലോഭിപ്പിച്ചതും. തെരുവോരങ്ങളിൽ യാതനാ ജീവിതം നയിക്കുന്നവരെ സഹായിക്കാൻ അശരീരിയായി വന്ന ദൈവകൽപന കേട്ട് കൊൽക്കത്തയുടെ തെരുവോരങ്ങളിൽ പ്രവർത്തിച്ച വ്യക്തിത്വം. അനാഥരും രോഗികളും ദരിദ്രരും തെരുവിലേക്ക് വലിച്ചെറിയപ്പെടുന്ന കുഞ്ഞുങ്ങളും വൃദ്ധരുമടങ്ങുന്ന പരസഹസ്രം മനുഷ്യ ജന്മങ്ങളെ ചേർത്ത് പിടിച്ചതാണ് മദറിനെ സാധാരണക്കാർക്കിടയിൽനിന്നും വിശുദ്ധപദവിയിലേക്ക് ഉയർത്തിയത്.

അരുൺ ഷൂറിയുടെ ശ്രദ്ധേയമായ ഗ്രന്ഥമാണ്, 'Two Saints: Speculations Around and About Ramakrishna Paramahamsa and Ramana Maharishi' ബുദ്ധിയുടെ ചില പ്രശ്നങ്ങളുള്ള ആദിത്യ എന്ന തന്റെ മകനുകൂടിയാണ് ആ പുസ്തകം സമർപ്പിച്ചിരിക്കുന്നത്. പ്രസ്തുത പുസ്തക പ്രകാശനത്തിനെത്തിയ ദലൈലാമയുടെ ശിരസ്സിൽ കൈവെച്ചു ആദിത്യ എന്ന ആ മകൻ ആശിർവദിക്കുന്ന ഒരു കൗതുക നിമിഷമുണ്ട്. ഏറ്റവും ബഹുമാനത്തോടെയാണ് ലാമ ആ ആശീർവാദം സ്വീകരിച്ചത്. എന്നിട്ട് അദ്ദേഹം പറഞ്ഞു, 'Today I felt truly blessed.' നിശ്ചയമായും ആദിത്യയുടെ കരങ്ങൾ ദലൈലാമയുടെ ശിരസ്സിൽ വന്നപ്പോൾ ആ നിമിഷത്തെ അദ്ദേഹം എത്ര ഭംഗിയായിട്ടാണ് വ്യാഖാനിക്കുന്നത്. ജീവിതത്തിൽ ലാമ അനുഭവിക്കുന്ന ആത്മീയനിർവൃതിയുടെ ഏറ്റവും പരമമായ നിമിഷങ്ങളിൽ ഒന്നാണത്. ഇങ്ങനെയുള്ള ഒരു പാട് ആശീർവാദത്തിന്റെ നല്ല നിമിഷങ്ങൾ നമ്മുടെ ജീവിതത്തിൽ



കണ്ടെത്താൻ കഴിയും. നമുക്കിടയിൽ ഇങ്ങനെയുള്ള ഒത്തിരി വിശുദ്ധ ജന്മങ്ങളുണ്ട്. നമ്മുടെ കുഞ്ഞുങ്ങൾതന്നെ അവരുടെ കളിയും, ചിരിയും, ശബ്ദവും, തലോടലും അവരുടെ ചുംബനവുമൊക്കെ ശരിക്കും ആശീർവാദത്തിന്റെ നിമിഷങ്ങളാണ്.

എനിക്കറിയാവുന്ന ഒരു മനുഷ്യനുണ്ട്. ചെറുപ്പത്തിലേ അവന്റെ അപ്പൻ പോയി. സഹോദരങ്ങളെ മുഴുവൻ പഠിപ്പിക്കുവാൻ അവരുടെ വയർ നിറഞ്ഞുകാണുവാൻ അമ്മയെ ബുദ്ധിമുട്ട് അറിയിക്കാതിരിക്കുവാൻ ജീവിത പ്രാരാബ്ധം ഏറ്റെടുക്കുവാൻ അവൻ എല്ലാം ത്യജിച്ചു കൂലിവേലയ്ക്കായിട്ട് ഇറങ്ങുകയാണ്. മറ്റ് കുട്ടികൾക്കൊപ്പം കളിച്ചുല്ലസിക്കേണ്ട നിമിഷങ്ങൾ അവന്റെ സ്വപ്നങ്ങളെല്ലാം മാറ്റി വയ്ക്കുകയാണ്. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുവാൻ, തനിയ്ക്ക് ചുറ്റുമുള്ളവരുടെ ചിരിയും സന്തോഷവും കാണുവാൻ അവർക്കൊരു തണലായി മാറാൻ അവൻ തുനിഞ്ഞിറങ്ങി. സഹോദരങ്ങളെയൊക്കെ പഠിപ്പിച്ചു വലിയ നിലയിലാക്കി. അമ്മയ്ക്ക് മരണം വരെ സമാധാനമുള്ള ജീവിതം നൽകി. അതിനിടയിൽ അവൻ മറന്നു പോയ ഒന്നുണ്ട്, അവന്റെ ജീവിതം. അമ്മയ്ക്കും സഹോദരങ്ങൾക്കുവേണ്ടിയും ത്യാഗമായി മാറുകയായിരുന്നു അവൻ. ശരിക്കും ജീവിതനടുവിലെ വിശുദ്ധൻമാരാണ് ഇങ്ങനെയുള്ളവർ. ഒരു തീർഥാടന കേന്ദ്രങ്ങളിലേക്കും നാം പോകേണ്ടതില്ല, നമ്മുടെ ജീവിത ചുറ്റുവട്ടങ്ങളിൽ ഇത്തരം വിശുദ്ധരെ കണ്ടെത്താൻ കഴിയും. അവരുടെ പാദങ്ങൾ സ്വർഗമാണ്. അവരുടെ മനസ്സ് സ്നേഹത്തിന്റെ ശ്രീകോവിലാണ്. അസ്സീസിയയിലെ ഫ്രാൻസിസിന്റെ മനോഹരമായ ഒരു പ്രാർഥനയുണ്ട്, 'കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണമാക്കേണമേ. വിദ്വേഷമുള്ളിടത്ത് ഞാൻ സ്നേഹം വിതയ്ക്കട്ടെ.' നമ്മുടെ ജീവിതത്തിന്റെ നടുവിലുള്ള കുഞ്ഞുങ്ങളാകുന്ന വിശുദ്ധന്മാരും അപരനുവേണ്ടി എരിഞ്ഞുതീരുന്ന വിശുദ്ധന്മാരുമൊക്കെ ദൈവകരങ്ങളിലെ സമാധാന ഉപകരണങ്ങളാണ്. അതിൽ നിന്നൊഴുകുന്ന സംഗീതമാണ് നമ്മുടെ ജീവിതത്തെ ആനന്ദകരമാക്കുന്നത്. ഭക്ഷണം ത്യജിച്ചും, സുഖങ്ങൾ ത്യജിച്ചും ജീവിത ഭാരങ്ങൾ ചുമലിലേന്തിയുമാണ് നമ്മുടെ മാതാപിതാക്കൾ, സഹോദരങ്ങൾ, പ്രിയപ്പെട്ടവരൊക്കെ നമ്മെ കരുതുന്നത്. ദൂരെയുള്ള തീർഥാടന കേന്ദ്രങ്ങളിൽ പോകുന്നതിനു മുൻപേ ചുറ്റുവട്ടങ്ങളിലുള്ള ഇത്തരം വിശുദ്ധന്മാരെ തിരിച്ചറിയുകയും ആദരിക്കുകയും ചെയ്യുക എന്നുള്ളതാണ് ജീവിതത്തിന്റെ പരമമായ ധർമം. നമ്മുടെയൊക്കെ ജീവിതത്തെ ഗ്രസിക്കാൻ നിൽക്കുന്ന ഇരുട്ടിനെയകറ്റുന്ന വിശുദ്ധ വെളിച്ചങ്ങളാണ് കരുതലുള്ള ജന്മങ്ങൾ.

അവിടത്തെ പരിശുദ്ധ നാമത്തിനു കൃതജ്ഞതയർപ്പിക്കുവിൻ. ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തികൾ നിർവഹിച്ചുകൊണ്ടുവേണം സ്തുതി പാടാനും കൃതജ്ഞതയർപ്പിക്കാനും. ഈലോക ജീവിതത്തിൽ വിശുദ്ധിയെ തിരിച്ചറിയുന്നതിനൊപ്പം വിശുദ്ധിയിലേക്ക് വളരാനും നമുക്കു സാധിക്കട്ടെ II

യുവ / മൈസ്റ്റോറി



കുഞ്ഞുമോൻ ജേക്കബ്, ചമ്പക്കര

# നാട്ടിലെ അപ്പനമ്മമാർ

കുടുംബങ്ങൾ ഒരുമിച്ചു വരുക, അനുഭവങ്ങൾ പങ്കിടുക, പ്രാർഥിക്കുക, സന്തോഷത്തിൽ നിലനിൽക്കുക... ഇക്കാര്യങ്ങളൊക്കെ നടക്കുന്നത് കാണുമ്പോൾ ഏറെ സന്തോഷവും അഭിമാനവും തോന്നാറുണ്ട്. ഞങ്ങൾ ഏഴ് കുടുംബങ്ങൾ എല്ലാ ഞായറാഴ്ചകളിലും ഒരുമിച്ച് വരാറുണ്ട്. ഇടയ്ക്കുള്ള ചില ആഴ്ചകളിൽ ആരെങ്കിലും മുടങ്ങിയാൽ പോലും പിന്നീട് വരുമ്പോൾ ഒരു അകൽച്ച ഞങ്ങൾക്കു ഫീൽ ചെയ്യാറില്ല, കാരണം അത്രയ്ക്ക് ആത്മബന്ധം ഞങ്ങൾക്കെല്ലാവർക്കും പരസ്പരം ഉള്ളതുകൊണ്ടായിരിക്കും. വിശേഷങ്ങൾ പങ്കുവച്ചും പ്രാർഥനയുമൊക്കെയായി ഞങ്ങൾ ഒരുമിച്ചു വരുന്നത് കുട്ടികൾക്കും ഏറെ ഉപകാരപ്രദമായാണ് തോന്നിയിട്ടുള്ളത്.



ഞാൻ കണ്ട മറ്റൊരു പ്രത്യേകത ഞങ്ങളുടെ ഇടയിൽ എല്ലാദിവസവും പ്രാർഥനയും ബൈബിൾ വായനയുമൊക്കെ മുടങ്ങാതെ നടക്കുന്നു എന്നുള്ളതാണ്. കാരണം, കൂട്ടായ്മയിൽ എന്തെങ്കിലുമൊക്കെ വിശേഷങ്ങൾ പങ്കുവയ്ക്കണമെന്നുണ്ടെങ്കിൽ അനുഭവങ്ങൾ ഉണ്ടാകണമല്ലോ. നല്ല കാര്യങ്ങൾ പ്രാക്റ്റിക്കലാക്കാൻ ശ്രമിക്കുമ്പോഴാണല്ലോ ഏതെങ്കിലുമൊക്കെ അനുഭവങ്ങൾ നമുക്കുണ്ടാകുക. പരിശ്രമവും വിജയവും വീഴ്ചയും എഴുന്നേൽക്കലും എല്ലാം അനുഭവങ്ങളാണല്ലോ. അതുകൊണ്ടുതന്നെ പ്രാർഥിക്കുകയും വചനം വായിക്കുകയും ചെയ്യുന്നതൊക്കെ ശീലമായി.

മാതാപിതാക്കളെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട കാര്യം കുട്ടികളുടെ കാര്യമാണല്ലോ. കുട്ടികൾക്കു വേണ്ടിയിട്ടുള്ള പ്രാർഥനകളും പരിപാടികളുമൊക്കെ ഇതിന്റെ കൂടെയുള്ളതുകൊണ്ട് അവരും മറ്റുതരത്തിലൊന്നും വഴിതെറ്റി പോകാൻ സാധ്യതയില്ല എന്നാണ് ഞങ്ങളുടെ വിശ്വാസം. അവരും വളരെ ഇഷ്ടത്തോടെയാണ് ഒരുമിച്ചു കൂടുന്നതും പാട്ടുപാടി പ്രാർഥിക്കുന്നതും കളിക്കുന്നതുമെല്ലാം.

ഞങ്ങൾ ഒരേ നാട്ടിൽ തന്നെയുള്ളവരായതുകൊണ്ട് കുട്ടികൾക്ക് എല്ലാ കാര്യത്തിലും വളരെ ജാഗ്രതയാണ്. ഒരിക്കൽ എന്റെ മകനൊരു അനുഭവം പറയുകയുണ്ടായി. സൈക്കിൾ ചവിട്ടാൻ പോകുമ്പോൾ അവർ കൂട്ടുകാരോട് പറയാറുണ്ടത്രേ, ആ റൂട്ട് പോയാൽ അവിടെ ആ ആന്റിയുണ്ട്, ഈ റൂട്ടിൽ പോകാമെന്ന് വിചാരിച്ചാൽ അവിടെ ആ അങ്കിളുണ്ട് എന്നൊക്കെ. കാരണം കളിക്കാനായിട്ടോ സൈക്കിൾ ചവിട്ടാനോ കുട്ടികൾ ഏത് റൂട്ടിലേക്ക് പോയാലും നമ്മുടെ ഈ ഗ്രൂപ്പിലുള്ള ആരെങ്കിലുമൊക്കെ കാണുകയും വിവരങ്ങൾ തിരക്കുകയും ചെയ്യാറുണ്ട്. കുട്ടികൾ ഏതെങ്കിലുമൊരാളുടെ ശ്രദ്ധയിൽ പെടുകയും ചെയ്യും. ചുരുക്കിപ്പറഞ്ഞാൽ കുട്ടികൾ എങ്ങോട്ട് പോയാലും നാട്ടിൽ പല ഭാഗത്തായി കുറെ അപ്പന്മാരും അമ്മമാരും ഉള്ളതായി അവർക്ക് തന്നെ തോന്നാറുണ്ട്. ഞങ്ങൾ ആഴ്ചതോറും മുടങ്ങാതെ കൂടുന്ന ഫാമിലി കൂട്ടായ്മയുടെ ഒരു വലിയ നന്മയായി ഞങ്ങളിതിനെ കാണുന്നു.


കുടുംബങ്ങൾ, പ്രത്യേകിച്ച് യുവകുടുംബങ്ങൾ ഇടയ്ക്കിടെ ഒരുമിച്ചു വരുന്നതും വിശേഷങ്ങൾ പങ്കുവയ്ക്കുന്നതും പരസ്പരം സപ്പോർട്ട് ചെയ്ത് ജീവിക്കുന്നതുമൊക്കെ എത്ര നല്ലതും അത്യാവശ്യം വേണ്ട ജീവിത ശൈലികളുമാണെന്ന് തോന്നാറുണ്ട്. ഇത്തരത്തിൽ കൂട്ടായ്മകൾ ആഗ്രഹിക്കുന്ന ആരെങ്കിലുമൊക്കെ ചിന്തിക്കാനും മുൻകൈയെടുക്കാനും തയ്യാറാകട്ടെയെന്ന് ആഗ്രഹിക്കുന്നു II



ബ്ലെസ്സൻ തോമസ്, കുട്ടമ്പുഴ




# മൊകാമാ



*ഗംഗാ നദിയുടെ തെക്കേ കരയിലുള്ള മൊകാമാ മരിയൻ ദേവാലയം. ബീഹാറിന്റെ തലസ്ഥാനമായ പാറ്റ്നയിൽ നിന്ന് 90 കിലോ മീറ്റർ അകലെയാണ് മൊകാമായിലെ ഈ ഔവർ ലേഡി ഓഫ് ഡിവൈൻ ഗ്രേസ് ചർച്ച്. മൊകാമ മാതാ (മൊകാമായുടെ അമ്മ) എന്നാണ് പരിശുദ്ധ അമ്മ അറിയപ്പെടുന്നത്. 1947ൽ പരിശുദ്ധ അമ്മയുടെ ബഹുമാനാർഥം പണികഴിപ്പിച്ചതാണ് ഈ പള്ളി.*

ബീഹാറിലെ പാറ്റ്ന രൂപതയിലെ മൊകാമാ തീർഥാടന കേന്ദ്രത്തിലായിരുന്നു ഞങ്ങളുടെ സന്ദർശനം. ഇക്കഴിഞ്ഞയിടെ ജീസസ് യൂത്ത് സംഘടിപ്പിച്ച MMJ (Mission Month Journey) എന്ന മിഷൻ യാത്രയുടെ ഭാഗമായിട്ടായിരുന്നു സന്ദർശനം.

മൊകാമായിലെ ആളുകളുടെ ജീവിതത്തിൽ എന്നെ ഏറ്റവും അതിശയിപ്പിച്ചത് ദൈവകാര്യങ്ങളിലുള്ള അവരുടെ ഉത്സാഹവും തീക്ഷ്ണത നിറഞ്ഞ പ്രാർഥനയുമാണ്. ഞങ്ങൾ പ്രതീക്ഷിച്ചതിനേക്കാൾ വലിയ വിശ്വാസത്തിന്റെ ആഴമാണ് ഞങ്ങൾക്ക് അവരിൽ കാണാൻ കഴിഞ്ഞത്. ജീവിതത്തിന്റെ പലവിധ ഞെരുക്കങ്ങളിൽ ജീവിക്കുമ്പോഴും 'ജയ് യേശു' എന്ന് പറയാൻ അവർ മടിക്കുന്നില്ല. ആഴമായ ആത്മീയ അനുഭവങ്ങളോ വിശ്വാസമോ അവരിൽ ഇല്ലായെങ്കിലും എപ്പോഴും ദൈവകാര്യങ്ങളിൽ അവർ വളരെ സന്തോഷത്തോടെയാണ് വ്യാപൃതരായിരുന്നത്. സത്യം പറഞ്ഞാൽ പല കാര്യങ്ങളും അവരിൽ നിന്ന് കണ്ടു പഠിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു എന്നതാണ് സത്യം.

ഞങ്ങൾ അവരുടെ വീടുകളിൽ പ്രാർഥനയ്ക്കായി വരുന്നു എന്ന് മനസ്സിലാക്കിയ ഒരു ഹൈന്ദവ സ്ത്രീ ഞങ്ങളെ അവരുടെ ഭവനത്തിലേക്ക് ക്ഷണിച്ചു. അവരാൽ ആവുന്നവിധം ഞങ്ങൾക്കുള്ള ഭക്ഷണവും ഒരുക്കിയിരുന്നു. അവരുടെ പ്രത്യേക വിഭവമായ ചോളവും ചുട്ടുതന്നു. ഞങ്ങൾ വരുന്നുണ്ടെന്നുള്ള വിവരം അറിഞ്ഞ അവർ രണ്ടു ദിവസത്തോളമായി ഞങ്ങളെ കാത്തിരിക്കുകയായിരുന്നു.

ശരിക്കും ബൈബിളിലെ കഥ പോലെ എനിക്ക് തോന്നി. വിധവയുടെ ചില്ലി കാശ് സമർപ്പിക്കുന്ന പോലെ... ഉള്ളതെല്ലാം വിറ്റു നിധിയുള്ള വയൽ വാങ്ങിക്കുന്ന പോലെ... വിലപിടിപ്പുള്ള സുഗന്ധ തൈലം യേശുവിൻെറ പാദത്തിങ്കൽ ഒഴിക്കുന്നതു പോലെ...! ദൈവത്തിനു വേണ്ടി തങ്ങളുടെ ജീവിതം മുഴുവനായിട്ട് മാറ്റിവയ്ക്കുന്ന അവരുടെ ജീവിതശൈലിയാണ് ഞങ്ങൾക്കവിടെ കാണാൻ കഴിഞ്ഞത്. അവിടെയുള്ള ആളുകളുടെ ജീവിതമറിയാനും അവരെ സഹായിക്കാനുമാണ് ഞങ്ങൾ പോയതെങ്കിലും, MMJ എന്നത് ഞങ്ങൾക്കൊരു സുവിശേഷമായിരുന്നു, പങ്കെടുത്ത എനിക്കും മറ്റുള്ളവർക്കും ||

ഹിസ്റ്ററി മേക്കേഴ്സ് എന്നൊരു പരിപാടിയിലൂടെയാണ് 2005-06 കാലയളവിൽ ഞാൻ ജീസസ് യൂത്ത് മുന്നേറ്റത്തിലേക്ക് വരുന്നത്. 2006ൽ പാവറട്ടിയിൽ വച്ച് നടന്ന ഒരു ഫാമിലി കോൺഫറൻസിൽ പങ്കെടുക്കാൻ ഇടയായി. അവിടെവച്ച് വലിയൊരു മ്യൂസിക് ടീം സ്റ്റേജിൽ നിൽക്കുന്നത് കണ്ടപ്പോൾ എനിക്ക് വലിയ അത്ഭുതം തോന്നി. എന്തെന്നില്ലാത്ത ആ സന്തോഷത്തിന്റെ സമയത്ത്, എന്നെങ്കിലും അതുപോലെ എനിക്കും സ്റ്റേജിൽ നിൽക്കണമെന്ന് എൻെറ മനസ്സിൽ ഒരാഗ്രഹമുണ്ടായി. ജീവിതത്തിന്റെ ഒരു വഴിത്തിരിവിലേക്കാണ് ഞാനെത്തുന്നതെന്ന് അന്നേരം ഞാനറിഞ്ഞിരുന്നില്ല. അങ്ങനെയായിരുന്നു മ്യൂസിക്കിനോടുള്ള ഒരു പാഷൻ തുടങ്ങുന്നത്.

ഈ മുന്നേറ്റത്തിലെ ടീൻസ് മിനിസ്ട്രിയിലൂടെയാണ് പ്രവർത്തനങ്ങളുടെ ആരംഭം. ആ കാലയളവിൽ തന്നെയാണ് ടീനേജേഴ്സ് തന്നെ പാടുന്ന ഒരു മ്യൂസിക് ടീം ഉണ്ടാകണമെന്നുള്ള ഒരാഗ്രഹം എന്റെയുള്ളിൽ ഉടലെടുത്തു. അതിൻെറ ഭാഗമായിട്ടാണ് വോക്സ് ക്രിസ്റ്റി എന്ന മ്യൂസിക് ടീം രൂപപ്പെടുന്നത്. അങ്ങനെ സംഗീതത്തിലൂടെ ഒരുപാട് കാര്യങ്ങൾ പഠിക്കുവാനും മ്യൂസിക് റിലേറ്റഡ് ആയിട്ടുള്ള ധാരാളം പ്രോഗ്രാമുകൾ ചെയ്യാനും ഈ മൂവ്മെന്റിലൂടെ കഴിഞ്ഞു എന്നത് വലിയൊരു ദൈവാനുഗ്രഹമായിട്ടാണ് ഞാൻ കാണുന്നത്.

പിന്നീട് ഒരു വർഷം ഫുൾടൈം വൊളണ്ടിയർ ആയി ആസാമിലെ ദീഫുവിലായിരുന്നു. അവിടെ ട്രൈബൽസിന്റെ ഇടയിൽ ഗിറ്റാറുപയോഗിച്ച് പാട്ടുകൾ പാടാനും അവിടത്തെ യുവജനങ്ങളുമായിട്ട് സംസാരിക്കുവാനും പ്രാർഥന കൂട്ടായ്മകൾ തുടങ്ങാനുമൊക്കെ കഴിഞ്ഞത് ഇന്നും സന്തോഷത്തോടുകൂടി ഓർക്കുന്ന കാര്യങ്ങളാണ്. ഇതിനിടയിൽ, മ്യൂസിക്കിന്റെ നിരവധിയായ സാധ്യതകൾ ഓരോ ദിവസവും എന്നപോലെ ഞാൻ തിരിച്ചറിയുകയായിരുന്നു. മ്യൂസിക്കിലൂടെയുള്ള ഒരു 'മിഷൻ ലൈഫ്'ആണ് വേണ്ടതെന്നും എന്റെയുള്ളിൽ ശക്തമായിട്ട് ഒരു തോന്നലുണ്ടായി. പിന്നീട് ലണ്ടൻ കോളേജ് ഓഫ് മ്യൂസിക്സിൽ പോയി പഠിക്കുകയും അവിടെ നിന്ന് മാസ്റ്റേഴ്സ് കഴിഞ്ഞ് തിരികെ വരുകയും 'സ്ട്രിംഗ് ഹെഡ്സ്' എന്ന പേരിൽ ഒരു മ്യൂസിക് മാനേജ്മെൻറ് കമ്പനി തുടങ്ങുകയും ചെയ്തു.

യു.കെ.യിൽ വച്ച് ഒരു ക്രിസ്ത്യൻ ഫെസ്റ്റിവലിൽ പങ്കെടുത്തപ്പോഴാണ് 'ഓൾ ഗോ റിഥം' എന്ന പ്രോഗ്രാമിനെ കുറിച്ചുള്ള ചിന്ത എന്റെ മനസ്സിൽ രൂപപ്പെടുന്നത്. അങ്ങനെ കേരളത്തിൽ അത്തരത്തിലൊരു പ്രോഗ്രാം ചെയ്യാൻ പ്ലാൻ തുടങ്ങി. ഉള്ളിൽ തോന്നിയ ആ ഇൻസ്പിരേഷൻ ശക്തമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ ദൈവമാണ് ഇടയാക്കിയത്. ഇന്ത്യ അത്തരത്തിലുള്ള ആദ്യത്തെ മൾട്ടി-സിറ്റി ക്രിസ്ത്യൻ മ്യൂസിക്കൽ ഫെസ്റ്റിവലിന് സാക്ഷ്യം വഹിക്കാൻ ഒരുങ്ങുകയാണ്. ഓൾ ഗോ റിഥം - ഇതിന്റെ ആദ്യ പരിപാടി 2022 നവംബർ 26ന് കൊച്ചിയിലെ ഭാരത് മാതാ കോളേജ് ഗ്രൗണ്ടിൽ ആരംഭിക്കും. ഇതൊരു മൾട്ടി സിറ്റി ഫെസ്റ്റിവലാണ്. ഒരു വർഷത്തിൽ തന്നെ പല നഗരങ്ങളിൽ ഇത് നടക്കും. ഇപ്പോൾ നടക്കാൻ പോകുന്നത് കൊച്ചി, ബാംഗ്ലൂർ, ഡൽഹി, ദുബായ് എന്നിവിടങ്ങളിലാണ്.

മുന്നോട്ടു നോക്കുമ്പോൾ, ധാരാളം സംഗീതജ്ഞർ ഒരുമിച്ചു വരുന്ന ഒരു ഇവാഞ്ചലൈസേഷൻ പ്ലാറ്റ്ഫോമാണ് നമ്മൾ മനസ്സിൽ കാണുന്നത്. എല്ലാ സംഗീത പ്രേമികളെയും സംഗീതത്തിലൂടെ വിശ്വാസത്തിന്റെ അനുഭവത്തിലേക്ക് എത്തിക്കുകയാണ് സംഗീതോത്സവം ലക്ഷ്യമിടുന്നത്. മ്യൂസിക് മാത്രമാകാതെ ഇവാഞ്ചലൈസേഷനുമായി ബന്ധപ്പെട്ടുള്ള സെമിനാറുകളും വർക്ക്ഷോപ്പുകളും ഒക്കെ നടക്കുകയും വൈകിട്ടത്തെ സമയം ഒരു മ്യൂസിക് പ്രോഗ്രാമിലേക്ക് എല്ലാവരും ഒരുമിച്ചു വരുകയും ചെയ്യുന്ന ഒരു മാസ് ഫെസ്റ്റിവലായി മാറണമെന്നുമാണ് നമ്മളാഗ്രഹിക്കുന്നത്.




റിനോയ് ശിവാനന്ദൻ

# All go Rhythm

2022






"അങ്ങയുടെ സൃഷ്ടികളെ പീഡിപ്പിക്കുന്നതും നിന്ദിക്കുന്നതും ദുഷ്ടന്റെ പദ്ധതികളെ അനുകൂലിക്കുന്നതും അങ്ങേക്ക് യോജിച്ചതാണോ?" (ജോബ് 10,3-4). ഇതിപ്പോൾ ദൈവത്തോടു ചോദിക്കുന്നത് ജോബല്ല, ഒരു സജീവ ജീസസ് യൂത്താണ്. അഞ്ചു വർഷത്തെ പച്ചപ്പുള്ള ദൈവാനുഭവമുള്ളവൾ. പൊടുന്നനെ അവിടത്തെ സാന്നിധ്യം അനുഭവിക്കാനാവാതെയും പ്രാർഥനയ്ക്ക് ഉത്തരം കിട്ടാതെയും പരിഭ്രാന്തയായവൾ. തന്റെ സങ്കടങ്ങൾ പങ്കുവയ്ക്കാൻ അവൾ ഒരു ആത്മീയ ഗുരുവിനെ തേടിയെത്തി. ആ ശ്രേഷ്ഠവൈദികൻ അവളെ ആശ്വസിപ്പിച്ചു: "മോളേ, നീ ഇത്രയല്ലേ പറഞ്ഞുള്ളൂ. മണിക്കൂറുകളും ദിവസങ്ങളും സക്രാരിക്കു മുമ്പിൽ പ്രാർഥിച്ചിട്ടും ഒരു ദൈവികാശ്വാസവും കിട്ടാതെവന്നപ്പോൾ മുഷ്ടിചുരുട്ടി ഇടിച്ചുകൊണ്ട് ഞാൻ അലറിയിട്ടുണ്ട്, ദൈവമേ, അങ്ങ് ഇവിടൊന്നുമില്ലേ, എവിടാ ഇപ്പോൾ താമസം?"

ഇത് ഒന്നോ രണ്ടോ പേരുടെ ഒറ്റപ്പെട്ട അനുഭവങ്ങളല്ല. എന്തുകൊണ്ടാണ് നമ്മെ സ്നേഹിക്കുന്ന ദൈവം തന്റെ ശുശ്രൂഷകരിൽനിന്ന് ചിലപ്പോഴെല്ലാം മറഞ്ഞു നിൽക്കുന്നത്? ദൈവം തന്റെ മക്കളായി സ്വീകരിച്ചു സ്നേഹിക്കുന്നവർക്ക് ശാസനയും ശിക്ഷണവും പ്രഹരവും നൽകുന്ന ഒരു പരിശീലനഘട്ടം (ഹെബ്രാ 12,5-11) ആത്മീയവളർച്ചയുടെ നാൾവഴികളിൽ ഇന്നല്ലെങ്കിൽ നാളെ ഉണ്ടാവുമെന്ന് തിരുവചനം ഉറപ്പിച്ചുപറയുന്നുണ്ട്. "വിശുദ്ധികൂടാതെ ആർക്കും കർത്താവിനെ ദർശിക്കാൻ സാധിക്കുകയില്ല" (ഹെബ്രാ 12,14) എന്നതിനാലാണ് ദൈവം നമ്മെ 'വിശുദ്ധീകരിച്ചു തന്നോടടുപ്പിക്കുന്നത്' (പ്രഭാ 33,12; തീത്തോ 2,14). വിശുദ്ധർ ഏവരും ദൈവിക ശിക്ഷണം ഏറ്റുവാങ്ങി അവിടത്തെ പരിശുദ്ധിയിൽ പങ്കുപറ്റിയവരാണ്. വിശുദ്ധി പ്രാപിക്കാനുള്ള നമ്മുടെ ശ്രമങ്ങളുടെ പരിമിതിയറിഞ്ഞ്, ദൈവംതന്നെ മുൻകൈയെടുത്ത് നമ്മെ പരിശീലിപ്പിക്കാറുണ്ട്. അതു തന്റെ സഹനത്തിന്റെ പാനപാത്രത്തിലും നമ്മെ പങ്കുചേർത്തു കൊണ്ടാണ് (മത്താ 20,23).

സ്വന്തം കഴിവുകൊണ്ടു ചെയ്യുന്നുവെന്നു കരുതുന്ന നമ്മുടെ പ്രവർത്തനങ്ങളിൽനിന്ന് നിശ്ചിതകാലത്തേക്ക് ദൈവാത്മാവ് പിൻവാങ്ങുന്നതോടെയാണ് (സങ്കീ 51,11) പരിശീലനം ആരംഭിക്കുന്നത്. "എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല" എന്ന് (യോഹ 15,5) അനുഭവിച്ചറിയാനാണിത്. വൈകാതെ, ദൈവസാന്നിധ്യാനുഭവം നമുക്കു നഷ്ടമാവുന്നു (സങ്കീ 30,6-7); പ്രാർഥന വരണ്ടുതുടങ്ങുന്നു; വചനവായന യാന്ത്രികമാവുന്നു; കൂട്ടായ്മകൾ വിരസമാവുന്നു; പ്രവർത്തനങ്ങൾ ഫലശൂന്യങ്ങളാവുന്നു; ഉത്സാഹമില്ലായ്മയും നിഷ്ക്രിയതയും ബാധിക്കുന്നു; ഒന്നിനുപുറകെ ഒന്നായി പരിഹാരമെന്തെന്നറിയാത്ത പ്രശ്നങ്ങൾ വലയം ചെയ്യുന്നു; ആശ്രയിക്കാൻ ആരും ഇല്ലാതാവുന്നു; ആശ്വാസംതേടി കൗൺസിലർമാരെയും ധ്യാനിപ്പിക്കുന്നവരെയും തേടിയലയുമെങ്കിലും ദൈവാനുഭവത്തിലേക്കു നയിക്കാൻ അവർക്കും കഴിയാതെ പോകുന്നു. ഉറ്റവരുടെ മരണം, രോഗം, പരാജയം, നിന്ദനം, സാമ്പത്തിക ക്ലേശങ്ങൾ തുടങ്ങി പല ഭൗതിക സാഹചര്യങ്ങളെയും ഈ ശിക്ഷണകാലത്തിലേക്കു നമ്മെ പ്രവേശിപ്പിക്കാൻ ദൈവം ഉപയോഗിച്ചെന്നുവരാം.

ഇതുവരെ നാം നേടിയ അറിവെല്ലാം ഇന്ദ്രിയ സഹായത്താലായിരുന്നു. പക്ഷേ, ഇപ്പോൾ ദൈവസാന്നിധ്യത്തിലേക്കു നമ്മെ എത്തിക്കാൻ അവയ്ക്കും കഴിയുന്നില്ല. ശേഷിക്കുന്നത് തീവ്രവികാരങ്ങളിൽ മങ്ങിപ്പോയ വിശ്വാസം മാത്രം. നമ്മുടെ വിശ്വാസത്തെ പൂർണതയിലെത്തിക്കാൻ കഴിവുള്ള യേശു മാത്രമാണ് ഇവിടെ നമ്മുടെ ഗുരുവും മാതൃകയും (ഹെബ്രാ 12,2). 'അവരെല്ലാവരും ദൈവത്താൽ പഠിപ്പിക്കപ്പെട്ടവരാകും എന്ന് എഴുതപ്പെട്ടിരിക്കുന്ന'തുപോലെ (യോഹ 6,45) ദൈവം നേരിട്ടു നമ്മെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന സുവർണ കാലമാണിത്. എത്ര പ്രാഗത്ഭ്യമുണ്ടെങ്കിലും മറ്റാർക്കും ഇവിടെ നമ്മെ സഹായിക്കാനാവില്ല.

# ഞാനിഷ്ടപ്പെടുന്നു

'താൻ സ്നേഹിക്കുന്നവന് കർത്താവ് ശിക്ഷണം നൽകുന്നു.' എന്ന വചന ഭാഗം തന്നെയാണ് എനിക്ക് ഹൃദയസ്പർശി യായി തോന്നിയത്. കാരണം കർത്താവിന്റെ ശിക്ഷണത്തിന്റെ മനോഹാരിത ഇന്നെനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. അതിനെ ഞാൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു.

കർത്താവിന്റെ ശിക്ഷണം ലഭിച്ചിരുന്നതിനെ ഒരു കാലത്ത് സംശയിക്കുകയും അതിനെയോർത്ത് ദുഃഖിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും നല്ലൊരു പ്രത്യാശയും ഭാവിയു മൊക്കെ എനിക്കുണ്ട് എന്നുള്ളത് വിശ്വസിക്കാൻ കർത്താവിന്റെ തിരുവചനത്തിലൂടെ എനിക്ക് കഴിഞ്ഞിരുന്നു. എന്റെ ജോലി നഷ്ടപ്പെട്ട സമയത്തും വിവാഹത്തിനുശേഷം മറ്റു പല ഉത്തരവാദിത്വങ്ങളുമായി മുന്നോട്ടു പോകുമ്പോഴും ഞങ്ങൾക്ക് ഒരു കുഞ്ഞ് ജനിക്കുന്ന സമയങ്ങളിലുമെല്ലാം പലവിധ ബുദ്ധിമുട്ടുകളിലൂടെ ഞങ്ങൾ കടന്നുപോയി. ജീസസ് യൂത്തിലുള്ള ഉത്തരവാദിത്വങ്ങളും ജോലിയുടെ കാര്യങ്ങളും സാമ്പത്തിക ബുദ്ധിമുട്ടും എല്ലാംകൂടി വല്ലാതെ ഞെരുങ്ങുന്ന സമയങ്ങളായിരുന്നു. പിന്നീട് അതെല്ലാം പല വ്യക്തികളിലൂടെ നല്ലരീതിയിൽ പരിഹരിക്കപ്പെടുന്നതും നന്മയായി മാറുന്നതും അനുഭവിച്ചറിഞ്ഞിട്ടുണ്ട്. അനുഭവ ങ്ങളെല്ലാം കർത്താവിന്റെ ശിക്ഷണമായിട്ട് ഇന്ന് കാണാൻ സാധിക്കുന്നത് ദൈവാനുഗ്രഹം തന്നെയാണ്.

*വർഗീസ് ജോസഫ്, എറണാകുളം*

# നല്ല വ്യക്തത

ഈയൊരു വിചിന്തനം വായിച്ചപ്പോൾ എനിക്കു വേണ്ടിയുള്ള ഒരു സന്ദേശമായിട്ട് തോന്നി. എന്നോട് ഈ വിചിന്തന ത്തിൻെറ ഷെയറിങ് ചോദിച്ചപ്പോൾ എനിക്ക് മനസ്സിലായത് ഇത് കർത്താവിന്റെ പ്രവൃത്തി തന്നെ ആണെന്നാണ്. കാരണം ഞാൻ ഈ ദിവസങ്ങളിൽ അന്വേഷിച്ചുകൊണ്ടിരുന്ന കുറേ ചോദ്യങ്ങൾക്കുള്ള ഉത്തരമായിരുന്നു ഈ വിചിന്തനത്തിൽ നിന്നും എനിക്ക് കിട്ടിയത്. ഈ ദിവസങ്ങളിൽ എൻെറ പ്രാർഥനയിലും കുർബാനകളിലുമൊക്കെ ആകെ ഒരു മടുപ്പ് തോന്നുന്ന രീതിയിലും നെഗറ്റീവായിട്ടുള്ള ചിന്തകൾ മനസ്സിൽ നിറഞ്ഞിരിക്കുകയുമൊക്കെ ആയിരുന്നു.

എൻെറ ബി.എഡ് പഠനത്തിന്റെ തിരക്കുകളും ജീസസ് യൂത്ത് മുന്നേറ്റത്തിലെ നേതൃത്വത്തിന്റെ ഉത്തരവാദിത്വങ്ങളും ഒക്കെ ബാലൻസ് ചെയ്തു കൊണ്ടുപോകാൻ ഞാൻ പാടുപെടുന്ന ഒരു സമയം കൂടിയായിരുന്നു. എന്റെ കോളേജിൽ ടീച്ചർ എന്നോട് ഇക്കാര്യം പറയുകയും ചെയ്തു, ഒന്നുകിൽ യൂത്ത് പരിപാടികൾ, അല്ലെങ്കിൽ പഠനം. രണ്ടുംകൂടി ബുദ്ധിമുട്ടാകും. ഞാൻ സങ്കടപ്പെടുന്ന ആ സന്ദർഭങ്ങളിൽ അതിനൊക്കെയുള്ള നല്ല വ്യക്തത ഈ വിചിന്തനം വായിച്ചപ്പോൾ എനിക്ക് ലഭിക്കുകയുണ്ടായി. സഹനങ്ങളും ബുദ്ധിമുട്ടുകളുമൊക്കെ ക്രിസ്തു എന്നിൽ രൂപപ്പെടുന്ന സന്ദർഭങ്ങൾ തന്നെയാണെന്ന് എനിക്കുറപ്പായി.

*അമല ട്രീസ ജെയിംസ്, പാലാ*

"കർത്താവേ, എത്രനാൾ അങ്ങെന്നെ മറക്കും..? എത്രനാൾ രാപകൽ ഹൃദയവ്യഥയനുഭവി ക്കണം...?" (സങ്കീ 13,1-2) എന്നു നമ്മൾ കേഴുന്നത് അവിടന്നറിയുന്നുണ്ട്. "എത്രനാൾ നീ എനിക്കു കീഴ്‌വഴങ്ങാതെ നിൽക്കും?" (പുറ 10,3). എന്നായിരിക്കും ആ സമയത്ത് ദൈവം നമ്മോട് ചോദിക്കുന്നത്.

ഉലയിലെ തീവ്രജ്വാലയിൽ വെള്ളി ശുദ്ധി ചെയ്തെടുക്കുന്നതിന് എത്രസമയം എടുക്കു മെന്ന് വെള്ളിപ്പണിക്കാരനു പറയാനാവില്ല. തന്റെ മുഖം കണ്ണാടിയിലെന്നപോലെ ശുദ്ധീ കരിച്ചെടുക്കുന്ന വെള്ളിയിൽ കാണുന്നതു വരെ അയാൾ പ്രക്രിയ തുടരുന്നു. ദിവ്യകാ രുണ്യത്തിനുമുമ്പിൽ മണിക്കൂറുകൾ ഇരു ന്നിട്ടും ദൈവസാന്നിധ്യം അനുഭവിക്കാനാ വാത്തതിൽ മദർ തെരേസ ഏറെക്കാലം സങ്കടപ്പെട്ടിരുന്നു. ദൈവം ഒരു കെട്ടുകഥയാ ണോയെന്നുപോലും സംശയിച്ച സമയങ്ങ ളുമുണ്ടായിരുന്നു. പക്ഷേ, ഇക്കാലത്തുത ന്നെയായിരുന്നു മദർ അറിയാതെ ക്രിസ്തു മദറിൽ രൂപപ്പെട്ടിരുന്നതും. മദറിൽ ലോകം ക്രിസ്തുവിന്റെ മുഖം കണ്ടു.

ദൈവത്തെകൂടാതെ നമുക്കൊന്നും ചെയ്യാ നാവില്ലെന്നു ശിക്ഷണകാലം നമ്മെ പഠിപ്പി ക്കുന്നു. നമ്മുടേതെന്നു കരുതി ഗൂഢമായി അഹങ്കരിച്ചിരുന്ന ചിന്തകൾ ദൈവത്തിന്റേതാ യിരുന്നുവെന്നും (ഫിലി 2,13); പ്രഘോഷിച്ച വാക്കുകളും പിതാവിന്റേതായിരുന്നുവെന്നും (യോഹ 14,10); നാം ചെയ്തതെന്നു വിചാരി ച്ചിരുന്ന പ്രവൃത്തികൾ യഥാർഥത്തിൽ ചെയ്തിരുന്നത് ദൈവമായിരുന്നുവെന്നും (ഏശ 26,12); ശുശ്രൂഷകൾക്കുവേണ്ടി അധ്വാനിച്ചതു നാമായിരുന്നില്ല, നമ്മിലുള്ള ദൈവകൃപയായിരുന്നുവെന്നും (1 കോറി 15,10) നാം തിരിച്ചറിയുന്നു. ഇതോടൊപ്പം, സ്വന്തം ശ്രമങ്ങൾകൊണ്ട് മാറ്റാനാവാതിരുന്ന പല ആസക്തികളും തഴക്കദോഷങ്ങളും വിട്ടുപോയതും, ദൈവാശ്രയവും സ്നേഹവും ക്ഷമയും കാരുണ്യവുമെല്ലാം വർധിച്ചുവരു ന്നതും നാം അനുഭവിച്ചു തുടങ്ങുന്നു. ഈ അവബോധത്തിൽ വിനയാന്വിതരാകുമ്പോ ഴാണ് ക്രിസ്തു നമ്മിൽ രൂപപ്പെടുന്ന കാല മായി ശിക്ഷണകാലവും രൂപാന്തരപ്പെടു ന്നത്. അതുകൊണ്ട് 'ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നതെ'ന്ന് (ഗലാ 2,20) സഹനപർവ ങ്ങളിലൂടെ (2 കോറി 11,23-27) അഹം ശുദ്ധീകരിക്കപ്പെട്ട പൗലോസ് ശ്ലീഹായെ പ്പോലെ നമുക്കും പറയാനാവുന്നു.

നാളത്തിന് പ്രകാശിക്കാനാണ് മെഴുകുതിരി. ഗുരുവിനു പ്രകാശിക്കാൻ നമ്മുടെ ആത്മാവും ശരീരവും കഴിവുകളും. അതു പരിശുദ്ധി യോടെ പുനഃസമർപ്പിക്കുന്നതിനാണ് ശാസ നയും ശിക്ഷണവും പ്രഹരവും പരിശീലനവും.



## സിനി ടോക്സ്

ശരത് വെൺപാല

**വർഷത്തിൽ രണ്ടു മാസം മാത്രം സൂര്യപ്രകാശം വീഴുന്ന മലമടക്കിലെ ഗ്രാമമാണ് ലുനാന. അവിടത്തെ ഏകാധ്യാപക വിദ്യാലയത്തിൽ പുതുതായെത്തിയ അധ്യാപകന്റെ കഥ.**




# ലുനാന: എ യാക് ഇൻ ദ് ക്ലാസ്സ്റൂം

### അലരിവൃക്ഷത്തിലെ കിന്നരം

ഭൂട്ടാനിൽ നിന്ന് ആദ്യമായ് ഓസ്കാർ നോമിനേഷൻ ലഭിച്ച ചലച്ചിത്രമാണ് ലുനാന: എ യാക് ഇൻ ദ് ക്ലാസ്സ്റൂം. വർഷത്തിൽ രണ്ടു മാസം മാത്രം സൂര്യപ്രകാശം വീഴുന്ന മലമടക്കിലെ ഗ്രാമമാണ് ലുനാന. അവിടത്തെ ഏകാധ്യാപക വിദ്യാലയത്തിലെ പുതിയ അധ്യാപകന്റെ കഥ പറയുന്ന ഈ സിനിമ കണ്ടു കഴിഞ്ഞപ്പോൾ പെട്ടെന്ന് മനസ്സിലേക്ക് പാറിവീണത് 137-ാം സങ്കീർത്തനത്തിൻറെ തുടക്കമാണ്.

"ബാബിലോൺ നദികളുടെ തീരത്തിരുന്നു സീയോനെയോർത്തു ഞങ്ങൾ കരഞ്ഞു. അവിടെയുള്ള അലരിവൃക്ഷങ്ങളിൽ ഞങ്ങളുടെ കിന്നരം തൂക്കിയിട്ടു. ഞങ്ങളെ തടവിലാക്കിയവർ അവിടെവച്ചു പാട്ടുപാടാൻ ഞങ്ങളോട് ആവശ്യപ്പെട്ടു; ഞങ്ങളുടെ മർദകർ സീയോനെക്കുറിച്ചുള്ള ഗീതങ്ങൾ ആലപിച്ച് തങ്ങളെ രസിപ്പിക്കാൻ ഞങ്ങളോടു പറഞ്ഞു. വിദേശത്തു ഞങ്ങൾ എങ്ങനെ കർത്താവിന്റെ ഗാനം ആലപിക്കും?"

പ്രവാസം എന്ന പ്രതിഭാസത്തിൻറെ കയ്പ് മുഴുവൻ ചാലിച്ച ഈ വരികളുടെ ഇടമൗനങ്ങളെ പൂരിപ്പിക്കുന്ന ചിത്രമാണ് പാവാ ചോയ്നിങ് ഡോർജി രചനയും സംവിധാനവും നിർമാണവും ചെയ്ത ലുനാന എന്ന മനോഹര ചിത്രം.

### അക്കരപ്പച്ചയുടെ തലവര

വാർഷികവരുമാനത്തിന്റെ തലവരിയേക്കാൾ സന്തോഷത്തിൻറെ ആളോഹരിയെപ്പറ്റി ലോകത്തിന് കാണിച്ചുകൊടുത്ത കുഞ്ഞു രാജ്യമാണ് ഭൂട്ടാൻ. ഹിമാലയത്തിന്റെ താഴ്വരയിലെ ഈ രാജ്യത്തിന്റെ തലസ്ഥാനമായ തിമ്പുവിൽ താമസിക്കുന്ന ഉഗ്യെൻ (ഷെറാബ് ദോർജി) എന്ന സർക്കാർ അധ്യാപകന് ട്രെയിനിങ്ങിന്റെ അഞ്ചാം വർഷത്തിൽ നിയമനം ലഭിക്കുന്നത് ലുനാന എന്ന വിദൂര ഗ്രാമത്തിലാണ്. ഓസ്ട്രേലിയായ്ക്ക് പോകാൻ വിസ കാത്തിരിക്കുന്ന ഉഗ്യെന് ആശയക്കുഴപ്പമായി. ജോലി രാജിവച്ചാലോ എന്നുപോലും ചിന്തിച്ചു. തന്റെ ബോസിനോട് അവൻ ഒഴിവുകഴിവുകൾ പറയുന്നുണ്ട്. പർവ്വതമുകളിലെ കാലാവസ്ഥ തനിക്ക് പിടിക്കില്ല എന്നു പറയുമ്പോൾ ആ ഉദ്യോഗസ്ഥയുടെ മറുപടി: Altitude അല്ല, നിന്റെ Attitude ആണ് പ്രശ്നമെന്നാണ്. അവനാകെ സ്വന്തമായുള്ള വല്യമ്മയും അവനെ പ്രേരിപ്പിക്കുന്നു, ഒരു വർഷത്തെ കാര്യമല്ലേ ട്രെയിനിങ് പൂർത്തിയാക്കൂ എന്ന്. മനസ്സില്ലാമനസ്സോടെ അവൻ യാത്രതിരിക്കുന്നു.

### മലമുകളിലെക്കുള്ള യാത്ര

മിചെൻ എന്ന ലുലാനക്കാരുനുമായ് യാത്ര ആരംഭിക്കുന്ന ഉഗ്യെന്റെ യാത്ര ക്ലേശകരമാണ്. മോഹഭംഗത്തിൻറെ ഭാരമാണ് യാത്രയെ കൂടുതൽ ദുഷ്കരമാക്കുന്നത്. പോകുന്ന വഴിയിലെ കാനനഭംഗിയോ ചോലകളുടെ ശബ്ദമോ ഒന്നും അവന് സന്തോഷമേകുന്നില്ല. ഗ്രാമമുഖത്തെ ചെറിയ ദേവസ്ഥാനത്ത് ഒന്നു വണങ്ങാൻ പോലും കൂട്ടാക്കാതെ, അവന്റെ ബാഗുകൾ വഹിക്കുന്ന കഴുതകൾക്കൊപ്പം അവൻ ഗ്രാമത്തിൽ പ്രവേശിച്ചു.

### ലുനാനയുടെ ലാവണ്യം

ലുനാനഗ്രാമം പുതിയ ലോകമായിരുന്നു ഉഗ്യെന്. സ്കൂൾ എന്ന പേരിലുള്ള ചെറിയ ഷെഡ്; താമസിക്കാൻ കട്ടിപ്പേപ്പറുകൊണ്ടു മറച്ച മറ്റൊരു ഷെഡ്; ബ്ലാക്ക് ബോർഡില്ല; വൈദ്യുതിയില്ല; അങ്ങനെ പരിമിതികൾ ഒരുപാട്. അവൻ തിരിച്ചുപോകണമെന്ന് ആവശ്യപ്പെടുന്നു. ഇത്രയും യാത്രചെയ്തു വന്ന കഴുതകൾക്ക് ക്ഷീണം മാറിയാൽ

തിരിച്ചുവിടാം എന്നുവരെ ഗ്രാമത്തലവനായ ആഷ പറഞ്ഞു. പിറ്റേദിവസം ക്ലാസ്സ് ലീഡറായ പേം സാം വന്ന് വിളിച്ചുണർത്തിയപ്പോൾ അവൻ പെട്ടെന്ന് ഒരുങ്ങി ക്ലാസ്സിലെത്തി. ഭാവിയിൽ ആരാകണം എന്ന ചോദ്യത്തിന് പല ഉത്തരങ്ങൾ കേട്ടതിൽ ഒരുത്തരം ഉഗ്യെന്റെ ചങ്കിൽത്തറച്ചു. ഒരു കുട്ടിക്ക് ഒരധ്യാപകൻ ആകണമെന്ന് പറഞ്ഞപ്പോൾ എന്തുകൊണ്ട് എന്നവൻ തിരിച്ചു ചോദിച്ചു. അവന്റെ മറുപടി ഇതായിരുന്നു: 'അധ്യാപകൻ ഭാവിയെ തൊടുന്നു.' ഈ മറുപടി ഉഗ്യെനെമാറ്റി. അവൻ മിചെനെയും കൂട്ടി കരി കലക്കി ബ്ലാക്ക്ബോർഡുണ്ടാക്കി: ഗിറ്റാർ മീട്ടി പാട്ടുകൾ പഠിപ്പിച്ചു; കണക്കും സയൻസും പഠിപ്പിച്ചു; സ്വന്തം മുറിയിൽ തണുപ്പു മറക്കാൻ വച്ച കടലാസു പോലും കുട്ടികൾക്ക് എഴുതാൻ കൊടുത്തു. അങ്ങനെ ഗ്രാമത്തിന് പ്രിയങ്കരനായി അവൻ മാറി.

## സംഗീതമെന്ന ദേവഭാഷ

ഗ്രാമത്തലവനായ ആഷയുടെ അനന്തിരവൾ സായിദോൻ എന്ന സുന്ദരിയുടെ പാട്ട് കേട്ടുണരുന്ന ഉഗ്യെൻ അവളുമായി സൗഹൃദത്തിലായി. അവളെന്തിനിങ്ങനെ എല്ലാ ദിവസവും പാട്ടുപാടുന്നു എന്ന ചോദ്യത്തിന് പ്രകൃതിക്കുള്ള അർച്ചനയായാണ് ഈപാട്ട് എന്നവൾ പറഞ്ഞു. അവൾ പാടിയ പാട്ട് ഏതോ നാടോടിയായ മനുഷ്യൻ ഉണ്ടാക്കിയതാണെന്ന് പറഞ്ഞു. ഒരു ഗായകനായ ഉഗ്യെന് ആ പാട്ട് അതുപോലെ പാടാൻ കഴിഞ്ഞില്ല.

## ക്ലാസ്സ്റൂമിലെ പർവതധേനു

തണുപ്പകറ്റാൻ തീ കത്തിക്കാനായി ചാണകത്തരി തേടിയിറങ്ങിയ ഉഗ്യെനു വേണ്ടി സായിഡോൻ ഒരു മലങ്കാളയെ കൊണ്ടുവന്നു കൊടുത്തു. കൊടുംതണുപ്പിൽ അതിനെ പുറത്തു കിടത്താനാവില്ല എന്നവൾ ശാഠ്യം പിടിച്ചു. അങ്ങനെ ആ മലങ്കാള ക്ലാസ്സ്റൂമിൽ തന്നെയായി. കുട്ടികൾ, മലങ്കാള, അധ്യാപകൻ എന്നിവ ക്ലാസ്സ്റൂമിന്റെ ഭാഗമായി.

## തിരിച്ചുപോക്ക്

മഞ്ഞുവീഴ്ചയുടെ നാളെത്തും മുൻപ് മലയിറങ്ങണമെന്ന് ആഷ ആവശ്യപ്പെടുമ്പോൾ അവൻ വിഷമത്തോടെ തിരിച്ചു പോകാൻ ഒരുങ്ങുന്നു. കുട്ടികളും ഗ്രാമം മുഴുവനും സങ്കടത്തോടെ അവനെ യാത്രയാക്കുന്നു. അവധി കഴിഞ്ഞ് അവൻ തിരിച്ചെത്തെണം



എന്ന ആവശ്യത്തോടെ. അവൻ ഓസ്ട്രേലിയായ്ക്ക് പോകാനുള്ള പ്ലാൻ ആഷയോട് പറയുമ്പോൾ അയാൾ പറയുന്നു: ലോകം മുഴുവൻ സന്തോഷത്തിന്റെ നാടെന്നു വിളിക്കുന്ന ഈ രാജ്യം വിട്ട് മറ്റൊരു രാജ്യത്തേക്ക് പോകാനൊരുങ്ങുന്നത് തനിക്ക് മനസ്സിലാവുന്നില്ല എന്ന്. തലമുറകളുടെ വിടവ് അനുഭവിക്കുന്ന രംഗമാണ് ഇത്.

ഒരു ഗ്രാമം മുഴവൻ ഒരുമിച്ചു കൂടി ഉഗ്യെനെ യാത്രയാക്കാൻ എത്തുമ്പോൾ ആഷ വെളിപ്പെടുത്തുന്നു അവൻ പഠിക്കാൻ ശ്രമിച്ച പാട്ട് എഴുതിയത് അയാളാണെന്ന്. കുട്ടികൾ ഒരു കുറിപ്പ് എഴുതി കൊടുക്കുന്നു, അവരുടെ ഏറ്റവും പ്രിയങ്കരനായ അധ്യാപകൻ അവനാണ് എന്ന ആ കുറിപ്പു വായിച്ചപ്പോൾ അവൻ കരഞ്ഞുപോയി.

പോകും വഴി സായിദോനെ തിമ്പുവിലേക്ക് അവൻ ക്ഷണിക്കുമ്പോൾ അവൾ നിരസിക്കുന്നു, അവിടത്തെ താഴ്വരയും തടാകവും വിട്ട് ഒരിടത്തേക്കുമില്ല എന്നവൾ പറയുന്നോൾ അവൻ തന്റെ ഉള്ളിലേക്കു നോക്കി ഖിന്നനാകുന്നു.

## പ്രവാസിയുടെ ഗീതം

ഓസ്ട്രേലിയായിൽ എത്തുന്ന ഉഗ്യെൻ അവിടെ ഒരുബാറിൽ ഗായകനായി ജോലി നോക്കുകയാണ്. അവനെയോ അവന്റെ പാട്ടിനെയോ ശ്രദ്ധിക്കാത്ത ആളുകൾ അവനെ അസ്വസ്ഥനാക്കുന്നു. അവൻപാട്ടു നിറുത്തി നിശ്ശബ്ദനാകുന്നു. ബാറുടമ അലറി പറയുന്നു: 'ഞാൻ നിനക്ക് ശമ്പളം തരുന്നതാണ്. നീ പാടൂ' ഒരിക്കൽ അവന്റെ സ്വപ്നമായിരുന്ന ദേശത്ത് ഗൃഹാതുരതയോടെ നിസ്സഹായനായി അവൻ പാടുന്നു. ലുനാനയിൽ വച്ച് ഗ്രാമത്തലവനായ ആഷ രചിച്ച് സായിദോൻ പഠിപ്പിച്ച ഗീതം അവൻ എല്ലാം മറന്ന് ആലപിക്കുന്നു. കേട്ടിരുന്നവർ അമ്പരപ്പോടെ ഇരിക്കവേ അവൻ പാടിക്കൊണ്ടിരുന്നു. അവന്റെ കവിളിലൂടെ കണ്ണീരൊഴുകിക്കൊണ്ടിരുന്നു.

## ഓർമപ്പെടുത്തൽ

ഈചിത്രം ഒരോർമപ്പെടുത്തലാണ്; പ്രവാസിയാകാൻ വെമ്പുന്ന യുവതക്കുള്ള ഓർമപ്പെടുത്തൽ. സ്വന്തം രാജ്യത്തെ ദാരിദ്ര്യവും തൊഴിലില്ലായ്മയും അവസരസമത്വമില്ലായ്മയും മൂലം സ്വന്തം നാട് വിട്ടുപേക്ഷിക്കേണ്ടി വരുന്നവരുടെ വിഹ്വലതകളെ നാം തൊട്ടറിയുന്നു. സ്വർഗമായിരിക്കും എന്നുറപ്പിച്ചു ചേക്കേറിയ ഇടങ്ങളിലെ വിവേചനങ്ങൾ, കണ്ണീരനുഭവങ്ങൾ, മുറിവുകൾ, പീഢനങ്ങൾ അവഹേളനങ്ങൾ ഒക്കെ സ്വന്തം നാടിനെയും അതിന്റെ നന്മകളെയും ഓർമിക്കുവാൻ ഒരുവനെ പ്രേരിപ്പിക്കുന്നു. സമ്പന്നതയുടെയും സൗകര്യങ്ങളുടെയും സ്വാതന്ത്ര്യത്തിന്റെയും ഇടയിൽപോലും ജനിച്ചനാടിന്റെ ജനിതക മുദ്രകൾ മാടി വിളിക്കുന്ന അനുഭവങ്ങൾ ഓർമപ്പെടുത്തലായി പ്രവാസിയുടെ മനോമുകരത്തിലുണ്ട്.

137-ാം സങ്കീർത്തനം പാടുംപോലെ ജറുസലെമേ, നിന്നെ ഞാൻ മറക്കുന്നെങ്കിൽ, എന്റെ വലത്തുകൈ എന്നെ മറക്കട്ടെ! നിന്നെ ഞാൻ ഓർക്കുന്നില്ലെങ്കിൽ, ജറുസലെമിനെ എന്റെ ഏറ്റവും വലിയ സന്തോഷത്തെക്കാൾ വിലമതിക്കുന്നില്ലെങ്കിൽ, എന്റെ നാവ് അണ്ണാക്കിൽ ഒട്ടിപ്പോകട്ടെ ! II


ജൂഹി എൽസ് ജോർജ്


സിന്റോ വി. വർഗീസ്




# ഫാ. യൂജെനിയോ ബർസന്തി

## Fr. Eugenio Barsanti *(12 October 1821 – 19 April 1864)*

ഇന്റേണൽ കംബഷൻ എഞ്ചിന്റെ ആദ്യ പതിപ്പ് കണ്ടുപിടിച്ച കത്തോലിക്കാ പുരോഹിതനായ എഞ്ചിനീയറാണ് ഫാ. യൂജെനിയോ ബർസന്തി. ടസ്കനിയിലെ പീട്രാസാന്തയിലാണ് ബർസന്തി ജനിച്ചത്. ഉയരം കുറഞ്ഞു മെലിഞ്ഞ ശരീരപ്രകൃതമായിരുന്നു. ടസ്കനിയിലെ ലൂക്കയ്ക്ക് സമീപമുള്ള ഒരു കത്തോലിക്കാ സ്ഥാപനത്തിലാണ് അദ്ദേഹം തന്റെ പഠനം നടത്തിയത്. 1838-ൽ ശാസ്ത്ര പഠനത്തിന് ധാരാളം പ്രോത്സാഹനം നൽകിയിരുന്ന ഫ്ളോറൻസിലെ പിയറിസ്റ്റ് ഫാദേഴ്സിന്റെ (സ്കോലോപ്പി) സമൂഹത്തിൽ അദ്ദേഹം നൊവിഷ്യേറ്റിൽ ചേർന്നു. അതിനെതുടർന്ന് 1841-ൽ വോൾട്ടെറയിൽ സ്ഥിതി ചെയ്യുന്ന സാൻ മിഷേലിലെ കൊളീജിയോയിൽ ബർസന്തി പഠിപ്പിക്കാൻ തുടങ്ങി. ഇവിടെവച്ച് ഒരു പ്രഭാഷണത്തിനിടയിൽ, ഹൈഡ്രജൻ വായുവുമായി സമ്പർക്കത്തിലാകുമ്പോൾ ഉണ്ടാകുന്ന വിസ്ഫോടനത്തെപ്പറ്റി അദ്ദേഹം കേൾക്കുവാനിടയായി. ജ്വലന വാതകങ്ങളുടെ വികാസത്തിലുണ്ടാകുന്ന ഊർജം ഒരു മോട്ടോറിൽ ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള ചിന്തയിലേക്ക് ഇത് അദ്ദേഹത്തെ നയിച്ചു. ഫ്ളോറൻസിലെ ഫെലിസ് മാറ്റൂച്ചിയുമായി ചേർന്ന് അദ്ദേഹം 1853-ൽ ആന്തരിക ജ്വലന എഞ്ചിന്റെ ആദ്യ പതിപ്പ് കണ്ടുപിടിച്ചു (internal combustion engine). അവരുടെ പേറ്റന്റ് അഭ്യർഥന അനുവദിച്ച് ലണ്ടനിലെ മോണിംഗ് ജേണൽ ജൂൺ 12,1854-ൽ 'Specification of Eugene Barsanti and Felice Matteucci, Obtaining Motive Power by the Explosion of Gasses' എന്ന തലക്കെട്ടിൽ ഈ കണ്ടുപിടിത്തത്തെക്കുറിച്ച് പ്രസിദ്ധീകരിച്ചു. തടയാനാകാത്ത പരിണാമത്തിന് വഴി തുറന്ന ഒരു കണ്ടുപിടിത്തം: ഈ എഞ്ചിൻ, സമയത്തെ 'ത്വരിതപ്പെടുത്തുകയും' ദൈനംദിന ജീവിതത്തിന്റെ എല്ലാ മേഖലകളെയും കീഴടക്കുകയും ചെയ്തു.



ഫ്ളോറൻസിലെ ഒസ്സർവേറ്റോറിയോ സിമെനിയാനോയിലെ ബർസന്തി-മാറ്റൂച്ചി ആന്തരിക ജ്വലന എഞ്ചിന്റെ മാതൃക



ടീൻസ്പിരിറ്റ്/മൈസ്റ്റോറി



ജോയിഷ് ജോർജ്, പഴങ്ങനാട്




# വലിയൊരാഗ്രഹം

കുറേ നാളുകൾക്ക് മുൻപുള്ള ഒരനുഭവമാണ്. പലവിധ തിരക്കുകൾകൊണ്ട് എറണാകുളത്ത് വാഴക്കാലയിലെ സെന്റ് ജോസഫ് പള്ളിയിൽ വൈകിട്ട് ആറുമണിക്കുള്ള കുർബാനയ്ക്ക് വൈകിയാണ് ഞാനെത്തിയത്. കുർബാനയുടെ പകുതി ഭാഗവും കഴിഞ്ഞു. കുർബാന സ്വീകരണത്തിനുള്ള സമയമായി. വൈകിയെത്തിയതുകൊണ്ട് ഇന്നു കുർബാന സ്വീകരിക്കേണ്ടെന്നു ഞാൻ വിചാരിച്ചു. പക്ഷേ, ഈശോയെ സ്വീകരിക്കണമെന്ന് ഉള്ളിൽ വലിയൊരു ആഗ്രഹവുമുണ്ടായിരുന്നു.

എന്റെയുള്ളിൽ ഒരു കുസൃതി നിറഞ്ഞ കാര്യമാണ് തോന്നിയത്. എൻെറ കൈയിലുള്ള കുർബാന പുസ്തകം തുറക്കുമ്പോൾ അതിലൊരു ഒന്ന് കാണുകയാണെങ്കിൽ ഞാൻ കുർബാന സ്വീകരിക്കും. അൾത്താരയുടെ ഇരുവശവുമുണ്ടായിരുന്ന മാതാവിന്റെയും യൗസേപ്പിതാവിന്റെയും രൂപത്തിൽ നോക്കി ഞാൻ പ്രാർഥിച്ചു. എന്നിട്ട് ഞാൻ പുസ്തകം തുറന്നു. 116, 117 പേജുകളാണ് കിട്ടിയത്. എണ്ണി നോക്കിയപ്പോൾ ആ പേജിൽ 11 പ്രാവശ്യം ഒന്ന് എഴുതിയിട്ടുണ്ടായിരുന്നു. ഞാൻ ആഗ്രഹിച്ചത് പോലെ കണ്ടതുകൊണ്ട് വലിയ സന്തോഷത്തോടെ ഞാൻ പോയി ഈശോയെ സ്വീകരിച്ചു. തിരിച്ചുവന്ന് നന്ദി പറഞ്ഞ് പ്രാർഥിച്ചതിനുശേഷം വീണ്ടും ഞാൻ ആ കുർബാന പുസ്തകത്തിലെ എല്ലാ പേജുകളും പരിശോധിച്ചു. ആ പുസ്തകത്തിൽ ഏറ്റവും കൂടുതൽ ഒന്ന് ഉള്ള പേജുകൾ ഞാൻ എടുത്ത ആ പേജായിരുന്നു.

കേൾക്കുന്നവർക്കു എന്തു തോന്നിയാലും എനിക്കെന്റെ വിശ്വാസവും ഈശോയോടുള്ള സ്നേഹവും കുറേക്കൂടി ആഴപ്പെടുത്താൻ സഹായിച്ച ഒരനുഭവമായിരുന്നു അത്. എന്റെയുള്ളിൽ ഈശോ വരാൻ ഞാൻ ആഗ്രഹിക്കുന്നതിനേക്കാൾ പതിന്മടങ്ങ് ഈശോ കൊതിക്കുന്നുണ്ട് എന്നു ഞാൻ തിരിച്ചറിഞ്ഞ ഒരു കൊച്ചനുഭവവും കൂടിയായിരുന്നു. 2003ൽ ഞാൻ ജീസസ് യൂത്തിൽ വന്നപ്പോൾ മുതൽ അനുദിനമുള്ള ദിവ്യകാരുണ്യ സ്വീകരണമാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ശക്തിസ്രോതസ്സായി നിൽക്കുന്നത്.


കോവിഡ് കാലം മാറ്റി നിറുത്തിയാൽ കഴിഞ്ഞ 19 വർഷങ്ങളിൽ കുർബാനയിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നത് വിരലിലെണ്ണാവുന്ന ദിവസങ്ങൾ മാത്രമാണ്. ഈശോയുടെ ഏറ്റവും വലിയ ആഗ്രഹം എന്റെയുള്ളിൽ വസിക്കാനാണെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങനെ അനുദിനമുള്ള ദിവ്യകാരുണ്യ സ്വീകരണം എന്റെ ജീവിതത്തിന്റെ ഭാഗമാവുകയും എപ്പോഴും എല്ലാകാര്യത്തിലും എന്നെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന് എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ II



# വാർത്താവിചാരം



സണ്ണി കോക്കാപ്പിള്ളിൽ




മതവിശ്വാസത്തെ തെറ്റായി അവതരിപ്പിക്കുന്ന പ്രവണത മലയാള സിനിമകളിൽ അടുത്ത കാലത്തായി വർധിച്ച തോതിൽ കണ്ടു വരുന്നു. ഒരു മതവിശ്വാസത്തിൽ ഇല്ലാത്ത ചില ആചാരങ്ങൾ ഉള്ളതുപോലെ സിനിമയിൽ അവതരിപ്പിക്കുമ്പോൾ അതു യാഥാർഥ്യമാണെന്ന് പലരും കരുതും. അതിനെ മതവിശ്വാസത്തിന്റെ ഭാഗമായി ചിലരെങ്കിലും വിശ്വസിക്കുകയും ചെയ്യും. പ്രസ്തുത ഭാഗങ്ങൾ മതാചാരങ്ങളെ അവഹേളിക്കുന്നുണ്ടെങ്കിൽ അഥവാ അന്ധവിശ്വാസത്തിനും ആഭിചാരങ്ങൾക്കും കാരണമാകുന്നുണ്ടെങ്കിൽ ഇത്തരം വിഷയങ്ങൾ പരിശോധിക്കേണ്ടതുണ്ട്.

ഉദാഹരണമായി സംഗീത് പി. രാജൻ സംവിധാനം നിർവഹിച്ച 'പാൽതു ജാൻവർ' എന്ന സിനിമ നോക്കുക. ഈ ചിത്രത്തിൽ ക്രൈസ്തവ പുരോഹിത വേഷം ചെയ്യുന്ന ദിലീഷ് പോത്തന്റെ കഥാപാത്രം ക്രൈസ്തവ പൗരോഹിത്യത്തെ വികലമായി അവതരിപ്പിച്ചിരിക്കുന്നു. ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗമല്ലാത്തതും അംഗീകരിക്കാത്തതുമായ ആഭിചാരക്രിയകൾ ആണ് പ്രാർഥന എന്ന രീതിയിൽ സിനിമയിൽ അവതരിപ്പിച്ചിരിക്കുന്നത്. തളർന്നു കിടക്കുന്ന പശുവിന്റെ ചെവിയും പിൻഭാഗവും കത്തികൊണ്ടു വരഞ്ഞ് രക്തം വരുത്തി പ്രാർഥിക്കുന്ന രീതിയിലാണ് സിനിമയിൽ ചിത്രീകരിച്ചിരിക്കുന്നത്.

ക്രൈസ്തവ വിശ്വാസത്തിൽ എവിടെയെങ്കിലും ഇത്തരം ദുരാചാരങ്ങളുണ്ടോ? ഇല്ലാത്ത ഒന്നിനെ ഉണ്ടെന്നു വരുത്തി വിശ്വാസത്തിന്റെ ഭാഗമെന്ന രീതിയിൽ ചിത്രീകരിക്കുമ്പോൾ അതിനെ വെറും ആവിഷ്കാര സ്വാതന്ത്ര്യമായി അംഗീകരിക്കാൻ പറ്റുമോ?

ക്രൈസ്തവ സഭയെപ്പറ്റി ഒന്നുമറിയാത്ത ഒരു വ്യക്തി സിനിമ കാണുമ്പോൾ കത്തികൊണ്ടു വരയ്ക്കുന്നതും ചോര വരുത്തുന്നതുമൊക്കെ ക്രൈസ്തവ അനുഷ്ഠാനങ്ങളിൽ ഉൾക്കൊള്ളുന്നതാണെന്ന തെറ്റായി ബോധ്യത്തിൽ പെടുന്നു.

ആവിഷ്ക്കാരസ്വാതന്ത്ര്യം എന്നു പറയുന്നത് ആരുടെ വിശ്വാസത്തിന്റെമേലും കുതിര കേറാനുള്ള ലൈസൻസ് അല്ല. മറ്റാരെയും താറടിച്ചു കാണിച്ചിട്ടല്ല അവനവന്റെ തോന്നലുകൾ പ്രകടമാക്കേണ്ടത്. മറ്റുള്ളവരുടെ വിശ്വാസത്തെ വ്രണപ്പെടുത്തുന്ന രീതിയിൽ പ്രവർത്തിച്ചിട്ട് മനഃപൂർവം ചെയ്തതൊന്നുമല്ല എന്നു പറയുന്നതിലും കാര്യമില്ല.

വൈദികരെ കോമാളി വേഷം കെട്ടിക്കുന്ന നിരവധി ചിത്രങ്ങളുണ്ട്. വൈദിക വൃത്തിയെ തരംതാഴ്ത്തി കാണിക്കാനുള്ള പ്രത്യേക അജണ്ടകൾ ഇതിന്റെ പിന്നിലുണ്ടോയെന്നും സംശയിക്കേണ്ടതുണ്ട്. സമൂഹത്തിൽ വൈദികർക്കു ലഭിച്ചുകൊണ്ടിരുന്ന ഔന്നത്യത്തെ ഇകഴ്ത്താനുള്ള നടപടികൾക്കെതിരെ പ്രതികരിക്കണം. നരബലി പോലുള്ള നിന്ദ്യവും അതിക്രൂരവുമായ പൈശാചിക കൃത്യങ്ങൾ അരങ്ങേറുന്ന ഒരു ദേശത്ത് അത്യന്തം സ്ഫോടനാത്മകമായ സാംസ്കാരികാന്തരീക്ഷമാണു നിലകൊള്ളുന്നതെന്ന് പറയേണ്ടി വരുന്നു. കൂടുതൽ ജനങ്ങളെ സ്വാധീനിക്കുന്ന മാധ്യമമെന്ന നിലയിൽ സിനിമയ്ക്കുള്ള ഉത്തരവാദിത്വത്തെ കുറച്ചു കാണാൻ പറ്റില്ല. തെറ്റായ ബോധ്യങ്ങളിലേക്കും അനാചാരങ്ങളിലേക്കും അന്ധവിശ്വാസത്തിലേക്കും ജനത്തെ അവരറിയാതെതന്നെ വീഴിക്കുന്ന വിധം കലാസൃഷ്ടികൾ നടത്തുന്നവർ സമൂഹത്തിന് ആപത്താണ് വരുത്തിവയ്ക്കുന്നത്.

# അറുതിയില്ലാത്ത സമരമുഖം

ഒരു വിഷയത്തിനുവേണ്ടി 50-ഓളം വർഷങ്ങൾ സമരം ചെയ്തിട്ടും പൂർണ ഫലപ്രാപ്തിയിലെത്തിയില്ല എന്നത് ജനാധിപത്യത്തിനു ഭൂഷണമല്ല. 1976-ലാണ് കാസർഗോഡു പ്രദേശത്ത് എൻഡോസൾഫാൻ എന്ന വിഷമഴ പെയ്യിച്ചത്. ഈ മരുന്നു നിർമിച്ച കമ്പനിയുടെ മാനദണ്ഡങ്ങൾ പോലും പാലിക്കാതെ 12000 ഏക്കർ സ്ഥലത്ത് കാൽനൂറ്റാണ്ടോളം ഹെലികോപ്റ്റർ ഉപയോഗിച്ച് മരുന്നു തളിച്ചു. എൻഡോസൾഫാൻ പ്രയോഗം 6727 പേരെ നിത്യരോഗികളാക്കി. ഇവരുടെ അഞ്ചു തലമുറവരെ രോഗത്തിന്റെ ദൂഷ്യഫലങ്ങൾ നിലനിൽക്കുമെന്നാണ് പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. രോഗബാധിതർക്ക് 5 ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കുമെന്ന് 2017-ൽ കോടതി വിധിച്ചെങ്കിലും ബഹുഭൂരിപക്ഷം പേർക്കും ഇതു ലഭിച്ചിട്ടുമില്ല. ഒരു മനുഷ്യന്റെ വിലയാണ് 5 ലക്ഷം രൂപയെന്നോർക്കണം.



Photo courtesy: B P Deepu, The New Indian Express

*എൻഡോസൾഫാൻ ഇരകൾക്ക് നീതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് പ്രശസ്ത സാമൂഹ്യ പ്രവർത്തക ദയാബായി (81) തിരുവനന്തപുരം സെക്രട്ടേറിയേറ്റിന് മുന്നിൽ നിരാഹാര സമരം നടത്തുന്നു. ആരോഗ്യമന്ത്രി വീണാ ജോർജും ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദുവും ദയാ ബായിയെ സന്ദർശിച്ചു അവർ ഉന്നയിച്ച ആവശ്യങ്ങളിൽ ഭൂരിഭാഗവും നിറവേറ്റുമെന്ന് വാഗ്ദാനം ചെയ്തതിനാൽ പതിനെട്ടു ദിവസം പിന്നിട്ടിരുന്ന സമരം ഒക്ടോബർ 19ന് അവസാനിപ്പിച്ചു.*

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന നിരവധി പേർക്ക് തുച്ഛമായ പെൻഷൻ അനുവദിച്ചുവെങ്കിലും കൃത്യമായി അതും ലഭിക്കുന്നില്ല. അവരുടെ ചികിത്സകൾ ഏറ്റെടുക്കുമെന്ന് സർക്കാർ വാക്കുകൊടുത്തെങ്കിലും അതും തഥൈവ. ഇത്തരമൊരു സാഹചര്യത്തിലാണ് ദയാഭായി ഇവർക്കു വേണ്ടി തിരുവനന്തപുരത്ത് നിരാഹാര സമരം തുടങ്ങിയത്.

ഇന്ന് കേരളത്തിൽ ഏറ്റവും ദയനീയ സ്ഥിതിയിലുള്ളവരാണ് എൻഡോസൾഫാൻ പീഡിതർ. സർക്കാരിന്റെ ഭാഗത്തു നിന്നുവന്ന പാകപ്പിഴകൊണ്ടു സംഭവിച്ചതാണ്. രോഗബാധിത കുടുംബങ്ങൾ അനുഭവിക്കുന്ന ദയനീയ ദുരിതങ്ങൾ വാക്കുകൾക്കതീതമാണ്. ഇതിനു തടസം നിൽക്കുന്ന ഉദ്യോഗസ്ഥർ ആരാണെങ്കിലും അവരെ ജോലിയിൽ നിന്നും പിരിച്ചുവിടണം. രാഷ്ട്രീയ നേതൃത്വമുണ്ടെങ്കിൽ അവരെ ഇനി ഒരു കാലത്തും തെരഞ്ഞെടുത്തയയ്ക്കരുത്. അത്രമാത്രം ദുരിതം പേറിയാണ് നൂറുകണക്കിനു കുഞ്ഞുങ്ങളും അമ്മമാരും ജീവിതം തള്ളിനീക്കുന്നത്. തിന്നാൻ ഭക്ഷണമില്ല, മരുന്നു വാങ്ങാൻ കാശില്ല, 24 മണിക്കൂറും ശ്രദ്ധ കൊടുക്കേണ്ട രോഗികളും. സ്വന്തം രോഗത്തിനു വിദേശയാത്ര ചെയ്യുന്നവർ ഈ പാവങ്ങളുടെ കണ്ണീരിന്റെ ശാപം ഏറ്റുവാങ്ങാതിരിക്കട്ടെ.

---

# സൂര്യനൃത്തത്തിന്റെ 105-ാം വാർഷികം

ശാസ്ത്രത്തിന് ഉത്തരമില്ലാത്ത ഒരു സംഭവം നടന്നിട്ട് 105 വർഷമായി. സഭാവിരുദ്ധരും നാസ്തിക ലോകവും ഇത് ചർച്ചചെയ്യുന്നില്ല. ഒരു ലക്ഷത്തോളം പേർ കണ്ട സൂര്യനൃത്തം ഇന്നും വിശദീകരിക്കാനാവാത്ത ഒന്നായി തുടരുന്നു. 1917 മേയ് മാസത്തിലാണ് പോർച്ചുഗലിലെ ഫാത്തിമയിൽ ജസീന്ത, ഫ്രാൻസിസ്, ലൂസി എന്നീ കുട്ടികൾക്ക് മാതാവ് പ്രത്യക്ഷപ്പെട്ടത്. ഇതിന്റെ പേരിൽ സഭാധികാരികളിൽ നിന്നു പോലും ഒരുപാട് പീഡനങ്ങളും ആക്ഷേപവും ഈ കുട്ടികൾ അനുഭവിക്കുകയുണ്ടായി. എങ്കിലും പ്രത്യക്ഷീകരണത്തിന്റെ അവസാന ദിനമായ ഒക്ടോബർ 13-ന് സ്വർഗത്തിൽ നിന്നും എന്തെങ്കിലും ഒരടയാളം കാണുമെന്നുള്ള പ്രത്യാശയിൽ അനേകായിരങ്ങൾ അവിടെ തടിച്ചുകൂടി. കുട്ടികളുടെ 'കള്ളം' പൊളിക്കാൻ ധാരാളം അവിശ്വാസികളും അവിടെ വന്നുചേർന്നു. പ്രാർഥിച്ചു കൊണ്ടിരുന്ന കുട്ടികൾക്കു മാതാവു പ്രത്യക്ഷപ്പെട്ടു. വരാൻ പോകുന്ന നിരവധി കാര്യങ്ങൾ പറഞ്ഞുകൊടുത്തു. പിന്നീട് മാതാവ് ആകാശത്തേക്ക് ഉയർന്നു പൊങ്ങി വലിയ മഴയുണ്ടായി. പിന്നീടാണ് സൂര്യന്റെ പ്രത്യേകതകൾ കണ്ടു തുടങ്ങിയത്. സൂര്യന്റെ ചുറ്റും പലപല നിറങ്ങൾ കാണാൻ ആരംഭിച്ചു. സൂര്യൻ താഴേക്കു വരുന്നതുപോലെ അനുഭവപ്പെട്ടു. ആളുകളെല്ലാം ഭയന്നോടി. സൂര്യൻ നൃത്തം ചെയ്യുന്നതുപോലെ കറങ്ങി. പിന്നീട് പൂർവസ്ഥിതിയിലായി. വെളിപാട് 12,1-ൽ പറയുന്നതു പോലെ സൂര്യനെ ഉടയാടയാക്കിയ സ്ത്രീ എന്ന വചനം അവിടെ സാക്ഷാത്കരിക്കുകയായിരുന്നു. അപ്പോഴേയ്ക്കും നനഞ്ഞു കുതിർന്നവർ ഉണങ്ങിയ സ്ഥിതിയിലായി. ഏതാണ്ട് ഒരു ലക്ഷത്തോളം പേർ അനുഭവിച്ച ഈ സംഭവം അന്നത്തെ മാധ്യമങ്ങൾ വാർത്തയാക്കിയിരുന്നു.










ചിത്രീകരണം: വെങ്കി

# വൃദ്ധമാലാഖ



“വല്യമ്മച്ചീ, ആ ദുഷ്ടന്മാരുടെ കാര്യം പോലീസിൽ പറഞ്ഞ് ഒരു കേസു കൊടുക്കാമായിരുന്നില്ലേ?”

പതിമൂന്നു വയസുകാരൻ ജൊഹാൻ വൃദ്ധയുടെ പ്ലാസ്റ്ററിട്ട കൈയിൽ പതിയെ തടവിക്കൊണ്ട് ചോദിച്ചു. “ഇല്ല മക്കളേ, ഒപ്പിട്ടു കൊടുത്തില്ലേൽ മുട്ടുകാലു തല്ലിയൊടിക്കുമെന്നാ പറഞ്ഞത്.”

“കൈ വളരുന്നോ, കാലു വളരുന്നോ എന്നു നോക്കി പരിചരിച്ച് വളർത്തിയ രണ്ട് മക്കളാ. അതിനൊക്കെയുള്ള അവരുടെ സമ്മാനമായിരിക്കുമിത്.”

മേരിയമ്മച്ചിയുടെ ബാങ്കിലുണ്ടായിരുന്ന പണമെല്ലാം എഴുതി മേടിക്കാൻ ആൺമക്കൾ രണ്ടുപേരും വന്നുപോയതിന് തൊട്ടുപിറകേയാണ് സൺഡേസ്കൂൾ കുട്ടികൾ ആ വൃദ്ധസദനത്തിലേക്ക് എത്തിയത്. മേരിയമ്മച്ചിയുടെ സങ്കടകഥ കുഞ്ഞുങ്ങൾ നേരിൽ കണ്ടപ്പോൾ അവരുടെ ഉള്ളിലും നൊമ്പരം നിറഞ്ഞു.



കഥ: സി. ജിയ എം.എസ്.ജെ.

തോളിൽ കിടന്ന തോർത്തുമുണ്ടുകൊണ്ട് മുഖം തുടച്ച് അവർ തുടർന്നു.

"കുഞ്ഞുനാളിൽ ഇതെന്റെ അമ്മയാ, ഇതെന്റെ അമ്മയാ എന്നുപറഞ്ഞ് ഈ അമ്മയ്ക്കുവേണ്ടി മക്കൾ രണ്ടുപേരും എന്നെ പിടിച്ചു വലിക്കുമായിരുന്നു. അങ്ങനെയൊരിക്കൽ കുഞ്ഞുങ്ങളുടെ പിടിവലിക്കിടയിൽ മുറ്റത്തു വീണ് എന്റെ ഇടത് കൈ ഒടിഞ്ഞു. അന്ന് വേണ്ടവിധം ശുശ്രൂഷയൊന്നും കിട്ടിയില്ല. കുറേക്കാലം കഴിഞ്ഞപ്പോൾ കൈയ്ക്ക് സ്വാധീനക്കുറവായി."

"ഇടത്തേ കൈയ്ക്ക് സുഖമില്ലാത്തതിന് വലതുകൈയിൽ പ്ലാസ്റ്ററിട്ടിരിക്കുന്നതെന്തിനാ അമ്മച്ചീ?" ജൊഹാന് സംശയം തീർന്നില്ല.

"അതിനും കഥയുണ്ട് മക്കളേ. എന്റെ മക്കൾ വിവാഹമെല്ലാം കഴിഞ്ഞ് കുഞ്ഞുങ്ങളുമായി സുഖമായി ജീവിക്കുകയാണിപ്പോൾ. എട്ട് ഏക്കർ വരുന്ന സ്ഥലം രണ്ടു പേർക്കുമായി വീതിച്ചു നൽകി. അത് തികയാത്തതുകൊണ്ട് അമ്മച്ചിയുടെ പേരിലുണ്ടായിരുന്ന വീടും അരയേക്കർ വരുന്ന സ്ഥലവും പിടിച്ചു പറിച്ചെടുത്തു. അമ്മച്ചിയെ മാത്രം ആർക്കും വേണ്ടായിരുന്നു."

"ഇത് നിന്റെ അമ്മയാ, ഇത് നിന്റെ അമ്മയാ എന്ന് പറഞ്ഞ് ചേട്ടനും അനിയനും അമ്മച്ചിയെ അങ്ങോട്ടുമിങ്ങോട്ടും തള്ളിയപ്പോൾ വീണുപോയി മക്കളേ. അപ്പോൾ ഒടിഞ്ഞതാ ഈ വലതുകൈ. ദൈവം സഹായിച്ച് ഈ വൃദ്ധസദനത്തിലെങ്കിലും എത്താനായല്ലോ."

മേരിയമ്മച്ചിയുടെ കണ്ണുകളിൽ നിന്ന് ധാരധാരയായി കണ്ണുനീർ ഒഴുകിയിറങ്ങി. എന്തു മറുപടി പറയണമെന്നറിയാതെ അധ്യാപകരും കുട്ടികളുമെല്ലാം സഹതാപത്തോടെ നോക്കി നിന്നു.

കുട്ടികൾ വിതരണം ചെയ്ത കേക്ക് കഴിക്കുമ്പോൾ ആ വൃദ്ധമാതാപിതാക്കളുടെ ഇടയിൽ നിന്ന് തേങ്ങലുകൾ ഉയർന്നു. കുഞ്ഞുങ്ങളെ കെട്ടിപ്പിടിച്ച് കരയുന്നവരും കൈയിൽ ഉമ്മവയ്ക്കുന്നവരും, ഇതൊന്നും കാണാനുള്ള മനോബലം പോലും നഷ്ടപ്പെട്ട് നിറഞ്ഞൊഴുകുന്ന മിഴികളെ വിദൂരതയിലേക്ക് അയച്ച് നിർനിമേഷരായി നോക്കി നിൽക്കുന്നവരും ഉണ്ടായിരുന്നു ആ കൂട്ടത്തിൽ. കുഞ്ഞുങ്ങൾ യാത്ര പറഞ്ഞിറങ്ങുമ്പോൾ പലരും വാവിട്ടു കരഞ്ഞു. കുട്ടികളും കൂടെക്കരഞ്ഞു.

ശ്വാസം ഒന്നാഞ്ഞു വലിച്ച് അവന്റെ മടിയിൽ കിടന്ന് ആ കണ്ണുകൾ അടഞ്ഞു: എന്നന്നേയ്ക്കുമായി.

അന്ന് തിരികെ വീട്ടിലെത്തിയ ജോഹാൻ പപ്പായോടും മമ്മിയോടും വിശേഷങ്ങളൊന്നും പറയാൻ നിൽക്കാതെ അടുക്കളയ്ക്കു പിന്നിലുള്ള ചായ്പിലേക്ക് ഓടി. ആ ഇരുട്ടു മുറിയുടെ വാതിൽ തള്ളിത്തുറന്ന് അകത്തുകടന്നു. ഒന്നു കാണാൻ കഴിയാത്തവിധം ഇരുട്ട്. അടുക്കളയിലേക്ക് തിരികെ ഓടി ഒരു കത്തിച്ച തിരിയുമായി ആ മുറിയിലേക്ക് പ്രവേശിക്കുമ്പോൾ ഒന്നും മനസ്സിലാവാതെ അവന്റെ പപ്പയും മമ്മിയും മാറിനിന്ന് അവനെ വീക്ഷിച്ചു കൊണ്ടിരുന്നു.

മലമൂത്ര വിസർജനത്തിന്റെയും പച്ചമാംസം ചീഞ്ഞു നാറുന്നതിന്റെയുമൊക്കെ രൂക്ഷഗന്ധം. നിലത്ത് ഒരു പായിൽ ചുരുണ്ടുകൂടി കിടക്കുന്ന ഒരു വൃദ്ധ സ്ത്രീ. രണ്ടു ദിവസം മുമ്പ് കൊടുത്ത ചോറ്, ഉണങ്ങിപ്പിടിച്ച ഒരു പാത്രം, പായുടെ ഒരറ്റത്ത് കമിഴ്ന്ന് കിടക്കുന്നു. അടുക്കളപ്പണിക്കാരിയുടെ ദാക്ഷിണ്യം കൊണ്ട് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രം കിട്ടുന്ന ചോറാണിത്. പുറംലോകം കാണാതെ ഇങ്ങനെയൊരു വല്യമ്മ ആ വീട്ടിലുണ്ടെന്നുള്ള കാര്യം നാട്ടിൽ പലർക്കും അറിയില്ല.

"വല്യമ്മച്ചീ... വല്യമ്മച്ചീ" ജോഹാൻ പലവട്ടം വിളിച്ചിട്ടും ഒരു ഞരക്കം മാത്രമായിരുന്നു മറുപടി.

"വല്യമ്മച്ചീ... എന്തെങ്കിലുമൊന്ന് സംസാരിച്ചേ" ഇത് അമ്മച്ചിയുടെ കൊച്ചുമോനാ, ജോഹാൻ. വൃദ്ധസദനത്തിൽ കണ്ട വല്യമ്മച്ചിമാരോട് അവരുടെ മക്കൾ കാണിച്ചതിലും വലിയ ക്രൂരതയാ എന്റെ പപ്പയും മമ്മിയും ഞാനും അമ്മച്ചിയോട് കാണിച്ചത്; അമ്മച്ചീ, ഞങ്ങളോട് ക്ഷമിക്കണം; ശപിക്കരുത്"


ആ വൃദ്ധയുടെ കണ്ണുകൾ പതിയെ ചിമ്മിത്തുറന്നു. പുഴുവരിക്കുന്ന വ്രണങ്ങൾ പൊട്ടിയൊലിക്കുന്നതൊന്നും വകവയ്ക്കാതെ അവൻ വല്യമ്മച്ചിയെ ഉമ്മകൾ കൊണ്ട് പൊതിഞ്ഞു. അമ്മച്ചിക്ക് എന്തൊക്കെയോ പറയാൻ ബാക്കിയുണ്ടെന്ന് വിറയ്ക്കുന്ന ചുണ്ടുകളിൽനിന്ന് മനസ്സിലാക്കാം. പക്ഷേ, ആ നാവ് ചലിപ്പിക്കാൻ അവർക്കായില്ല. അത് ചലനമറ്റിട്ട് മാസങ്ങളും വർഷങ്ങളും കഴിഞ്ഞ് കാണും.

ശ്വാസം ഒന്നാഞ്ഞു വലിച്ച് അവന്റെ മടിയിൽ കിടന്ന് ആ കണ്ണുകൾ അടഞ്ഞു: എന്നന്നേയ്ക്കുമായി.

ജോഹാൻ പൊട്ടിക്കരഞ്ഞു: "അമ്മച്ചീ... അമ്മച്ചിയൊരു മാലാഖയായിരുന്നു. എന്റെ പപ്പയെയും മമ്മിയെയും ഞാൻ പൊന്നുപോലെ നോക്കിക്കൊള്ളാം; ഞങ്ങളോട് ക്ഷമിക്കണം"

പശ്ചാത്താപത്തിന്റെ നിറകണ്ണുകളുമായി അവന്റെ പപ്പായും മമ്മിയും അവന്റെ അരികിൽ ചേർന്നിരുന്നു. ഒരു ഭ്രാന്തനെപ്പോലെ ജോഹാൻ വാവിട്ടു കരഞ്ഞുകൊണ്ടേയിരുന്നു.


സ്വർഗത്തിന്റെ പടിക്കലേക്ക് പറന്നുയരുമ്പോൾ കൊച്ചുമകന്റെ പ്രതിജ്ഞകൾ കൂടുതൽ ഉറപ്പുള്ളതാകട്ടെയെന്ന് ആ വൃദ്ധ മാലാഖ പ്രാർഥിച്ചിട്ടുണ്ടാകണം ॥



# വഴുതന മാത്തൻ



കാർട്ടൂൺ: സിനിൽ കെ.ജെ






SUB SCR IBE!


TO THE BEST CATHOLIC MAGAZINE FOR YOUTH & YONG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org +91 484 2984327 91 62382 79115 | **www.jykairosmedia.org**

RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2022-24, Date of publication: 01/11/2022, ₹50.00




Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662